പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 58 ലക്കം 8 നവംബർ 2018

## 2019-20 പദ്ധതി ആസൂത്രണം

2018 ഡിസംബർ 31-നകം

## പുതിയ വെല്ലുവിളികൾ പുതിയ സാധ്യതകൾ

## എന്റെ ഭാഷ ഞാൻ തന്നെയാണ്

# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഒക്ടോബർ 2018

## അകത്ത്

പ്രളയാനന്തര പുനർനിർമാണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കാനാവണം -മുഖ്യമന്ത്രി 5

പുതിയ വെല്ലുവിളികൾ പുതിയ സാധ്യതകൾ 8
എ.സി.മൊയ്തീൻ

കേരള സൃഷ്ടിക്കായി ജനകീയാസൂത്രണം 11
ഡോ. ജെ.ബി. രാജൻ

മാലിന്യസംസ്ക്കരണം ഒട്ടേറെ സാധ്യതകൾ 14
എബ്രഹാം തോമസ് രഞ്ജിത്ത്

ആരോഗ്യ രംഗത്ത് സമഗ്ര മാറ്റങ്ങളുമായി ആർദ്രം മിഷൻ 18
ഡോ. സി. കെ. ജഗദീശ്

മാതൃകാ മഴവെള്ള സംഭരണി 22

തൊഴിലുറപ്പ് പദ്ധതി ലേബർ ബഡ്ജറ്റ് രൂപീകരണം 23
സൂര്യ എസ്. ഗോപിനാഥ്

ക്രൗഡ് ഫണ്ടിംഗ് 32

പ്രളയം - യുവജനങ്ങൾ രചിച്ച സേവന ചരിത്രം 33
പ്രസാദ് കാവീട്ടിൽ

എന്റെ ഭാഷ ഞാൻ തന്നെയാണ് 35
ഡോ. ബിജു ബാലകൃഷ്ണൻ

ഓപ്പറേഷൻ കനോലി കനാൽ 37
കെ.വി.ബാബുരാജ്

നമുക്ക് മഷിപ്പേനയിലേക്ക് മടങ്ങാം 38
ഡോ. വട്ടവിള വിജയകുമാർ

സഞ്ജീവനി അഗ്രിതെറാപ്പി 40
ചൈതന്യ ജി.


### പംക്തികൾ


കില ന്യൂസ് 30

വാർത്തകൾ വിശേഷങ്ങൾ 34

എന്ന് വായനക്കാർ 42

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2018
പുസ്തകം 59 ലക്കം 8
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in


## എഡിറ്റോറിയൽ

# മാതൃഭാഷയെന്ന കരുത്ത്

ഭാഷ ഒരു ജനതയുടെ സംസ്കാരമാണ്. എല്ലാത്തരം സാംസ്കാരിക അഭിവൃദ്ധിയുടെയും അടിത്തറയാണ് മാതൃഭാഷ. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ മാതൃഭാഷയ്ക്ക് നിർണായക പങ്കുണ്ട്. ഐക്യകേരളപ്പിറവി മലയാളഭാഷയ്ക്ക് ഒരു പുത്തനൂർജ്ജം നല്കി. "വാനിലമ്പിളി പോലെയുണ്ടൊരു തേനലാവിന ഭാഷയും" എന്ന് മഹാകവി പാലായും "മണിനാദം പോൽ മധുരം മലനാട്ടിൻമൊഴി മലയാളം" എന്ന് മഹാകവി ഒ.എൻ.വി കുറുപ്പും രചിച്ചത് നമ്മുടെ ഈ അമ്മ മലയാളത്തെ പറ്റിയാണ്. അങ്ങനെയുള്ള നമ്മുടെ മാതൃഭാഷയെ കണ്ണിലെ കൃഷ്ണമണിയേക്കാളും കരുതലോടെ കാത്തുസൂക്ഷിക്കേണ്ട ധാർമ്മിക ഉത്തരവാദിത്തം നമുക്കേവർക്കുമുണ്ട്. മാതൃഭാഷയാണ് ഏതൊരു ജനതയുടെയും ആന്തരികശക്തി.

നവകേരള നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന കേരളജനതയെ സംബന്ധിച്ച് ഭാഷയുടെയും സംസ്കാരത്തിന്റെയും കരുത്തും ഐക്യബോധവും അനിവാര്യമായും ഊർജ്ജം പകരുന്നതാണ്. പ്രളയം ബാധിച്ച ഒരു നാട് ദുരിതങ്ങളിൽ നിന്നും കരകയറുന്നതിന് കേരളപ്പിറവിയുടെ സ്മരണകൾ പ്രചോദനമാകും.

2018-2019 സാമ്പത്തിക വർഷത്തിന്റെ അന്ത്യപാദത്തിലെത്തി നില്ക്കുകയാണ് നാം. പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ചുള്ള ബോധം നമ്മെ കർമ്മോത്സുകരാക്കേണ്ടതുണ്ട്. മുഖ്യമായും പദ്ധതിനിർവ്വഹണത്തിലുള്ള സമ്പൂർണ്ണത കൈവരിക്കാനാകണം ശ്രമങ്ങളെല്ലാം. പ്രളയശേഷമുള്ള പുനർനിർമ്മാണത്തിന് തന്നെയാണ് ഊന്നൽ നല്കേണ്ടത്. പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ശുചീകരണത്തിലും നിർണ്ണായക പങ്കുവഹിച്ച നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് കേരളം കടപ്പെട്ടിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചത്. അതുകൊണ്ടുതന്നെ കേരള പുനർനിർമ്മാണത്തിലുള്ള നമ്മുടെ ഉത്തരവാദിത്തവും ചുമതലാബോധവും വർദ്ധിച്ചിരിക്കുകയാണ്.

അതിനോടൊപ്പം 2019-20 ന്റെ പദ്ധതിയാസൂത്രണം സജീവമായി പുരോഗമിക്കുന്ന ഒരു ഘട്ടം കൂടിയാണിത്. ഇക്കാര്യത്തിലും വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട ഭൗതികവിഭവങ്ങളുടെ പുനർനിർമ്മാണത്തിനാണ് മുൻഗണന നല്കേണ്ടത്. മാത്രമല്ല, സമയബന്ധിതമായി തന്നെ – അതായത് 2018 ഡിസംബർ 31 നകം ആസൂത്രണം പൂർത്തീകരിക്കുവാൻ നമുക്ക് കഴിയണം.

ആസന്നമായ ലോക്‌സഭ തെരഞ്ഞെടുപ്പ് മുൻകൂട്ടി കണ്ട് ആ തിരക്കുകളിലേക്ക് പോകേണ്ടിവരുമെന്ന വസ്തുത മനസ്സിലാക്കി പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ എല്ലാവരും മാനസികമായും തയ്യാറാകണം. അത്തരത്തിൽ നവകേരളസൃഷ്ടിയിൽ ഓരോരുത്തരും തങ്ങളുടേതായ സർഗ്ഗാത്മക പങ്കാളിത്തം സംഭാവന ചെയ്യാൻ മുന്നോട്ടു വരുമെന്ന് പ്രത്യാശിക്കട്ടെ.

**എച്ച്. ദിനേശൻ ഐ.എ.എസ്.**

> **മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ**
> **മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ**
> **– വള്ളത്തോൾ**


ഉപദേശക സമിതി

ചെയർമാൻ
**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2018@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033



ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

'പ്രളയാനന്തര പ്രവർത്തനങ്ങളും നവകേരള സൃഷ്ടിയും' എന്ന വിഷയത്തിൽ പ്രളയ ബാധിത ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറി മാർക്കുമായി സംഘടിപ്പിച്ച ഏകദിന ശിൽപശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# പ്രളയാനന്തര പുനർനിർമാണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കാനാവണം – മുഖ്യമന്ത്രി

പ്രളയദുരന്തത്തെ നേരിട്ട ഒരുമയോടെ പുനർനിർമാണത്തെയും കാണാനാകണമെന്നും അതിനുള്ള ജനപങ്കാളിത്തം ഉറപ്പാക്കാനാകണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 'പ്രളയാനന്തര പ്രവർത്തനങ്ങളും നവകേരള സൃഷ്ടിയും' എന്ന വിഷയത്തിൽ പ്രളയ ബാധിത ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കുമായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രളയത്തിൽ കേരളത്തിനുണ്ടായ നഷ്ടം 31,000 കോടി രൂപയിലധികമാണെന്നാണ് ഐക്യരാഷ്ട്ര സഭയുടെ സംഘം കണ്ടെത്തിയിരിക്കുന്നത്. ഇതിൽ മാനദണ്ഡങ്ങളനുസരിച്ച് 4796 കോടി മാത്രമാണ് കേന്ദ്രസഹായമായി ആവശ്യപ്പെടാനാകുന്നത്. നമുക്ക് സംഭവിച്ച നഷ്ടംനികത്താൻ 26,000 കോടിയോളം രൂപ വേറെ കണ്ടെത്തേണ്ട അവസ്ഥയാണ്.

യു.എ.ഇ യിൽനിന്നുൾപ്പെടെയുള്ള 700 കോടിയുടെ സഹായവാഗ്ദാനം ലഭ്യമാക്കാൻ അനുമതി കിട്ടിയിരുന്നെങ്കിൽ അതിനുതുടർച്ചയായി ആയിരക്കണക്കിന് കോടികൾ മറ്റിടങ്ങളിൽനിന്ന് ലഭ്യമായേനെ. ആ അവസരമാണ് നഷ്ടമായത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 2000 കോടിയിൽപരം രൂപ ലഭിച്ചിട്ടുണ്ട്. ക്രൗഡ് ഫണ്ടിംഗിലൂടെ ധനസമാഹരണത്തിനും ഐഡിയാ ഹണ്ടിലൂടെ പുതിയ ആശയങ്ങൾ സമാഹരിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്.

നിലവിലുള്ള കേരളത്തെ പുനഃസൃഷ്ടിക്കുന്നതിനപ്പുറം പുതിയൊരു കേരളം നിർമ്മിക്കുകയാണ് നമ്മുടെ ലക്ഷ്യം. പ്രത്യക്ഷത്തിൽ കാണുന്ന ദുരന്തത്തിനപ്പുറം സംസ്ഥാനത്തിന്റെ ജൈവവൈവിധ്യ മേഖലയ്ക്കും വലിയ ആഘാതമുണ്ടായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാവുംവിധം വിദഗ്ധ സാങ്കേതിക സഹായം തേടും. ജീവനോപാ ധി നഷ്ടപ്പെട്ടവർക്ക് പുതിയ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വഴികളും തേടുന്നുണ്ട്. പ്രളയസമയത്ത് ജനപ്രതിനിധികൾ വഹിച്ച പങ്ക് വലുതാണ്. പ്രളയാനന്തര ദുരിതാശ്വാസപ്രവർത്തനങ്ങളിലും ശുചീകരണത്തിലും നേതൃത്വപരമായ പങ്കുവഹിച്ച നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോട് കേരളം കടപ്പെട്ടിരിക്കുന്നു. യുവജനതയും മത്സ്യത്തൊഴിലാളികളും കുടുംബശ്രീ പ്രവർത്തകരും മികവാർന്ന പ്രവർത്തനം നടത്തി.

പ്രളയാനന്തര ശുചീകരണത്തിൽ തദ്ദേശസ്ഥാപനങ്ങളും സമൂഹവും കാണിച്ച മികവ് കാരണമാണ് പകർച്ചവ്യാധികൾ തടയാനായത് എന്നത് ശ്രദ്ധേയമാണ്. ശുചീകരണത്തിൽ തദ്ദേശസ്ഥാപനങ്ങൾ ഇനിയും ജാഗ്രത തുടരണം. ജനങ്ങളുടെ ഒരുമ വാർത്തെടുക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ ശ്രദ്ധപുലർത്തണ

*പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളിൽ മികച്ച പങ്ക് വഹിച്ച പഞ്ചായത്ത് വകുപ്പിനുള്ള പുരസ്കാരം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി*

*കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനുള്ള പുരസ്കാരം പ്രസിഡന്റ് അഡ്വ. കെ.തുളസീഭായ് പത്മനാഭൻ, ജനറൽ സെക്രട്ടറി പി.വിശ്വംഭര പണിക്കർ എന്നിവർ ഏറ്റുവാങ്ങുന്നു.*

മെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

പ്രളയം പഠിപ്പിച്ച പാഠങ്ങൾ ഉൾക്കൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ തയ്യാറാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. പുനരധിവാസപ്രവർത്തനങ്ങളിൽ മികച്ച പങ്ക് വഹിച്ച തദ്ദേശസ്ഥാപന അസോസിയേഷൻ ഭാരവാഹികളെയും വകുപ്പു മേധാവികളെയും ചടങ്ങിൽ മന്ത്രി ഉപഹാരം നൽകി ആദരിച്ചു. റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ ആശംസയർപ്പിച്ച് സംസാരിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ.തുളസി ടീച്ചർ അധ്യക്ഷത വഹിച്ചു. തുടർന്ന് 'ആരോഗ്യവും നവകേരള പ്രവർത്തനങ്ങളും' എന്ന സെഷനിൽ ആരോഗ്യമന്ത്രി കെ.കെ. ശൈലജ ടീച്ചർ സംസാരിച്ചു. തുടർന്ന് നവകേരള സൃഷ്ടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെഷനിൽ ധനകാര്യമന്ത്രി ഡോ.ടി.എം.

*ജില്ലാ പ്രസിഡന്റ്സ് ചേംബറിനുള്ള പുരസ്കാരം പ്രസിഡന്റ് വി.കെ. മധു ഏറ്റുവാങ്ങുന്നു*

*ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനുള്ള പുരസ്കാരം പ്രസിഡന്റ് ആർ. സുഭാഷ് ഏറ്റുവാങ്ങുന്നു*

*മുനിസിപ്പൽ ചെയർമെൻ ചേംബറിനുള്ള പുരസ്കാരം ചെയർമാൻ വി.വി. രമേശൻ ഏറ്റുവാങ്ങുന്നു.*

എ.സി. മൊയ്തീനിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്. ഏറ്റുവാങ്ങുന്നു.

തോമസ് ഐസക് വിഷയാവതരണം നടത്തി. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ. പി. വിശ്വംഭര പണിക്കർ, ആസൂത്രണ ബോർഡ് അംഗങ്ങളായ ഡോ. കെ.എൻ. ഹരിലാൽ, ഡോ. ബി.ഇഖ്ബാൽ, നവകേരള കർമ പദ്ധതി കോ-ഓർഡിനേറ്റർ ചെറിയാൻ ഫിലിപ്പ്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ, പഞ്ചായത്ത് വകുപ്പ് ഡയറക്ടർ എച്ച്. ദിനേശൻ ഐ.എ.എസ്, ഗ്രാമ വികസന കമ്മിഷണർ എൻ.പത്മകുമാർ. ഐ.എ.എസ്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പി.ആർ. സജികുമാർ, ചീഫ് ടൗൺ പ്ലാനർ ഗിരിജ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്സ് ചേമ്പർ ചെയർമെൻ വി.കെ. മധു, മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ പ്രസിഡന്റ് വി.വി. രമേശൻ, ബ്ളോക്ക്



ധനകാര്യമന്ത്രി ഡോ.ടി.എം. തോമസ് ഐസക് ശില്പശാലയിൽ വിഷയാവതരണം നടത്തുന്നു

പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ് തുടങ്ങിയവർ സംബന്ധിച്ചു. 'നവകേരള സൃഷ്ടിയും കാർഷികമേഖലയും', 'നവകേരളസൃഷ്ടിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും' എന്നീ വിഷയങ്ങളിലും സെഷനുകൾ നടന്നു.

നഗരകാര്യ വകുപ്പിനുള്ള പുരസ്കാരം ജോയിന്റ് ഡയറക്ടർ ബി.കെ. ബാലരാജ് ഏറ്റുവാങ്ങുന്നു.

നഗര ഗ്രാമാസൂത്രണ വകുപ്പിനുള്ള പുരസ്കാരം ചീഫ് ടൗൺ പ്ലാനർ കെ.എസ്. ഗിരിജ ഏറ്റുവാങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിനുള്ള പുരസ്കാരം ചീഫ് എഞ്ചിനിയർ പി.ആർ. സജികുമാർ ഏറ്റുവാങ്ങുന്നു.

ഗ്രാമവികസന വകുപ്പിനുള്ള പുരസ്കാരം കമ്മീഷണർ എൻ. പത്മകുമാർ ഐ.എ.എസ്. ഏറ്റുവാങ്ങുന്നു.

# പുതിയ വെല്ലുവിളികൾ പുതിയ സാധ്യതകൾ

**എ.സി.മൊയ്തീൻ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം റെക്കോഡ് വേഗത്തിൽ പുരോഗമിക്കുകയാണ്. നൂറ്റാണ്ടിന്റെ പ്രളയം എന്ന വിളിക്കപ്പെടുന്ന മഹാദുരന്തത്തിന്റെ ആഘാതത്തെ അതിജീവിച്ചാണ് നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണവും വരും വർഷത്തേക്കുള്ള പദ്ധതി രൂപീകരണവും മുന്നോട്ടു പോവുന്നത്. ലോകത്തിലെ എതൊരു ജനതയും തകർന്നു പോകുമായിരുന്ന ഈ കെടുതിയെ സമചിത്തതയോടെ നേരിടാൻ കഴിഞ്ഞതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു മുന്നിൽ ഇതുയർത്തിയ വെല്ലുവിളി വലുതാണ്.

ഏപ്രിൽ മാസം തുടക്കം മുതൽ നിർവ്വഹണം നടത്തേണ്ട വാർഷിക പദ്ധതിയുടെ രൂപീകരണം പൂർത്തിയാവാൻ പിന്നെയും മാസങ്ങൾ എടുത്തിരുന്ന കാലം ഏറെ പഴയതല്ല. പദ്ധതി പ്രവർത്തനങ്ങൾ (പദ്ധതി രൂപീകരണമായാലും നിർവ്വഹണമായാലും) ഒച്ചു വേഗത്തിൽ ഇഴയുന്ന സ്ഥിതി മാറിക്കഴിഞ്ഞു. പദ്ധതിത്തുകയുടെ പകുതിയിലേറെയും അവസാനത്തെ എതാനും മാസങ്ങൾ കൊണ്ട് ചെലവഴിച്ചു തീർക്കുന്ന സ്ഥിതിക്കും മാറ്റം വന്നു. സർക്കാർ യഥാസമയം നൽകിയ യാഥാർത്ഥ്യബോധത്തോടെയുള്ള നിർദ്ദേശങ്ങളും ദൃഢചിത്തനായ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള മേൽനോട്ടവും അതിനെല്ലാമുപരി, സംസ്ഥാനത്തെ പ്രാദേശിക സർക്കാരുകളെ നിയന്ത്രിക്കുന്ന ജനപ്രതിനിധികളുടെയും തീരുമാനങ്ങൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെയും ചിട്ടയായ പ്രവർത്തനവും ആത്മാർത്ഥ പരിശ്രമവുമാണ് ഇത് സാധ്യമാക്കിയത്. പ്രളയാനന്തര വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ മറികടക്കാനും തിളക്കമാർന്ന വിജയങ്ങൾ സ്വന്തമാക്കാനും അതേ ഐക്യവും ആത്മവിശ്വാസവും നമുക്ക് കൈമുതലാവുമെന്ന് തീർച്ചയാണ്.

2019 ഡിസംബർ അവസാനത്തോടെ നിർവ്വഹണം പൂർത്തീകരിക്കാൻ പാകത്തിലാണ് 2018-19 ലെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചത്. എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ചു കൊണ്ട് അശനിപാതം പോലെ വന്ന്, എല്ലാം തകർത്തു കളഞ്ഞ പ്രളയം സംസ്ഥാനത്തിന്റെ മറ്റെല്ലാ വികസന പ്രവർത്തനങ്ങളെയും പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തെയും ബാധിച്ചു. ഈ ആഘാതവും അതിജീവിച്ച് റെക്കോർഡ് വേഗത്തിൽ നിർവ്വഹണം മുന്നോട്ടു കൊണ്ടു പോകാൻ കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് കഴിയുന്നത് അഭിമാനകരമാണ്. വരും വർഷത്തെ പദ്ധതി രൂപീകരണം പ്രതീക്ഷിക്കുന്നതിലും നേരത്തേ പൂർത്തിയാക്കാനും കൂടുതൽ കാമ്പുള്ള പദ്ധതികളുമായി നവകേരള നി ർമാണത്തിൽ നിർണ്ണാ

> പ്രളയാനന്തര വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ മറികടക്കാനും തിളക്കമാർന്ന വിജയങ്ങൾ സ്വന്തമാക്കാനും അതേ ഐക്യവും ആത്മവിശ്വാസവും നമുക്ക് കൈമുതലാവുമെന്ന് തീർച്ചയാണ്.

യക പങ്ക് വഹിക്കാനും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

കേരളത്തിലെ ജനകീയാസൂത്രണത്തെ ഇന്ത്യ മുഴുവൻ വ്യാപിപ്പിക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിക്കഴിഞ്ഞു. ജാതി പഞ്ചായത്തുകളും നാട്ടുപ്രമാണിമാരും കാര്യങ്ങൾ തീരുമാനിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് കേരളത്തിലെ പ്രാദേശിക ജനാധിപത്യ സംവിധാനത്തെ അസൂയയോടെയേ കാണാനാവൂ. പ്രധാനമന്ത്രിയടക്കമുള്ളവർ കേരളത്തിലെ ജനകീയാസൂത്രണത്തെ പ്രശംസിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിനും മുമ്പേ, പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലെ പുരോഗതി കൊണ്ട് ലോക ശ്രദ്ധ നേടിയ കേരളം, അതിനു ശേഷമുള്ള കാലയളവിൽ ആഗോളവൽക്കരണത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചത് ജനകീയാസൂത്രണം ഉയർത്തിയ സാധ്യതകളിലൂടെയാണ്. കേരള മാതൃകയെ പുച്ഛിക്കുന്ന രാഷ്ട്രീയശക്തികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലേക്കും നമ്മുടെ അഭിമാന മാതൃകയായ ജനകീയാസൂത്രണം എത്തുമ്പോൾ, കേരളത്തിലെ പ്രാദേശിക സ്വയംഭരണത്തെ മികവിൽ നിന്ന് ഇനിയും മികവിലേക്ക് നയിക്കാനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം. അതിനുള്ള അവസരമാക്കി 2019-20 ലെ പദ്ധതി ആസൂത്രണത്തെ മാറ്റാൻ നമുക്കാവണം. പ്രതിസന്ധികളിൽ തകർന്നു പോകുന്നവരല്ല, ദുരന്തങ്ങളെപ്പോലും സമചിത്തതയോടെ നേരിടുകയും സർഗാത്മകമായി മറികടക്കുകയും ചെയ്യുന്നവരാണ് മലയാളികളെന്ന് നമ്മുടെ പ്രളയകാലത്തിന്റെ അനുഭവം ലോകത്തെ ഒരിക്കൽക്കൂടി ബോധ്യപ്പെടുത്തിയിരിക്കുന്നു. പ്രളയാനന്തര പുനർനിർമാണത്തെ തുരങ്കം വയ്ക്കുന്ന ഭിന്നിപ്പിന്റെ ശക്തികളെ കൂസാതെ, പുനർനിർമാണ ദൗത്യവുമായി മുന്നോട്ടു പോകുന്ന പുരോഗമന കേരളത്തിന്റെ ഊർജസ്വലരായ പതാകാവാഹകരായി മാറാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

2019 -20 ലെ പദ്ധതി, ഗുണം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും, ഒരു പോലെ വേറിട്ടതാവണം. പ്രളയത്തിനു ശേഷമുള്ള കേരള വികസനത്തിന്റെ സമഗ്ര പരിപ്രേക്ഷ്യത്തിൽ സ്വന്തം വികസന പദ്ധതിയെ കാണാൻ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാവണം. നവകേരള വികസന ദൗത്യങ്ങളുടെ ദിശാബോധവും ആവേശവും ഒട്ടും ചോർന്നു പോകാതെ വേണം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ. ജനകീയ ആരോഗ്യ പദ്ധതിയായ ആർദ്രമാകട്ടെ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞമാവട്ടെ, ഹരിത കേരളമാവട്ടെ, സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് ആവട്ടെ, കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ നവകേരള ദൗത്യങ്ങളിൽ ഏതെടുത്താലും ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങളും കടുത്ത അവശതകൾ അനുഭവിക്കുന്ന നിരാലംബരുമാണ് അതിന്റെ ആദ്യത്തെ ഗുണഭോക്താക്കൾ.

പാവപ്പെട്ടവരുടെ അത്താണിയായ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ മികവിന്റെ പാതയിലാണ്. സ്വകാര്യ സ്കൂളുകളെ മൽസരത്തിൽ പിൻതള്ളി സർക്കാർ വിദ്യാലയങ്ങൾ ഒന്നാമതെത്തിയിരിക്കുന്നു. കേരളത്തിന്റെ ഹരിതസംസ്കൃതി തിരിച്ചു കൊണ്ടുവരാൻ ലക്ഷ്യമിടുന്ന ഹരിത കേരളം, പരിസ്ഥിതിക്കൊപ്പം, അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവനോപാധികളെ കൂടിയാണ് സംരക്ഷിക്കുന്നത്. ഇന്ത്യയിൽ നിലവിലിരിക്കുന്ന സംസ്ഥാനാവിഷ്കൃത ഭവന പദ്ധതികളിൽ ഏറ്റവും ബൃഹത്തും സമഗ്രവുമെന്ന് നിസ്സംശയം പറയാവുന്ന "ലൈഫ്" ഭവന രഹിതരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റും. പ്രളയാനന്തര പുനർനിർമാണ പ്രവർത്തനങ്ങൾ ഈ ജനകീയ വികസന ദൗത്യങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ദിശാബോധം പകരും. വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം എന്നിങ്ങനെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി, ഓരോന്നിന്റെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്താവണം ഇനിയങ്ങോട്ടുള്ള ആസൂത്രണം. ആവശ്യമായ സ്ഥലങ്ങളിൽ അതിനുള്ള "സ്പേഷ്യൽ പ്ലാൻ" ഉണ്ടാവണം.

പ്രകൃതിദുരന്തങ്ങൾ ഉണ്ടാവുന്ന സാഹചര്യത്തിൽ അതിനെ നേരിടാൻ സഹായകമായ ദുരന്തനിവാരണ പദ്ധതി ഓരോ പ്രദേശത്തിനും പ്രത്യേകം തയ്യാറാക്കണം. പ്രളയ ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും കേടുപാടുകൾ സംഭവിച്ചതോ പൂർണ്ണമായി നശിച്ചതോ ആയ പൊതു ആസ്തികൾ അറ്റകുറ്റപ്പണി ചെയ്തോ പുനർനിർമിച്ചോ പുനസ്ഥാപിക്കുന്നതിനും ആവശ്യമായ പ്രോജക്ടുകൾക്ക് പുതിയ വാർഷിക പദ്ധതിയിൽ മുൻഗണന നൽകണം.

സമഗ്രമായ ജില്ലാ പദ്ധതികൾ ഉണ്ടാവണം. അതിന്റെ വിശാല പരിപ്രേക്ഷ്യത്തിനുള്ളിൽ നിൽക്കുന്നതാവണം ത്രിതല പഞ്ചായത്തുകളുടെ പദ്ധതികൾ. സംസ്ഥാനത്തിന്റെ വികസന പദ്ധതി സമഗ്രമാക്കാൻ സഹായിക്കുന്നതാവണം പ്രാദേശിക സർക്കാരുകളുടെ പദ്ധതികൾ. അതിനു സഹായകമായ ഒരു പൊതു വികസന കാഴ്ചപ്പാട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

പ്രളയ ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും കേടുപാടുകൾ സംഭവിച്ചതോ പൂർണ്ണമായി നശിച്ചതോ ആയ പൊതു ആസ്തികൾ അറ്റകുറ്റപ്പണി ചെയ്തോ പുനർനിർമിച്ചോ പുനസ്ഥാപിക്കുന്നതിനും ആവശ്യമായ പ്രോജക്ടുകൾക്ക് പുതിയ വാർഷിക പദ്ധതിയിൽ മുൻഗണന നൽകണം.

ഉണ്ടാവണം. സമയ ക്ലിപ്തത ഏറെക്കുറെ ഉറപ്പു വരുത്താൻ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ശ്രമഫലമായി നമുക്ക് കഴിഞ്ഞിട്ടുണ്ട്. പ്രളയ ക്കെടുതിയെ അതിജീവിച്ചു പോലും പദ്ധതി പ്ര വർത്തനത്തിൽ മികച്ച പുരോഗതി കൈവരി ക്കാൻ നമുക്ക് കഴിഞ്ഞത് ഈ പശ്ചാത്തല ത്തിലാണ്.

സുതാര്യതയും കാര്യക്ഷമതയും പ്രാദേശികാ സൂത്രണത്തിന്റെ മുഖമുദ്രയാവണം. ജനങ്ങൾ ജനാധിപത്യ പ്രക്രിയയിൽ നേരിട്ട് ഭാഗഭാക്കാ വുന്ന വാർഡ്/ഗ്രാമസഭകൾ പ്രാദേശികാസൂത്രണ ത്തിന്റെ ഒരു ഘട്ടത്തിലും നോക്കുകുത്തിയാവാൻ പാടില്ല. ആസൂത്രണ സമിതികളും വർക്കിങ് ഗ്രൂപ്പുകളും വൈദഗ്ധ്യത്തിന്റെ കേന്ദ്രങ്ങളാവുക യും ശരിയായ തീരുമാനങ്ങളെടുക്കാൻ വാർഡ്/ ഗ്രാമസഭകളെയും ഭരണസമിതികളെയും സഹാ യിക്കുകയും വേണം. പ്രാദേശികാസൂത്രണ ത്തിന്റെ കണ്ണികളിൽ ഒന്നു പോലും ദുർബ്ബലമാ വരുത്. എങ്കിൽ മാത്രമേ ഒരു വ്യവസ്ഥയെന്ന നിലയിൽ അത് പഴുതടച്ച വിജയമാവൂ. ഗ്രാമസ ഭകൾക്ക് മുന്നോടിയായും അവയ്ക്ക് ശേഷവും വർ ക്കിങ് ഗ്രൂപ്പുകൾ അടക്കമുള്ള ജനകീയ പിന്തുണാ സംവിധാനങ്ങൾ കോറം തികഞ്ഞ് യോഗം ചേരുകയും വിദഗ്ധാഭിപ്രായങ്ങൾ സ്വ രൂപിക്കുകയും വേണം.

സമയക്രമം പാലിക്കുന്നതിൽ വിട്ടുവീഴ്ച പാടില്ല. ഡിസംബർ 31 നകം 2019-20 വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീ കാരത്തിന് സമർപ്പിക്കണം. എന്നാൽ, നേരത്തേ ചെയ്തതു കൊണ്ടു മാത്രം എല്ലാമായെ ന്ന് ധരിക്കരുത്. സമയ ക്ലിപ്തതയ്ക്കൊപ്പം ഉയർന്ന ഗുണനിലവാരവും പാലിക്കുന്നതാവണം 2019-20ലെ പദ്ധതി. സാങ്കേതികമായും ഉള്ളടക്കത്തി ലും മെച്ചപ്പെട്ടതായിരിക്കണം പുതിയ പ്രോജക്ടു കൾ. അത്യാവശ്യകാര്യങ്ങൾ മാത്രം ഉൾപ്പെടുത്തി, കണക്കൊപ്പിച്ച് പ്രോജക്ട് തയ്യാ റാക്കുന്ന രീതി മാറണം. ആവശ്യമായ എല്ലാ വിശദാംശങ്ങളും പ്രോജക്ടിൽ രേഖപ്പെടുത്ത ണം. മാനദണ്ഡങ്ങളും മാർഗരേഖയും സംസ്ഥാ നത്തിന്റെ പൊതു വികസന കാഴ്ചപ്പാടും കൃത്യമാ യി പാലിക്കുകയും വേണം. ഭാവനാപൂർണ്ണമായ കൂടുതൽ പദ്ധതികൾ ഉണ്ടാവണം. നൂതനങ്ങ ളായ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സഹായ കമായ നിർദേശങ്ങൾ സബ്സിഡി മാർഗരേഖ യിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രാദേശികാസൂത്രണം അഗതികൾ അടക്ക മുള്ള ദുർബലരുടെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെയും ആത്മവിശ്വാസം ഉയർത്തുന്ന താകണം. പ്രാദേശിക സാമ്പത്തിക വികസന വും സാമൂഹ്യനീതിയും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെ സമ്മേളിക്കുന്നതാവ ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന കാഴ്ചപ്പാട്. പഴുതില്ലാത്ത ഏകോപന ത്തിലൂടെ ഘടക സ്ഥാപനങ്ങളെ ഒരു കുടക്കീ ഴിൽ കൊണ്ടുവരാൻ ഭരണ സമിതികൾക്കാ വണം.

ലോക മനസ്സാക്ഷിയെ സ്പർശിച്ച മഹാദുരന്ത ത്തെ അതിജീവിക്കാൻ ശ്രമിക്കുന്ന കേരളത്തെ അകമഴിഞ്ഞ് സഹായിക്കാൻ ലോക സമൂഹം തയ്യാറായിരുന്നു. നിർഭാഗ്യവശാൽ കേന്ദ്ര സർ ക്കാരിന്റെ സമീപനം അതിന് സഹായകമായി രുന്നില്ല. ദുരിതാശ്വാസ നിധിയിലേക്കുള്ള ധന സമാഹരണത്തെ സഹായിക്കുന്നതിനായി വിദേശ രാജ്യങ്ങൾ സന്ദർശിക്കാൻ സംസ്ഥാന മന്ത്രിമാർക്ക് അനുമതി നിഷേധിച്ചതും മറക്കാ റായിട്ടില്ല. നാട് ഭിന്നതകൾ മറന്ന് ഒറ്റക്കെട്ടായി നിൽക്കേണ്ട പ്രളയകാലത്ത്, കളവുകൾ പ്രചരി പ്പിച്ച് രാഷ്ട്രീയ മുതലെടുപ്പിനു ശ്രമിച്ച ശക്തികൾ ക്ക് ജനങ്ങൾക്കിടയിൽ വേരോട്ടമുണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ, പ്രളയാനന്തര പുനർനിർ മാണത്തിന്റെ നിർണായക ഘട്ടത്തിൽ ഭിന്നി പ്പിന്റെ ശക്തികൾ വർധിത വീര്യത്തോടെ തിരിച്ചു വന്നിരിക്കുന്നു. നിക്ഷിപ്ത താൽപര്യക്കാ രുടെ ദുഷ്പ്രചരണങ്ങളിൽ വീണുപോകാതെ, ശമ്പള വിഹിതമായും അല്ലാതെയും മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകാൻ തയ്യാറായി ലക്ഷങ്ങൾ മുന്നോട്ടു വന്നത് ദോഷൈകദൃക്കുകളുടെ കണ്ണ് തള്ളിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കണ്ട അതേ ഐക്യവും സേവനമനസ്ഥിതിയുമാണ് ദുരിതാശ്വാസ ധനസമാഹരണത്തിലും കേരളം പ്രകടിപ്പിച്ചത്. നമ്മുടെ നവോത്ഥാന, പുരാഗമന പാരമ്പര്യത്തെ ഇത് മുന്നോട്ടു കൊണ്ടു പോകുമെ ന്ന ചിന്ത ഒരു വിഭാഗത്തെ വിറളി പിടിപ്പിച്ചു. വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കാനും നാടിന്റെ പുനർനിർമാണ ദൗത്യത്തെ അട്ടിമറിക്കാനും ഇത്തരക്കാർ നടത്തുന്ന ശ്രമങ്ങളെ ഒറ്റക്കെട്ടായി അതിജീവിക്കാൻ നമുക്കാവണം. കേരളത്തിന്റെ മതനിരപേക്ഷ ജനാധിപത്യ പാരമ്പര്യവും ജനകീയ വികസന കാഴ്ചപ്പാടും കണ്ണിലെ കൃഷ്ണ മണി പോലെ കാത്തു സൂക്ഷിക്കാൻ തദ്ദേശ സ്വ യംഭരണ സമിതികൾക്കും അവർ നയിക്കുന്ന ജനകീയ പിന്തുണാ സംവിധാനങ്ങൾക്കും കഴിയണം. 2018-19 പദ്ധതിയുടെ നിർവ്വഹണ വും 2019-20 ലേക്കുള്ള പദ്ധതി രൂപീകരണവും ഈ ഐക്യത്തിന്റെയും കാര്യശേഷിയുടെയും സാക്ഷ്യപത്രമാവണം.

സമയ ക്ലിപ്തതയ്ക്കൊപ്പം ഉയർന്ന ഗുണനില വാരവും പാലിക്കുന്നതാ വണം 2019-20ലെ പദ്ധതി. സാങ്കേതികമായും ഉള്ളടക്കത്തിലും മെച്ചപ്പെ ട്ടതായിരിക്കണം പുതിയ പ്രോജക്ടുകൾ. അത്യാവ ശ്യകാര്യങ്ങൾ മാത്രം ഉൾപ്പെടുത്തി, കണക്കൊ പ്പിച്ച് പ്രോജക്ട് തയ്യാറാ ക്കുന്ന രീതി മാറണം.

# കേരള സൃഷ്ടിക്കായി ജനകീയാസൂത്രണം

ഡോ. ജെ.ബി. രാജൻ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (23.10.2018 ലെ (സ.ഉ.(സാധാ) നം. 2710/2018/ത.സ്വ.ഭ.വ.) പ്രസ്തുത മാർഗ്ഗരേഖ കേരളത്തിന്റെ പുനഃസൃഷ്ടിക്കാണ് മുഖ്യ ഊന്നൽ നല്കുന്നത്. 2018 ഓഗസ്റ്റിൽ കേരളത്തിലുണ്ടായ സമാനതകളില്ലാത്ത പ്രകൃതിദുരന്തം മൂലം പ്രകൃതി വിഭവങ്ങൾക്കും ഭൗതിക ആസ്തികൾക്കും ജീവനോപാധികൾക്കും ജീവനും ഉണ്ടായ നികത്താനാകാത്ത ആഘാതത്തിന്റെ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ പുനസൃഷ്ടിക്ക് മാർഗ്ഗരേഖ ഊന്നൽ നല്കുന്നത്. ആഘാതം മൂലമുള്ള നഷ്ടങ്ങൾ നികത്താനുള്ള കർമ്മപരിപാടികൾക്കൊപ്പം ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള മുൻകരുതൽ പദ്ധതികളും ആവിഷ്കരിക്കേണ്ടതുണ്ടെന്ന് മാർഗ്ഗരേഖ വിഭാവനം ചെയ്യുന്നു.

നിലവിലുള്ള മാർഗ്ഗരേഖകൾ (29.01.2018 ലെ സ.ഉ.(എം.എസ്) നം. 11/2018/തസ്വഭവ; 02.02.2018 ലെ സ.ഉ.(എം.എസ്) നം. 17/2018/തസ്വഭവ) പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണ നടപടികൾ അനുവർത്തിക്കേണ്ടത്. എന്നാൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളുടെയും ആഘാതത്തിൽ ഇവയ്ക്ക് വേണ്ടി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് 2018 സെപ്റ്റംബർ 28 ന് മുമ്പ് രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു (19.09.2018 ലെ സ.ഉ.(സാധാ) നം. 2462/തസ്വഭവ). അതിൻപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനപ്രസിഡന്റ് (നഗരസഭകളിൽ ചെയർപേഴ്സൺ/മേയർ) അദ്ധ്യക്ഷനായും സെക്രട്ടറി കൺവീനറായും 'ജൈവ വൈവിധ്യ മാനേജ്മെന്റ് കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചുകൊണ്ട് കേരള സൃഷ്ടിക്കായി കർമ്മപരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇത്തരുണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു.

(1) പ്രളയാനന്തര കേരളത്തിന്റെ നവസൃഷ്ടിക്കായി നിർണ്ണായക പങ്ക് വഹിക്കാനാവുന്ന വർക്കിംഗ് ഗ്രൂപ്പാണ് 'ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവാസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം'. ഈ വർക്കിംഗ് ഗ്രൂപ്പിന് പ്രസ്തുത വിഷയമേഖലകളിലെ പദ്ധതി ആസൂത്രണത്തോടൊപ്പം ഇതര മേഖലാ വർക്കിംഗ് ഗ്രൂപ്പുകൾക്കുള്ള അനുയോജ്യമായ നിർദ്ദേശങ്ങൾ നല്കുവാനും കഴിയണം. അതിനാൽ ജൈവ വൈവിധ്യം, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി, ദുരന്തനിവാരണം എന്നീ വിഷയങ്ങളിൽ അറിവും വൈദഗ്ധ്യവും ഉള്ളവരെ കണ്ടെത്തി പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

(i) പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ 23.10.2018 ലെ ഉത്തരവിൽ പ്രതിപാദിക്കു ന്നുണ്ട്. അവ ബോക്സ് 1 ൽ കൊടുത്തിരിക്കുന്നത് കാണുക.

(ii) ബോക്സ് 1 ൽ കൊടുത്തിരിക്കുന്ന ചുമതല

ബോക്സ് -1

## ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം വർക്കിംഗ് ഗ്രൂപ്പ് – ചുമതലകൾ

### ജൈവ വൈവിധ്യ മാനേജ്മെന്റ്

- ജൈവ വൈവിധ്യ രജിസ്റ്റർ സമകാലികമായി തയ്യാറാക്കുന്നതിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ സഹായിക്കുക
- ജൈവ വൈവിധ്യ പരിപാലനത്തിനുള്ള തദ്ദേശഭരണ സ്ഥാപനതല പദ്ധതി തയ്യാറാക്കുന്നതിന് നേതൃത്വം നല്കുക
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ഇടങ്ങൾ, സാമൂഹ്യ സംഘടനകളുടെ സ്ഥലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുക
- അധിനിവേശ സസ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക

### പരിസ്ഥിതി സംരക്ഷണം

- അധിനിവേശ സസ്യങ്ങൾ, മറ്റ് ജീവജാലങ്ങൾ എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുക
- ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിന്/ ലഘൂകരിക്കുന്നതിന് ദേശീയ, സംസ്ഥാന സർക്കാരുകൾ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ ചുവടു പിടിച്ച് പ്രാദേശിക കർമ്മപദ്ധതിക്ക് രൂപം നൽകുക
- പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ഉപയോഗം കുറയ്ക്കുന്നതിനും ബദൽ സംവിധാനങ്ങൾ സ്വീകരിക്കുന്നതിനും സഹായകമാകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുക
- ക്ലൈമറ്റ് റെസിലിയന്റ് കേരള എന്ന ലക്ഷ്യം നേടാനുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക

### കാലാവസ്ഥാ വ്യതിയാനം

- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക
- കാർബൺ ന്യൂട്രൽ തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക
- പരിസ്ഥിതി ആഘാതം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക

### ദുരന്ത നിവാരണം

- ദുരന്ത നിവാരണ പ്രവർത്തവനങ്ങൾക്ക് തടസ്സമായേക്കാവുന്ന നിർമ്മിതികൾ പരമാവധി കുറയ്ക്കുന്നതിന് സഹായകരമാകുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക
- ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്ക് മുഖ്യ പരിഗണന നല്കിക്കൊണ്ട് ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക
- ദുരന്ത നിവാരണ വകുപ്പ് നിർദ്ദേശിച്ച തരത്തിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ഗ്രൂപ്പ് രൂപീകരിക്കുക.

കൾ ദീർഘകാലാടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി ആവിഷ്കരിക്കേണ്ടതാണ്. ഇതിന് തുടക്കമെന്ന നിലയിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച അവസ്ഥാ വിശകലന റിപ്പോർട്ട് ശാസ്ത്രീയമായ രീതിയിൽ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇത് സംബന്ധിച്ച പരിശീലനം ഇതിനോടകം പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന് 'കില' നല്കിക്കഴിഞ്ഞു. കൂടാതെ അതിലേക്കുവേണ്ടിയുള്ള അക്കാദമിക/സാങ്കേതിക പിന്തുണയും 'കില' നല്കിവരുന്നുണ്ട്. അതിനാൽ:

(iii) ആദ്യഘട്ടമെന്ന നിലയിൽ കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മപദ്ധതി(Local Action Plan on Climate Change - LAPCC) തയ്യാറാക്കുന്നതിന് മുൻതൂക്കം നല്കാം. (ബോക്സ് 2 ൽ LAPCC യുടെ ഘടന കൊടുത്തിരിക്കുന്നത് കാണുക). ഇത് തയ്യാറാക്കുന്നതിന് നാട്ടറിവുള്ളവരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച (FGD), ദ്രുതഗ്രാമ വിശകലന ഉപാധികൾ എന്നിവ അനുവർത്തിക്കാവുന്നതാണ്. കൂടാതെ ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ ദ്വിതീയ വിവരങ്ങളും ഉപയോഗിക്കാം.

(iv) പ്രസ്തുത കർമ്മപദ്ധതി സ്റ്റേക്ഹോൾഡർ ചർച്ചയും ഗ്രാമസഭാ ചർച്ചയും വിധേയമാക്കുക. കൂടാതെ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് വ്യാപകമായ വിജ്ഞാന വ്യാപന പരിപാടികളും സംഘടിപ്പിക്കാം.

(v) മേൽ സൂചിപ്പിച്ച കർമ്മപദ്ധതിയുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ നൂതനമായ പ്രോജക്റ്റുകൾക്ക് ധാരണയാകാം. കാർബൺരഹിത പഞ്ചായത്തിനുള്ള കർമ്മ പദ്ധതി, താപനിയന്ത്രണ കർമ്മ പദ്ധതി, ദുരന്തനിവാരണ കർമ്മപദ്ധതി, എനർജി എഫിഷ്യന്റ് ടെക്നോളജി അടിസ്ഥിത കർമ്മപദ്ധതി, കുറവു കാർബണിലൂടെയുള്ള വികസന പാതയുള്ള കർമ്മ പദ്ധതി തുടങ്ങി നൂതന പദ്ധതികൾ തദ്ദേശസ്ഥാപനങ്ങൾക്ക് ആലോചിക്കാവുന്നതാണ്.

(2) മഹാപ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുപോലെ പ്രളയത്തിൽ നശിച്ചതോ കേടുപാടുകൾ പറ്റിയതോ ആയ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾക്കും പുനർ നിർമ്മാ ണത്തിനും

ഉള്ള പ്രോജക്ടുകൾക്കും ഉയർന്ന പരിഗണന നല്കണം.

(3) ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച ജി ല്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം 2019-20 ലെ വാർഷിക പദ്ധതി തയ്യാറാക്കേണ്ടത്.

(4) പ്രാദേശിക പ്രത്യേകതകൾക്ക് അനുസൃതമായി ക്രിയാത്മകമായ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ആസൂത്രണ മാർഗ്ഗരേഖ വിഘാതമാണെന്ന വിമർശനം പരിഹരിക്കുന്നതിന് നൂതന പ്രോജക്ടുകൾ ഏറ്റെടുക്കുവാനുള്ള അവസരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ നല്കിയിട്ടുണ്ട്. നൂതനമായ ആശയം, നൂതന സാങ്കേതികവിദ്യ, നൂതനമായ പ്രക്രിയ എന്നിവയൊക്കെയാകാം നൂതന പ്രോജക്ടിന്റെ സവിശേഷതകൾ. വ്യത്യസ്ത സ്റ്റേക് ഹോൾഡർ ചർച്ചകളിലൂടെ നൂതന പ്രോജക്ട് ആശയങ്ങൾ സ്വരൂപിക്കാവുന്നതാണ്.

2018 ആഗസ്റ്റിലെ പ്രളയസമയത്തും പ്രളയാനന്തരവും മാതൃകാപരമായ ഇടപെടൽ നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേരള പുനഃസൃഷ്ടിയിലും മാതൃകയാകാൻ കഴിയും.

☐

ബോക്സ്-2

### കാലാവസ്ഥാ വ്യതിയാനം പ്രാദേശിക കർമ്മ പദ്ധതി – ഘടന

1. ആമുഖം – ഭൂപ്രകൃതി, ചരിത്രം, ജനസംഖ്യ, സമ്പദ്ഘടന, വിഭവങ്ങൾ, സ്ഥാപന സംവിധാനങ്ങൾ എന്നിവ
2. കാലാവസ്ഥാ ഘടകങ്ങൾ - മാറ്റങ്ങളും അനന്തര ഫലങ്ങളും
   – താപനില, ആർദ്രത, കാറ്റിന്റെ ഗതി, മഴലഭ്യത എന്നിവയിൽ കഴിഞ്ഞ 30 വർഷം ഉണ്ടായ മാറ്റങ്ങൾ
   –വരൾച്ച, വെള്ളപ്പൊക്കം, കാട്ടുതീ, മണ്ണിടിച്ചിൽ, കടൽകയറ്റം തുടങ്ങിയവ കഴിഞ്ഞ 30 വർഷങ്ങളിൽ
3. കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ
   - ജലാശയങ്ങൾ, നദികൾ, കുളങ്ങൾ, കണ്ടൽക്കാടുകൾ, മലകൾ/കുന്നുകൾ, വനം, കടൽത്തീരം/തീരക്കടൽ എന്നിവയിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാ തങ്ങൾ
4. കാലാവസ്ഥാ വ്യതിയാനം ജൈവവൈവിധ്യത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ
   - മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധ സസ്യങ്ങൾ, പുല്ല്, ജലജന്തുക്കൾ, മൃഗങ്ങൾ, പക്ഷികൾ, കീടങ്ങൾ എന്നിവയിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ
5. കാലാവസ്ഥാ വ്യതിയാനം ജനജീവിതത്തിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ
   - കൃഷി, മൃഗപരിപാലനം, ക്ഷീരവികസനം, മത്സ്യബന്ധനം, ജലസേചനം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, തുടങ്ങിയ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ
6. പ്രകൃതിദുരന്തം അനുഭവ പാഠങ്ങളും പ്രത്യാഘാതങ്ങളും
   - പ്രകൃതിദുരന്ത ആഘാതങ്ങൾ സംബന്ധിച്ച മുൻ അനുഭവം, ഇപ്പോഴത്തെ അവസ്ഥ, ഭാവി ദുരന്ത സാധ്യതകൾ
7. പ്രാദേശിക ഇടപെടൽ സാധ്യതകൾ
   - ആശയങ്ങൾ മുന്നോട്ട് വയ്ക്കാം.

**വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള സമയക്രമം**

| ക്രമ നം. | പ്രവർത്തനം | പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|
| 1. | ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കൽ | ഒക്ടോബർ 25 |
| 2. | ജില്ലാ പദ്ധതി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഡി.പി.സി തലത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കൽ | ഒക്ടോബർ 25 |
| 3. | കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കൽ | ഒക്ടോബർ 31 |
| 4. | ഗ്രാമ/വാർഡുസഭായോഗങ്ങൾക്ക് മുമ്പുള്ള കൂടിയാലോചനകൾ | നവംബർ 05 |
| 5. | ഗ്രാമ/വാർഡുസഭായോഗങ്ങൾ | നവംബർ 20 |
| 6. | സംയുക്തപ്രോജക്ടുകൾക്ക് അന്തിമരൂപം നൽകാൻ ജില്ലാ ആസൂത്രണ സമിതി വിളിച്ചുചേർക്കുന്ന യോഗം | നവംബർ 25 |
| 7. | വികസന സെമിനാർ | ഡിസംബർ 01 |
| 8. | വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകൽ | ഡിസംബർ 05 |
| 9. | പ്രോജക്ടുകൾ തയ്യാറാക്കൽ | ഡിസംബർ 15 |
| 10. | വാർഷിക പദ്ധതി സമർപ്പണം | ഡിസംബർ 17 |
| 11. | ജില്ലാ ആസൂത്രണ സമിതി അംഗീകാരം: | ഡിസംബർ 31 |
| 12. | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി ഗ്രാമ/വാർഡ് സഭയുടെ അംഗീകാരത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറൽ | 2019 ജനുവരി 20 |
| 13. | അംഗീകരിച്ച വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കൽ | 2019 മാർച്ച് 15 |

*(ലേഖകൻ കിലയിൽ അസോസിയേറ്റ് പ്രൊഫസറാണ്)*

# മാലിന്യസംസ്ക്കരണം ഒട്ടേറെ സാധ്യതകൾ

**എബ്രഹാം തോമസ് രഞ്ജിത്ത്**

ആസൂത്രണമികവും ക്രിയാത്മക ഇടപെടലും നടത്തുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് കണ്ടെത്താൻ ഒട്ടേറെ സാധ്യതകൾ

ശുചിത്വവും മാലിന്യസംസ്കരണവും ഏതൊരു തദ്ദേശസ്ഥാപനത്തിനും വലിയ വെല്ലുവിളി തീർക്കുന്ന വിഷയങ്ങൾ തന്നെയാണ്. എന്നാൽ ആസൂത്രണ മികവ് ഉള്ള ഒരു തദ്ദേശസ്ഥാപനത്തിന് ഈ വെല്ലുവിളിയെ മറികടക്കുന്നതിന് അനുകൂലമായ സാഹചര്യം ഇന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷം വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിനായി തദ്ദേശസ്ഥാപനങ്ങൾ പിന്തുടരേണ്ട ഒരു പ്രവർത്തന മാർഗ്ഗരേഖ സർക്കാർ ഉത്തരവായി തന്നെ ലഭ്യമാക്കുകയുണ്ടായി. ഇതുപ്രകാരം തദ്ദേശസ്ഥാപനങ്ങൾ ശുചിത്വവും മാലിന്യ പരിപാലനവും ഉറപ്പാക്കുന്നതിന് ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾ സംബന്ധിച്ചും ഇതിലേക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നത് സംബന്ധിച്ചും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതുപ്രകാരം പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിന്റെ 10 ശതമാനവും നഗരസഭകളും കോർപ്പറേഷനുകളും 15 ശതമാനവും ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന സാഹചര്യമുണ്ട്.

കൂടാതെ സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി ഫണ്ട് ലഭ്യമാകുന്നു. ഇത് പ്രകാരം സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ആളൊന്നിന് പ്രതിശീർഷകം 686 രൂപയിൽ അധികരിക്കാത്ത വിധത്തിൽ നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പദ്ധതിക്കുള്ള ഡി.പി.ആർ തയ്യാറാക്കി സംസ്ഥാനതല ഉന്നതാധികാര സമിതിയുടെ അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് സാധിക്കും. വീടുകളിലും സ്ഥാപനങ്ങളിലും സാമൂഹിക തലത്തിലും ജൈവമാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ, ബെയിലിംഗ്, ഷ്രഡ്ഡിംഗ് സംവിധാനങ്ങളോടു കൂടിയ റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനും നഗരസഭകൾക്ക് സാധിക്കും. ഇതേ ഘടകങ്ങൾ എല്ലാം തന്നെ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമം) പദ്ധതിയുടെ ഭാഗമായി ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കിയിട്ടുള്ള 20 ലക്ഷം രൂപ വിനിയോഗിച്ച് ഗ്രാമപ്രദേശങ്ങളിലും നടപ്പിൽ വരുത്തുന്നതിന് സാധിക്കും. ഇതിന് പുറമേ സംസ്ഥാനാവിഷ്കൃത ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എം.സി.എഫുകൾ, ആർ.ആർ.എഫുകൾ, ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ, കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ ഉപാധികളായ തുമ്പൂർമൂഴി, കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ശുചിത്വ മിഷൻ ഫണ്ട് വിനിയോഗിച്ച് സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ കേടുപാടുകൾ തീർക്കുന്നതിനും സാധിക്കും.

ഗ്രാമപഞ്ചായത്തുകളിൽ കമ്മ്യൂണിറ്റിതല ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 2018-19 ലെ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം പരമാവധി ശുചിത്വമിഷൻ സഹായം 75 ശതമാനമാ

യിരുന്നു. അത് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണെന്നും (പദ്ധതി കാലയളവിൽ പരമാവധി 20 ലക്ഷം) വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഖര-ദ്രവ മാലിന്യ പരിപാലന ഘടകം ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്കുള്ള കേന്ദ്ര വിഹിതമായതിനാൽ പ്രസ്തുത ഫണ്ട് 100% പരമാവധി 20 ലക്ഷം രൂപ വരെ ഗ്രാമപഞ്ചായത്തുകളിലെ സ്ഥാപനതല/കമ്മ്യൂണിറ്റി തല പ്രോജക്ടുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ വകയിരുത്തി വിനിയോഗിക്കുന്നതിനു സർക്കാർ ഉത്തരവായിട്ടുണ്ട്. (05. 08. 2018 തീയതിയിലെ സ. ഉ (സാധാ) നം 2159/2018/ തസ്വഭവ) ഗാർഹികതല സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ ഫണ്ട് വിനിയോഗിച്ച് 2018-19 ലെ സബ്സിഡി മാനദണ്ഡപ്രകാരം പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ഈ സാഹചര്യത്തിൽ പൊതു ഇടങ്ങളിലേക്കും പൊതുസ്ഥാപനങ്ങളിലേക്കുമുള്ള ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശ സ്ഥാപന വിഹിതം ചേർക്കാതെ 100% എസ്. ബി. എം ഗ്രാമീൺ ഫണ്ട് ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ കഴിയും. ഇതോടെ പൊതുമേഖലയിലെ ഓഫീസ് സമുച്ചയങ്ങൾ, മറ്റ് പൊതു മേഖലാ സ്ഥാപനങ്ങൾ, സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിലേക്ക് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോബിക് ബിൻ (തുമ്പൂർമുഴി) കമ്പോസ്റ്റ് സംവിധാനങ്ങൾ, തദ്ദേശസ്ഥാപനങ്ങളുടെ മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് മുഴുവൻ തുകയും കേന്ദ്രവിഹിതത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സാധിക്കും.

## ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് പ്രോജക്ടുകൾ

മാലിന്യ സംസ്കരണ മേഖലയിൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനോടൊപ്പം തന്നെ നിലവിലുള്ള പ്ലാന്റുകളുടെ ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസ് കൃത്യമായി ചെയ്തില്ലെങ്കിൽ അവ ഭാവിയിൽ പ്രവർത്തനക്ഷമമല്ലാതാകുകയും സർക്കാർ ധനം പ്രയോജനരഹിതമായി തീരുകയും ചെയ്യും. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയിൽ മാലിന്യസംസ്കരണ മേഖലയ്ക്ക് നിർബന്ധമായി വകയിരുത്തിയിട്ടുള്ള തുക പുതിയ മാലിന്യസംസ്കരണ പ്ലാന്റുകൾക്ക് ഉപയോഗി

ക്കുന്നതോടൊപ്പം, നിലവിലുള്ള പ്ലാന്റുകളുടെ ഓപ്പറേഷൻസ് ആന്റ് മെയിന്റനൻസിനു കൂടിയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കും. (03.08.2018 ലെ സ.ഉ. (സാധാ) നം. 2139/2018/തസ്വഭവ നമ്പർ ഉത്തരവ്.)

## സ്ഥാപനതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ

സർക്കാർ/എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ആശുപത്രികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. മതിയായ സാമ്പത്തിക സ്രോതസ് ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത പൊതുസ്ഥാപനങ്ങൾക്ക് ശാസ്ത്രീയ മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുന്നതിന് 100% ശുചിത്വ മിഷൻ വിഹിതം വകയിരുത്തി തദ്ദേശ സ്ഥാപനങ്ങൾക്ക് അത്തരം പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. 03.08.2018 ലെ സ.ഉ. (സാധാ) നം.2142/2018/ത.സ്വ.ഭ.വ ഉത്തരവ്.

ചുരുക്കി പറഞ്ഞാൽ കേരളത്തിലെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അവരുടെ പരിധിയിലെ സർക്കാർ സ്ഥാപനങ്ങൾക്കും സാമൂഹിക തലത്തിലും ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധി (കമ്പോസ്റ്റിംഗ്/ ബയോഗ്യാസ്) നല്കുന്നതിന് ശുചിത്വ മിഷനിലൂടെ ലഭ്യമാവുന്ന സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്,

ഗ്രാമപഞ്ചായത്തുകൾക്ക് തദ്ദേശസ്ഥാപന വിഹിതം ചേർക്കാതെ 100% എസ്. ബി. എം ഗ്രാമീൺ ഫണ്ട് ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

# തെരുവ്നായ നിയന്ത്രണം - ഗ്രാമപഞ്ചായത്തുകൾ കർശന നടപടി സ്വീകരിക്കണം

തെരുവ്നായ നിയന്ത്രണത്തിന് ഗ്രാമപഞ്ചായത്തുകൾ കർശന നടപടി സ്വീകരിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. തെരുവുനായ വന്ധ്യംകരണത്തിനുള്ള നടപടി തദ്ദേശസ്ഥാപനങ്ങൾ ഉടൻ ആരംഭിക്കണം. ഇതിനായി കുടുംബശ്രീയുടെ എ. ബി. സി മൈക്രോ യൂണിറ്റുകളെ അടിയന്തരമായി ചുമതലപ്പെടുത്തണം. വളർത്തു നായ്ക്കളുടെയും തെരുവ് നായ്ക്കളുടെയും എണ്ണം രേഖപ്പെടുത്തുന്നതിന് ഇത്തരം യൂണിറ്റുകളെ ഉപയോഗിക്കണം. എ. ബി. സി പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഇതിനുള്ള തുക ചെലവഴി ക്കണം.

പഞ്ചായത്തുകളിൽ തെരുവ് നായ്ക്കളുടെ ശല്യം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ വാർഡ് അംഗങ്ങളുടെ സഹായത്തോടെ കണ്ടെത്തി എ. ബി. സി പ്രോഗ്രാം യൂണിറ്റുകൾക്ക് നൽകണം. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ ഉപസമിതി രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശസ്ഥാപനങ്ങൾ ഉടൻ രൂപീകരിക്കണം. ഉപസമിതി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ മരിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് രൂപീകരിച്ച റിട്ട. ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിക്കു മുന്നിലെത്തുന്ന പരാതികളിൽ യഥാവിധി സത്യവാങ്മൂലം സമർപ്പിക്കണം. ഗ്രാമപഞ്ചായത്തുകളുടെ വീഴ്ച കാരണം അനർഹർക്ക് നഷ്ടപരിഹാരം ലഭിക്കുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കും. എല്ലാ മാസവും മൂന്നിനകം നടപടികളുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(പഞ്ചായത്ത് ഡയറക്ടറുടെ 2018 ഒക്ടോബർ 10ലെ സി 8-23282/15 നംപർ സർക്കുലർ)

ശുചിത്വ കേരളം ഫണ്ട് എന്നിവയും കൂടാതെ ആവശ്യമുണ്ടെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ മാലിന്യസംസ്കരണ മേഖലയ്ക്കായി നിർബന്ധമായും വകയിരുത്തേണ്ട പ്ലാൻ ഫണ്ട് വിഹിതം എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിൽ ശുചിത്വമിഷന്റെ ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ആദ്യം പദ്ധതി സമർപ്പിക്കുന്ന തദ്ദേശസ്ഥാപനങ്ങൾക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ.

### ആശുപത്രികളിൽ പ്ലാന്റുകൾ സ്ഥാപിക്കാൻ ധനസഹായം

സബ്സിഡി നിബന്ധന പ്രകാരം സ്ഥാപനതലത്തിൽ ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നിന് പരമാവധി ശുചിത്വമിഷൻ ധനസഹായം 50 ശതമാനമായി നിജപ്പെടുത്തിയിരുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയ ആശുപത്രികളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ മൂലധനം ഉയർന്നതിനാലും സർക്കാർ ധനസഹായത്തിനും ഉപരിയായി വരുന്ന തുക തങ്ങളുടെ മാലിന്യ സംസ്കരണത്തിനുള്ള നിർബന്ധിത വകയിരുത്തലിൽ നിന്നും കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്തതിനാലും ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആശുപത്രികളിൽ ദ്രവ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ മുഖേന 100% വരെ സർക്കാർ ധനസഹായം വകയിരുത്തുന്നതിന് സാധിക്കുന്നതാണ്. (03.08.2018 തീയതിയിലെ സ.ഉ സാധാ നം. 2141/2018/തസ്വഭവ നമ്പർ ഉത്തരവ്.)

### സർക്കാർ ഓഫീസുകളിൽ ഗ്രീൻപ്രോട്ടോകോൾ

സർക്കാർ ഓഫീസുകളിലെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയുമുള്ള എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ

## ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കൂ, മാലിന്യം ഉണ്ടാകുന്നത് കുറയ്ക്കൂ.

**പേപ്പറിലും പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളുടേയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കിയും മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പരമാവധി കുറച്ചും ജൈവമാലിന്യം വളമാക്കി മാറ്റിയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിച്ചും വീടുകളേയും സ്ഥാപനങ്ങളേയും പൊതുസ്ഥലങ്ങളേയും ജലാശയങ്ങളേയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദപോംവഴിയാണ് ഗ്രീൻ പ്രോട്ടോകോൾ**

### എങ്ങനെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാം

### ശീലമാക്കേണ്ടത്

| | |
|---|---|
| സ്റ്റീൽ/ചില്ല് പ്ലേറ്റുകൾ, കപ്പുകൾ | ✓ |
| തുണി സഞ്ചി | ✓ |
| മഷി പേന | ✓ |
| തുണി ബാനർ | ✓ |
| പ്രകൃതി സൗഹൃദ അലങ്കാരങ്ങൾ | ✓ |
| സ്റ്റീൽ/ചില്ല് വാട്ടർ ബോട്ടിലുകൾ | ✓ |
| തുണി തൂവാല | ✓ |
| സ്റ്റീൽ ഗ്ലാസ്സുകൾ സ്പൂണുകൾ | ✓ |
| മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കൽ | ✓ |
| കംമ്പോസ്റ്റിങ്ങ് | ✓ |
| പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രചരണം | ✓ |
| ഉപഹാരങ്ങൾക്ക് വിത്തുകളും/തൈകളും നല്കുന്ന മാതൃക പിന്തുടരൽ | ✓ |
| ആഹാരങ്ങൾ പാഴ്സലായി വാങ്ങുന്നതിനു തട്ട് പാത്രങ്ങൾ | ✓ |

### ഒഴിവാക്കേണ്ടത്

| | |
|---|---|
| ഡിസ്പോസബിൾ കപ്പുകൾ, പ്ളേറ്റ്കൾ, സ്ട്രോ, ഗ്ളാസ്കൾ, സ്പൂണുകൾ | ✗ |
| പ്ളാസ്റ്റിക് ബോട്ടിലുകൾ ടിഫിൻ ബോക്സുകൾ സഞ്ചികൾ | ✗ |
| ഫ്ളക്സ് ബാനറുകൾ | ✗ |
| പ്ളാസ്റ്റിക് ബൊക്കെകൾ അലങ്കാരങ്ങൾ | ✗ |
| പ്ളാസ്റ്റിക് പേനകൾ | ✗ |
| ടിഷ്യു പേപ്പർ, പേപ്പർ മേശവിരിപ്പ് | ✗ |
| മാലിന്യങ്ങൾ കൂട്ടിക്കലർത്തി വേസ്റ്റ് ബിന്നിൽ നിക്ഷേപിക്കുന്നത് | ✗ |
| മാലിന്യങ്ങൾ വലിച്ചെറിയുന്നതും, കത്തിക്കുന്നതും | ✗ |
| പ്ലാസ്റ്റിക് കവറുകളിൽ ആഹാരം പാഴ്സൽ വാങ്ങുന്നത് | ✗ |

## "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം"

**പുനഃചംക്രമണം ചെയ്യുവാൻ കഴിയാത്ത ഏതൊരു വസ്തുവിന്റെയും ഉപയോഗം ഒഴിവാക്കുക**

കഴിയുന്നതും പുനചംക്രമണത്തിന വിധേയമാക്കവാൻ കഴിയുന്നതുമായ വസ്തക്കൾ ഉപയോഗിച്ച് ഗ്രീൻപ്രോട്ടോകോൾ ബാധകമാക്കി സർക്കാർ ഉത്തരവ് (സ. ഉ (സാധാ) നം 5784/ 2018/ തീയതി 04.09.2018) പുറപ്പെട്ടവിച്ച. സർക്കാർ സംഘടിപ്പിക്കന്ന പൊതുപരിപാടികൾ, മന്ത്രിമാർ, എം. പിമാർ, എം. എൽ. എമാർ എന്നിവർ പങ്കെടുക്കന്ന പൊതുപരിപാടികൾ, സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവ ഗ്രീൻ പ്രോട്ടോകോൾ പാലിച്ചകൊണ്ട് നടപ്പിലാക്കന്നത് മാലിന്യത്തിന്റെ തോത് കുറയ്ക്കുന്നതിനം ജനങ്ങളിൽ ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനം സഹായകമാകും എന്നതിനാലാണ് ഉത്തരവ്.

ഉത്തരവ് പ്രകാരം പരിപാടികളിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം, പ്ലാസ്റ്റിക് ഡിസ്പോസിബിൾ വസ്തക്കളിലുള്ള ആഹാരപാനീയ വിതരണം, ഫ്ളക്സ്, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവയും കർശനമായി ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തക്കൾ മാത്രം ഉപയോഗിച്ച് നടത്തണം. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, വകുപ്പ് ഡയറക്ടറേറ്റുകൾ/കമ്മീഷണറേറ്റുകൾ, ജില്ലാ കളക്ടറേറ്റുകൾ തുടങ്ങിയവ ഗ്രീൻപ്രോട്ടോകോൾ ബാധകമാക്കി മുമ്പേ തന്നെ ഉത്തരവുണ്ട്. (സ. ഉ. (സാധാ) നം. 3214/2017/തസ്വഭ തീയതി 05. 10. 2017) □

**പരിപാടികളിൽ പ്ലാസ്റ്റിക് കുപ്പിവെള്ളം, പ്ലാസ്റ്റിക് ഡിസ്പോസിബിൾ വസ്തക്കളിലുള്ള ആഹാര പാനീയ വിതരണം, ഫ്ളക്സ്, പ്ലാസ്റ്റിക്കിലും തെർമോക്കോളിലുമുള്ള അലങ്കാരങ്ങൾ തുടങ്ങിയവയും കർശനമായി ഒഴിവാക്കി.**

*(ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ആഫീസറാണ്)*

# ആരോഗ്യ രംഗത്ത് സമഗ്ര മാറ്റങ്ങളുമായി ആർദ്രം മിഷൻ

**ഡോ. സി. കെ. ജഗദീശ്**

ആരോഗ്യരംഗത്ത് ഒരുപാട് നേട്ടങ്ങളുണ്ടാക്കകയും അവ നിലനിർത്തിപ്പോരുകയും ചെയ്യുന്നതോടൊപ്പം ഈ രംഗത്ത് സംസ്ഥാനം ഇന്ന് ഒരുപാട് വെല്ലുവിളികളും നേരിട്ടുവരികയാണ്. 'ചട്ടപ്പടി' പ്രവർത്തന പരിപാടികളിലൂടെ ഈയൊരവസ്ഥയ്ക്ക് പരിഹാരമാകില്ലെന്ന തിരിച്ചറിവിലാണ് നവകേരള കർമ്മപരിപാടിയുടെ ഭാഗമായി ആർദ്രം മിഷൻ നടപ്പിലാക്കിവരുന്നത്.

ആദ്യവർഷത്തെ പ്രവർത്തനപരിപാടികളിലൂടെ ഈ മേഖലയിൽ വലിയൊരു മാറ്റത്തിന് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള മാറ്റവും ഗവൺമെന്റ് ആശുപത്രികളിലെ ആധുനികവത്കരണവും അടിസ്ഥാനസൗകര്യവികസനവുമൊക്കെ ജനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിച്ച പശ്ചാത്തലത്തിലാണ് വിപുലമായ പ്രവർത്തനപരിപാടികളുമായി ആരോഗ്യവകുപ്പ് മുന്നോട്ട് പോകുന്നത്. ഇതിനിടയ്ക്ക് തന്നെ വലിയ വെല്ലുവിളികളുയർത്തിക്കൊണ്ട് സംസ്ഥാനത്ത് 'നിപ' പൊട്ടിപ്പുറപ്പെട്ടതും വെള്ളപ്പൊക്കദുരിതമുണ്ടായതും. സമയബന്ധിതവും ശാസ്ത്രീയവുമായി 'നിപ' നിയന്ത്രണപ്രവർത്തനങ്ങളും വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളും അതേതുടർന്നുള്ള പകർച്ചവ്യാധി നിയന്ത്രണവും വഴി അഖിലേന്ത്യാതലത്തിലും ആഗോള തലത്തിലും പ്രശംസയും അംഗീകാരവും പിടിച്ചുപറ്റാനും നമുക്ക് കഴിഞ്ഞു. ഈ പ്രവർത്തനങ്ങളൊക്കെ വലിയ തോതിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടെയുമാണ് നടന്നുവരുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉൾപ്പെടുത്തിയുള്ള ആർദ്രം മിഷന്റെ സംഘപരിശീലനങ്ങളും പ്ലാനിങ്ങും പഞ്ചായത്തുതല ആരോഗ്യ അവലോകന റിപ്പോർട്ട് തയ്യാറാക്കലുമൊക്കെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഒരു രണ്ടാംഘട്ട ശാക്തീകരണമായി മാറി കഴിഞ്ഞു.

ഈ പ്രവർത്തനങ്ങളൊക്കെ വലിയ തോതിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടെയുമാണ് നടന്നുവരുന്നത്.

## നേട്ടങ്ങളും വെല്ലുവിളികളും

ഏറ്റവും കുറഞ്ഞ ശിശുമരണ നിരക്ക് (കേരളം-10, ഇന്ത്യ-34), മാതൃമരണ നിരക്ക് (കേരളം-46, ഇന്ത്യ -130), ഏറ്റവും ഉയർന്ന ആയുർദൈർഘ്യം (കേരളം, സ്ത്രീ -78.2, പുരുഷൻ -72.2, ഇന്ത്യ സ്ത്രീ -70, പുരുഷൻ - 66.9), ഏറ്റവും മെച്ചപ്പെട്ട സ്ത്രീ പുരുഷ അനുപാതം (കേരളം 1084 ഇന്ത്യ 943) എന്നിങ്ങനെ കഴിഞ്ഞ 3-4 പതിറ്റാണ്ടുകളായി ആരോഗ്യരംഗത്തെ കണക്കുകളിൽ മുൻനിരയിൽത്തന്നെയാണ് നമ്മുടെ സംസ്ഥാനം. സൂചകങ്ങളോടൊപ്പം പ്രവർത്തന പരിപാടികളും വിലയിരുത്തിക്കൊണ്ടുള്ള നീതി ആയോഗിന്റെ റാങ്കിങ്ങിലും ഈയിടെ ആസ്സാമിലെ കാസിരംഗയിൽ നടന്ന ആരോഗ്യ ഉച്ചകോടിയിലുമൊക്കെ നാം ഇക്കാര്യങ്ങൾക്ക് സമ്മാനിതരുമായി.

എന്നാൽ 70 കളുടെ അവസാനത്തോടെ ഇത്തരം നേട്ടങ്ങൾക്കൊപ്പം 'കുറഞ്ഞ ചെലവിൽ ആരോഗ്യം' എന്ന സൂചകത്തിനുകൂടി അർഹരായിരുന്ന കേരളം; ഇന്നിപ്പോൾ രാജ്യത്ത് ഏറ്റവും ഉയർന്ന ചികിത്സാചെലവുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, ക്യാൻസറുകൾ തുടങ്ങിയ പകർച്ചേതര വ്യാധികളുടെ വ്യാപനം രോഗാതുരതയുടെ വലിയ തോതിലുള്ള വർദ്ധനവിന് ഇടയാക്കുകയും ചെയ്തു. ജീവിത രീതികളിലും ആഹാരശീലങ്ങളിലും വന്ന മാറ്റങ്ങളും ഉപഭോക്തൃസംസ്ക്കാരവും പാരിസ്ഥിതിക ഘടകങ്ങളും ഈയൊരു മാറ്റത്തിന് കാരണമായിട്ടുണ്ട്. ആയുർദൈർഘ്യം വർദ്ധിച്ചതുമൂലം മദ്ധ്യവയസ്കരുടെയും വയോജനങ്ങളുടെയും തോത് സ്വാഭാവികമായി വർദ്ധിച്ചതും ഇത്തരം രോഗങ്ങളുള്ളവരുടെ എണ്ണം കൂടാനിടയാക്കിയിട്ടുണ്ട്. ഇതോടൊപ്പം വലിയ തോതിലുള്ള മാനസിക ആരോഗ്യപ്രശ്നങ്ങൾ, വാഹനാപകടമരണങ്ങൾ തുടങ്ങിയവയുമൊക്കെ നമ്മുടെ ആരോഗ്യരംഗത്തെ പ്രശ്നങ്ങളുടെ സങ്കീർണ്ണത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായി പ്രധാന ആരോഗ്യപ്രശ്നമായിരുന്ന പകർച്ചവ്യാധിരോഗങ്ങളിൽ ജലജന്യ രോഗങ്ങളായ വയറിളക്കം, ടൈഫോയ്ഡ് തുടങ്ങിയവയിൽ കുറവു വന്നെങ്കിലും കൊതുക് ജന്യരോഗങ്ങളായ ഡെങ്കി, ജന്തു ജന്യരോഗമായ എലിപ്പനി, പുതുരോഗങ്ങളായ എച്ച്1എൻ1 തുടങ്ങിയവയും മഴക്കാലങ്ങളിൽ സംസ്ഥാനത്ത് വെല്ലുവിളിയായി മാറാറുമുണ്ട്. അടുത്തിടെയായി കാലാവസ്ഥാ വ്യതിയാനങ്ങളും പാരിസ്ഥിതിക സമതുലതയുടെ താളം തെറ്റലുകളും മാലിന്യസംസ്ക്കരണ പ്രശ്നങ്ങളും ഇവയ്ക്ക് ഏറെ അനുകൂലമായ സാഹചര്യമൊരുക്കുന്നുണ്ട്.

സാമൂഹിക - സാമ്പത്തിക - പാരിസ്ഥിതിക രംഗങ്ങളിൽ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ മാത്രമെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളെ കാണാനും വിലയിരുത്താനും കഴിയുകയുള്ളൂ. ഒരു പുതിയ കേരള നിർമ്മിതിക്കായുള്ള നവകേരള കർമ്മപരിപാടിയുടെ എല്ലാ ഘടകങ്ങളും ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ടുന്നവയും ആരോഗ്യമുള്ള ഒരു കേരളം കെട്ടിപ്പടുക്കുന്നതിൽ ഏറെ പങ്കുവഹിക്കാൻ കഴിയുന്നവയുമാണ്. ചിട്ടയായ രീതിയിലുള്ള മാലിന്യസംസ്ക്കരണ പ്രവർത്തനങ്ങളും ജലസംരക്ഷണവും ജൈവ കൃഷി പ്രോത്സാഹനവുമടങ്ങുന്ന ഹരിതകേരളം മിഷന്റെ എല്ലാ ഘടകങ്ങളും പകർച്ചവ്യാധി - ജീവിത ശൈലീരോഗനിയന്ത്രണത്തിൽ നേരിട്ട് പങ്കുവഹിക്കുന്ന ഘടകങ്ങളാണ്. വൃത്തിയും വെടിപ്പും നല്ല ആരോഗ്യസംസ്ക്കാരവുമുള്ള ഒരു വീടില്ലാതെ ആരോഗ്യമുണ്ടാകില്ല. "ലൈഫ് മിഷൻ" വിജയപ്രദമാകുന്നതിലൂടെ മാത്രമേ, താഴെക്കിടയിലുള്ള വീടില്ലാത്തവർക്ക് ആരോഗ്യജീവിതത്തിന് അനുകൂലമായൊരു സാഹചര്യമൊരുങ്ങുകയുള്ളൂ. കേരളത്തിന്റെ ആരോഗ്യ നേട്ടങ്ങളിൽ പൊതുവിദ്യാഭ്യാസത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെയും പങ്ക് ലോകവ്യാപകമായി ഏറെ ചർച്ച ചെയ്തിട്ടുള്ള വിഷയമാണല്ലോ. സ്വകാര്യവത്ക്കരണത്തിന്റെയും സ്വാശ്രയ ഊരാക്കുടുക്കിന്റെയും സങ്കീർണ്ണതകളിൽ നിന്നും മുക്തമാകാനുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും ആ അർത്ഥത്തിൽ ആരോഗ്യകേരളത്തിലേക്കുള്ള നിർണ്ണായകമായ ചവിട്ടുപടിയാണ്.

## ആർദ്രം മിഷന്റെ ഘടകങ്ങളും പ്രസക്തിയും

നമ്മുടെ ഗവൺമെന്റ് ആശുപത്രികളെയും മറ്റ് ആരോഗ്യസംവിധാനങ്ങളെയും ആധുനികവത്ക്കരിക്കുന്നതിനും കാലോചിതവും കേരളജനതയുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കാനുമാവുന്ന രീതിയിൽ മാറ്റിത്തീർക്കാനുമാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്. അതോടൊപ്പം ആശുപത്രികളെയും ആരോഗ്യസംവിധാനങ്ങളെയും രോഗീസൗഹൃദവും ജനസൗഹൃദവുമാക്കി മാറ്റേണ്ടതുമുണ്ട്.

> നമ്മുടെ ഗവൺമെന്റ് ആശുപത്രികളെയും മറ്റ് ആരോഗ്യസംവിധാനങ്ങളെയും ആധുനികവത്ക്കരിക്കുന്നതിനും കാലോചിതവും കേരളജനതയുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കാനുമാവുന്ന രീതിയിൽ മാറ്റിത്തീർക്കാനുമാണ് ആർദ്രം മിഷൻ ലക്ഷ്യമിടുന്നത്.

## ആർദ്രം മിഷന്റെ ലക്ഷ്യങ്ങൾ

1) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സമഗ്രപ്രാഥമിക ആരോഗ്യ സംരക്ഷണം സാധ്യമാകുന്ന രീതിയിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുക
2) ജില്ല, താലൂക്ക് ആശുപത്രികളെ സൂപ്പർ

ഒരു കുടുംബത്തിലെ എല്ലാപേരുടെയും (കുട്ടികളും മുതിർന്നവരും ഗർഭിണികളും രോഗമുള്ളവരും ഇല്ലാത്തവരും പ്രായമായവരും എല്ലാം അടങ്ങുന്ന) പ്രാഥമിക ആരോഗ്യപരിചരണം ലഭ്യമാക്കുന്ന രീതിയിൽ, പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങളെ മാറ്റിത്തീർക്കാനാണ് കുടുംബാരോഗ്യ കേന്ദ്ര പരിപാടി ലക്ഷ്യമിടുന്നത്.

സ്പെഷ്യാലിറ്റി / സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ സൗകര്യങ്ങൾ വിപുലപ്പെടുത്തുക.

3) മെഡിക്കൽ കോളേജുകൾ അടക്കമുള്ള ഗവൺമെന്റ് ആശുപത്രികളുടെ ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കുക.
4) എല്ലാ വിഭാഗം ആരോഗ്യസ്ഥാപനങ്ങളിലും ചികിത്സ, മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലാക്കുക.

## സമഗ്രപ്രാഥമിക ആരോഗ്യപരിചരണവും കുടുംബാരോഗ്യകേന്ദ്രങ്ങളും

ഏതൊരു രാജ്യത്തെയും ആരോഗ്യരക്ഷാ സംവിധാനങ്ങളുടെ നെടുംതൂണായി കാണുന്നത് പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങളും അതിനായുള്ള കേന്ദ്രങ്ങളുമാണ്. പ്രൈമറി ഹെൽത്ത് സെന്ററുകളും ഉപകേന്ദ്രങ്ങളും ഫീൽഡുതല ആരോഗ്യ പ്രവർത്തകരും അനുബന്ധ സ്ഥാപനങ്ങളെന്ന് പറയാവുന്ന അംഗൻവാടികളും സന്നദ്ധ ആരോഗ്യപ്രവർത്തകരും (ആശ) അടങ്ങുന്ന വിപുലമായൊരു സംവിധാനമാണ് ഇതിനായി നമുക്കുള്ളത്. മറ്റു പല സംസ്ഥാനങ്ങളെക്കാളും മെച്ചപ്പെട്ട പ്രാഥമിക ആരോഗ്യശൃംഖലയും നമുക്കുണ്ട്. എന്നാൽ ദേശീയ പാറ്റേണിലും ദേശീയ ആരോഗ്യ പരിപാടികളുടെ ചട്ടക്കൂടിലും വളർന്നുവന്ന, ഈ സംവിധാനങ്ങളുടെ വലിയൊരു പരിമിതി വർത്തമാനകാല കേരള സമൂഹം അഭിമുഖീകരിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെ നേരിടാനാവുന്ന രീതിയിൽ ഇവയെ മാറ്റിത്തീർക്കാൻ നമുക്ക് കഴിഞ്ഞില്ല എന്നതാണ്. കൂടാതെ ആരോഗ്യമെന്നാൽ രോഗചികിത്സ എന്നതിലേക്കും ഡോക്ടർ - രോഗി - പരിശോധനകൾ - മരുന്ന് എന്നീ സൂത്രവാക്യങ്ങളിലേക്കും ഇടക്കാലത്ത് ഒതുങ്ങിപ്പോയതുകൊണ്ട് ആരോഗ്യവർദ്ധക പ്രവർത്തനം (Health Promotion), രോഗപ്രതിരോധം, പുനരധിവാസം, സാന്ത്വന ചികിത്സ തുടങ്ങിയവയ്ക്ക് വേണ്ടത്ര ശ്രദ്ധ കിട്ടാതെ പോവുകയും ചെയ്തു. ഇതിൽ സാന്ത്വന ചികിത്സയുടെ കാര്യത്തിൽ സാമൂഹിക ആരോഗ്യപ്രവർത്തകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മുൻകൈയിൽ ലോകത്തിന് തന്നെ മാതൃകയായുള്ള പുതുവഴി വെട്ടാനും നമുക്ക് കഴിയുകയുണ്ടായി.

ഒരു കുടുംബത്തിലെ എല്ലാപേരുടെയും (കുട്ടികളും മുതിർന്നവരും ഗർഭിണികളും രോഗമുള്ളവരും ഇല്ലാത്തവരും പ്രായമായവരും എല്ലാം അടങ്ങുന്ന) പ്രാഥമിക ആരോഗ്യപരിചരണം ലഭ്യമാക്കുന്ന രീതിയിൽ, പ്രാഥമിക ആരോഗ്യ പരിചരണ സംവിധാനങ്ങളെ മാറ്റിത്തീർക്കാനാണ് കുടുംബാരോഗ്യ കേന്ദ്ര പരിപാടി ലക്ഷ്യമിടുന്നത്. ആരോഗ്യ വർദ്ധക പ്രവർത്തനങ്ങളും രോഗം തടയാനും വരാതെ നോക്കാനും രോഗപ്രതിരോധത്തിനും ചികിത്സാ-റീഹാബിലിറ്റേഷൻ-സാന്ത്വന പരിചരണത്തിനുമെല്ലാമുള്ള ഘടകങ്ങളും ഉൾചേർന്നതാണ് നമ്മുടെ പ്രവർത്തനപരിപാടി. ഓരോ വ്യക്തിക്കും ഓരോ കുടുംബത്തിനും ഒരുക്കൂട്ടം വീടുകൾക്കും ഓരോ വാർഡിനും പഞ്ചായത്തിനും നഗരസഭയ്ക്കുമെല്ലാം ഇത്തരത്തിൽ രൂപം കൊള്ളുന്ന ബൃഹത്തായ ആരോഗ്യ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. പരിസര ശുചീകരണം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളും കൊതുക് നിയന്ത്രണം, വ്യായാമപ്രോൽസാഹനം, ശരിയായ ആഹാരശീലം, രോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കൽ തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും വ്യക്തികളുടെ തലത്തിലും കുടുംബതലത്തിലും സ്ഥാപനതലങ്ങളിലും സാമൂഹികതലങ്ങളിലും ഉണ്ടാക്കിക്കൊണ്ടും പ്രവർത്തന സജ്ജമാക്കിക്കൊണ്ടും മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

കൂടുതൽ ഡോക്ടർമാരെയും നേഴ്സുമാരെയും ഫാർമസിസ്റ്റുകളെയും ലാബ് ടെക്നീഷ്യനെയും ലബോറട്ടറി സൗകര്യങ്ങളും സജ്ജമാക്കി വൈകിട്ട് 6 മണി വരെ പ്രവർത്തിക്കുന്ന കുടുംബാരോഗ്യകേന്ദ്രങ്ങളെ ജനങ്ങൾ ഏറ്റെടുത്ത രീതിയിലുള്ള പ്രതികരണമാണ് ആദ്യവർഷം തന്നെ കാണാൻ കഴിഞ്ഞത്. വൃത്തിയും വെടിപ്പുമുള്ള മെച്ചപ്പെട്ട ഇരിപ്പിടസൗകര്യങ്ങളും രജിസ്ട്രേഷൻ സംവിധാനങ്ങളും കുടിവെള്ളം - ടോയ്‌ലറ്റ് സൗകര്യങ്ങളും നേഴ്സുമാരുടെ പ്രീ-ചെക്കപ്പും സ്വകാര്യത ഉറപ്പുവരുത്തുന്ന പരിശോധനാമുറികളും ഇവിടങ്ങളിൽ ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾക്കുള്ള പ്രത്യേക ക്ലിനിക്കുകൾ, ആസ്ത്മ-ശ്വാസം മുട്ടലിനുള്ള 'ശ്വാസ് ക്ലിനിക്', മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസം' ക്ലിനിക്ക് തുടങ്ങിയ പുതിയ തുടക്കങ്ങൾ വഴി പ്രാഥമിക പരിചരണ മേഖല വിപുലപ്പെടുത്തി

വരികയാണ്. വ്യായാമ പ്രോൽസാഹനത്തിനുള്ള നടപ്പാതകളും സംവിധാനങ്ങളും യോഗപരിശീലനം തുടങ്ങിയ പുതുസംരംഭങ്ങളും പലയിടങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. കുട്ടികൾക്കുള്ള കളിസ്ഥലങ്ങളും മുലയൂട്ടാനുള്ള സൗകര്യങ്ങളുമടക്കം ശിശു സൗഹൃദവും സ്ത്രീസൗഹൃദവും വയോജന, ഭിന്നശേഷി സൗഹൃദവുമായൊരു അന്തരീക്ഷം ഏതാണ്ട് എല്ലാ കേന്ദ്രങ്ങളിലും സജ്ജമായിക്കൊണ്ടിരിക്കുകയാണ്. പൂന്തോട്ടങ്ങൾക്കപ്പുറമുള്ള 'ലാന്റ് സ്കേയ്പിങ്ങ്' തുടങ്ങിയ മോടിവത്കരണ പ്രവർത്തനങ്ങളും മറ്റ് പല പുതിയ കാര്യങ്ങളും പലയിടങ്ങളിലും സ്പോൺസർഷിപ്പ് വഴിയും നടപ്പിലാക്കിയിട്ടുണ്ട്.

ആർദ്രം മിഷനോടൊപ്പം നടപ്പിലാക്കിവരുന്ന ഇ-ഹെൽത്ത് പരിപാടികൂടി പൂർണ്ണമായി പ്രവർത്തനസജ്ജമായാൽ ആരോഗ്യപരിചരണ പ്രവർത്തനങ്ങൾ കുറേക്കൂടി ചിട്ടപ്പെടുത്താൻ കഴിയുന്നതാണ്. വ്യക്തികളുടെ ഇ-ഹെൽത്ത് രജിസ്ട്രേഷനും അതോടനുബന്ധിച്ചുള്ള വിവരശേഖരണങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ സംവിധാനം ഒരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയാകുന്നതോടെ വ്യക്തികളുടെ ആരോഗ്യവിവരങ്ങൾ അടിസ്ഥാനമാക്കി ലഭിക്കേണ്ട രോഗപ്രതിരോധ ചികിത്സ, തുടർപരിചരണങ്ങൾ സമയബന്ധിതമായി ചെയ്യാനും ആരോഗ്യ - രോഗപരിശോധന വിവരങ്ങൾ സ്ഥാപനങ്ങൾക്ക് പരസ്പരം കൈമാറാനും കഴിയുന്നതാണ്. ഫീൽഡ് തലത്തിൽ നിന്ന് പകർച്ച വ്യാധികൾ നേരത്തെ കണ്ടെത്താനും ഇതുവഴി കഴിയുന്നതാണ്.

അധികമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ചും അടിസ്ഥാന സൗകര്യവികസനത്തിന് ഫണ്ട് ലഭ്യമാക്കിക്കൊണ്ടുമുള്ള ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾക്കൊപ്പം ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻഫണ്ടും തനതു ഫണ്ടും വഴിയുള്ള ഇടപെടലുകളും അധികമായി ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും തദ്ദേശ ഭരണ വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചുമാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വലിയ മാറ്റങ്ങൾ നടന്നു വരുന്നത്. ഇക്കാര്യങ്ങളിൽ എല്ലാ പഞ്ചായത്തുകളുടെയും ഇടപെടൽ ഒരേ രീതിയിൽ ഉണ്ടായിട്ടില്ലെന്നതും എടുത്തുപറയേണ്ടതുമാണ്.

ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനപരിപാടികൾ കാര്യക്ഷമമാക്കുന്ന കാര്യത്തിൽ വലിയൊരു മാറ്റത്തിന് ആദ്യവർഷം നമുക്ക് കഴിഞ്ഞിട്ടില്ല. സ്വന്തമായി കെട്ടിടങ്ങളുള്ള ഉപകേന്ദ്രങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികളും പെയിന്റിങ്ങും അടിസ്ഥാന സൗകര്യമൊരുക്കലും അടിയന്തരമായി ഏറ്റെടുക്കേണ്ട പ്രവർത്തികളാണ്. അതോടൊപ്പം അവിടങ്ങളിൽ ഫസ്റ്റ് എയ്ഡിനും പ്രാഥമിക ആരോഗ്യ പരിചരണത്തിനും ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ നടത്താനുദ്ദേശിക്കുന്ന വിവിധ ക്ലിനിക്കുകൾ നല്ല രീതിയിൽ നടത്താനും പഞ്ചായത്തുകളുടെയും വാർഡ് മെമ്പർമാരുടെയും വാർഡ് ഹെൽത്ത് സാനിറ്റേഷൻ ന്യൂട്രീഷൻ സമിതികളുടെയും പങ്കാളിത്തം അനിവാര്യമാണ്.

ഫീൽഡ് തലത്തിലെ ആരോഗ്യപ്രവർത്തകരോടും മറ്റ് ആരോഗ്യ സന്നദ്ധ പ്രവർത്തകരോടുമൊപ്പം 15-20 വീടുകൾക്ക് ആരോഗ്യസേന എന്ന ഒരു പുതിയ വിഭാഗം ആരോഗ്യ സന്നദ്ധ പ്രവർത്തകരെക്കൂടി ആർദ്രം മിഷൻ പരിശീലനം നൽകി ആരോഗ്യപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി വരികയാണ്. ആശ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ വളണ്ടിയർ, ട്രൈബൽ പ്രൊമോട്ടർ തുടങ്ങിയ സന്നദ്ധ പ്രവർത്തകർക്കൊപ്പം ആരോഗ്യസേന വോളന്റിയർമാർക്കും ഗ്രാമ - നഗര പ്രദേശങ്ങളിൽ സമഗ്ര പ്രാഥമിക ആരോഗ്യപരിചരണത്തിന്റെ എല്ലാതലത്തിലും വലിയ പങ്കുവഹിക്കാൻ കഴിയുന്നതാണ്. മാലിന്യമുക്ത കേരളം പരിപാടിയുടെയും മറ്റു മിഷനുകളുടെയും വിവിധ വകുപ്പുകളുടെയും ഗ്രാമ നഗര വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഈ സന്നദ്ധ പ്രവർത്തകർക്ക് നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയുന്നതാണ്. മാലിന്യനിർമ്മാർജ്ജനം, കൊതുക് നിയന്ത്രണം, കുടിവെള്ള സംരക്ഷണം, വ്യായാമ - കായിക പ്രവർത്തനങ്ങൾ, യോഗപരിശീലനം, ദുരന്തനിവാരണം, വയോജനസംരക്ഷണം, പുകവലി - മദ്യം-മയക്കുമരുന്ന് വിരുദ്ധ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് - റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങൾ, മാനസികോല്ലാസത്തിനുള്ള കൂട്ടായ സംരംഭങ്ങൾ തുടങ്ങി ഗ്രാമ ഗ്രാമാന്തരങ്ങളിൽ ഗുണപരമായ ഒരു ആരോഗ്യസംസ്ക്കാരം രൂപപ്പെടുത്തിയെടുക്കുന്നതിന് വാർഡുതല ആരോഗ്യശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ഈ സന്നദ്ധ പ്രവർത്തകർക്ക് പൊതുജനങ്ങളോടൊപ്പം നിന്ന് പുതിയ മാതൃകകൾ സൃഷ്ടിക്കാനാവും. ഇത്തരത്തിലുള്ള പുതുചലനങ്ങൾ പലയിടങ്ങളിലും ഇതിനകം കണ്ടുതുടങ്ങിയിട്ടുണ്ടെന്നത് വളരെ ആശാവഹമായ കാര്യമാണ്. 2019-20 ലേക്കുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുക ൾക്ക് രൂപം കൊടുത്ത് വരുന്ന വരും മാസങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇത്തരം ഇടപെടലുകൾക്ക് സമൂർത്തരൂപം നൽകാൻ നമുക്ക് കഴിയണം. ആരോഗ്യത്തിനായി ഒത്തു ചേർന്നുള്ള പ്രവർത്തനങ്ങളുമായി നമുക്ക് ഒന്നിച്ച് മുന്നേറാം.

□

**2019-20 ലേക്കുള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് രൂപം കൊടുത്ത് വരുന്ന വരും മാസങ്ങളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇത്തരം ഇടപെടലുകൾക്ക് സമൂർത്തരൂപം നൽകാൻ നമുക്ക് കഴിയണം. ആരോഗ്യത്തിനായി ഒത്തു ചേർന്നുള്ള പ്രവർത്തനങ്ങളുമായി നമുക്ക് ഒന്നിച്ച് മുന്നേറാം.**

*ലേഖകൻ ആർദ്രം മിഷൻ നോഡൽ ഓഫീസറും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടറുമാണ്.*

## മലപ്പുറം ജില്ലാ പഞ്ചായത്ത്

# മാതൃകാ മഴവെള്ള സംഭരണി

ഓരോ വീട്ടിലും ഓരോ സ്ഥാപനത്തിലും മഴവെള്ളം സംഭരിച്ചു സൂക്ഷിക്കാൻ പ്രചോദനം നൽകുന്ന ഒരു സംരംഭത്തിനാണ് ഇവിടെ തുടക്കം കുറിക്കുന്നത്.

കേരളം നേരിട്ട മഹാപ്രളയത്തിനുശേഷവും മഴവെള്ള സംഭരണ പ്രവർത്തനങ്ങളുടെ പ്രസക്തിക്ക് യാതൊരു കുറവും വന്നിട്ടില്ല എന്നാണ് നിലവിലെ സാഹചര്യങ്ങൾ വെളിപ്പെടുത്തുന്നത്. വർദ്ധിച്ചുവരുന്ന ആഗോളതാപനവും താളംതെറ്റിയ കാലാവസ്ഥയും മഴയുടെ കുറവും നമ്മുടെ ഭൂഗർഭജലവിതാനത്തെ ദോഷകരമായി ബാധിച്ച ഒരു അവസ്ഥയിലാണ് നാം പ്രളയത്തെ നേരിട്ടത്. പ്രളയജലം ഒഴുകിപോയപ്പോൾ ജലസ്രോതസ്സുകളിൽ വരൾച്ചയ്ക്ക് സമാനമായ അവസ്ഥയുമുണ്ടായി. ഈ സാഹചര്യത്തിലാണ് മലപ്പുറം ജില്ലാപഞ്ചായത്ത് കെട്ടിടത്തിൽ മാതൃകാ മഴവെള്ള സംഭരണി പൂർത്തീകരിക്കുന്നത്. ഓരോ വീട്ടിലും ഓരോ സ്ഥാപനത്തിലും മഴവെള്ളം സംഭരിച്ചു സൂക്ഷിക്കാൻ പ്രചോദനം നൽകുന്ന ഒരു സംരംഭത്തിനാണ് ഇവിടെ തുടക്കം കുറിക്കുന്നത്.

2017-18ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഈ സംഭരണി ജില്ലാപഞ്ചായത്ത് കെട്ടിടത്തിന്റെ മെയിൻ ഗേറ്റിന്റെ സമീപത്തായി 9.10 മീറ്റർ നീളത്തിലും 2.30 മീറ്റർ വീതിയിലും 2.50 മീറ്റർ താഴ്ചയിലുമാണ് നിർമ്മിച്ചിരിക്കുന്നത്. ഇതിന് 55000ലിറ്റർ സംഭരണ ശേഷിയുണ്ട്. ജില്ലാപഞ്ചായത്തിന്റെ മെയിൻ കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും ഗട്ടർ പൈപ്പ് വഴിയാണ് മഴവെള്ളം സംഭരിക്കുന്നത്. ടാങ്കിൽ നിന്ന് വരുന്ന അധികവെള്ളം സംഭരിക്കുന്നതിന് വേണ്ടി നിലവിലുള്ള കുഴൽ കിണറിന്റെയും ജൈവകൃഷി തോട്ടത്തിന്റെയും അടുത്തായി Percolation ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. ഇത് 4 മീറ്റർ നീളത്തിലും 1.50 മീറ്റർ വീതിയിലും 1.50 മീറ്റർ താഴ്ചയിലും വശങ്ങൾ ചരിഞ്ഞതുമാണ്. ചരിഞ്ഞ ഭാഗത്ത് ജിയോ ടെക്സ്റ്റൈൽ വിരിച്ചിരിക്കുകയാണ്. അണ്ടർഗ്രൗണ്ട് വാട്ടർ ടാങ്ക്, പെർക്കുലേഷൻ ടാങ്ക്, മഴവെള്ളം സംഭരിക്കുവാനുള്ള ഗട്ടർ പൈപ്പ്, ഫിൽറ്ററിംഗ് യൂണിറ്റ് എന്നിവ അടക്കം ആകെ 1750000 രൂപയാണ് പദ്ധതിക്കായി ചെലവഴിച്ചത്.

ഫിൽട്ടർ യൂണിറ്റിൽ മെറ്റൽ,കരി, മണൽ എന്നിവയ്ക്ക് മുകളിലായി നെറ്റ് വിരിച്ച് അതിൽ കൂടി അരിച്ചിറങ്ങുന്ന വെള്ളമാണ് ടാങ്കിൽ സംഭരിക്കുന്നത്. ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ മുകളിൽ വീഴുന്ന മഴവെള്ളത്തിന്റെ 70 ശതമാനത്തിൽ കൂടുതൽ ഭാഗവും (2800 ചതുരശ്ര അടി) ഫിൽറ്റർ യൂണിറ്റ് വഴി ടാങ്കിൽ എത്തുകയും ടാങ്കിന്റെ സംഭരണ ശേഷി കഴിഞ്ഞ് കവിഞ്ഞൊഴുകുന്ന ജലം പൈപ്പ് ലൈൻ വഴി മഴക്കുഴിയിലേക്ക് തിരിച്ച് വിടുന്നത് വഴി ഭൂഗർഭ ജല പോഷണത്തിന് സഹായകരമാവുന്നു. ഇതിന്റെ നിർമ്മാണം സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനാണ് നിർവ്വഹിച്ചിരിക്കുന്നത്. ജില്ലാ ആശുപത്രികളിലും വെള്ളക്ഷാമം രൂക്ഷമായ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലും കിണർ റീചാർജിംഗ് സംവിധാനം, ഭൂജല പോഷണത്തിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മഴവെള്ള സംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചതോടെ ജില്ലാ പഞ്ചായത്ത് കാര്യാലയം പൂർണ്ണ രീതിയിൽ പരിസ്ഥിതി സൗഹൃദമായി മാറിയിരിക്കുകയാണ്. മൂന്ന് നിലകളുള്ള കെട്ടിടത്തിൽ 16 കെ.വി സോളാർ പവർ പ്ലാന്റിൽ നിന്നുള്ള വൈദ്യുതിയാണ് ഉപയോഗിക്കുന്നത്, ഹരിത നിയമാവലി പാലിച്ച് കൊണ്ട് ഓഫീസ് മാലിന്യ പരിപാലനം കൃത്യതയോടെ നടത്തുന്നു. ജൈവ - അജൈവ മാലിന്യം തരംതിരിച്ച് ജൈവ മാലിന്യം സംസ്ക്കരിച്ച്, ജനപ്രതിനിധികളും ജീവനക്കാരും കൂടി പരിപാലിച്ചുപോരുന്ന ജൈവ കൃഷി തോട്ടത്തിലേക്കുള്ള വളമാക്കി മാറ്റുന്നു.

# തൊഴിലുറപ്പ് പദ്ധതി ലേബർ ബഡ്ജറ്റ് രൂപീകരണം

**സൂര്യ എസ്. ഗോപിനാഥ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 14(6) പ്രകാരം ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും അതിന് പൂരകമായ പ്രവൃത്തികളുടെ പട്ടിക (Shelf of Projects) യും ഗ്രാമസഭ തൊട്ട് മുൻ വർഷം തന്നെ നിശ്ചയിക്കേണ്ടതാണ്. തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും പ്രവൃത്തികളും ലേബർ ബഡ്ജറ്റിന്റെ രൂപീകരണത്തിലൂടെയാണ് സാക്ഷാത്ക്കരിക്കേണ്ടത്. 2014 ജനുവരി 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടികയിൽ വരുത്തിയിട്ടുള്ള ഭേദഗതിക്ക് അനുസൃതമായി 2019-20 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ത്രിതല പഞ്ചായത്തുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (15/10/2018 466/ഡിഡി2/2018/തസ്വഭവ നമ്പർ സർക്കുലർ).

2018-19 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തുന്ന രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുതലങ്ങളിൽ ചിട്ടയോടു കൂടിയതും പങ്കാളിത്തപൂർണ്ണവുമായ ആസൂത്രണ പ്രക്രിയ നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## ഷെൽഫ് ഓഫ് പ്രോജക്ട്സ്

ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷത്തേക്കും ആവശ്യമായ തൊഴിൽ ദിനങ്ങൾ തിട്ടപ്പെ

**2019-20 സാമ്പത്തിക വർഷത്തേക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ത്രിതല പഞ്ചായത്തുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.**

ടുത്തുന്നതോടൊപ്പം പ്രവൃത്തികളുടെ പട്ടിക കൂടി തയ്യാറാക്കേണ്ടതുമാണ്. അതുവഴി തൊഴിൽ ആവശ്യപ്പെട്ട് പത്തോ അതിലധികമോ തൊഴിലാളികൾ സമീപിക്കുമ്പോൾ പഞ്ചായത്തിന് അനായാസേന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന് സാധ്യമാവും. ഇതിന് ഭരണ സാങ്കേതിക അനുമതി ലഭ്യമായ മതിയായ പ്രവൃത്തികൾ നിർവ്വഹണത്തിന് ഏറ്റെടുക്കാവുന്ന തരത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം പ്രവൃത്തികൾ അടങ്ങുന്ന പട്ടികയ്ക്കാണ് പ്രവൃത്തികളുടെ പട്ടിക അഥവാ Shelf of Projecst എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്.

ലേബർ ബഡ്ജറ്റിലെ ഷെൽഫ് ഓഫ് പ്രോജ്ക്ട്സ് തയ്യാറാക്കുന്നതിന് ഓരോ മേഖലയിലും ഉൾപ്പെട്ട പ്രവൃത്തികളിന്മേൽ അവലംബിക്കേണ്ട മാനദണ്ഡങ്ങൾ താഴെ പറയുന്നു.

## വിഭാഗം എ : പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

1. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, നിലഅണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ഭൂഗർഭജലപോഷണത്തിനും സഹായകരമായ നിർമ്മിതികൾ.
2. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർ ട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ;
3 സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും;
4. ജലസേചന കുളങ്ങളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം;
5. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും വൃക്ഷത്തൈ ഉല്പാദനത്തിനായുള്ള നഴ്സറി രൂപീകര ണവും;
6. പുൽമേടുകളുടെ വികസനം, ദീർഘകാലം നിലനിൽക്കുന്ന പുല്ലുകൾ വച്ച് പിടിപ്പിക്കൽ;

7. മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ;
8. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ;

**ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ**

(ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

1. ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും കിണറുകൾ (Dug well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;
2. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ;
3. ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ്ഭൂമി(fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;
4. ആയൂർദൈർഘ്യമുള്ള രാമച്ചം ഉൾപ്പെടെയുള്ള പുല്ലുകൾ ഉപയോഗിച്ചുള്ള പുൽമേട്ടുകളുടെ വികസനം;
5. മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ;
6. ഇന്ദിരാ ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമോ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും വീടിന് ആവശ്യമായ ഉല്പാദിപ്പിക്കപ്പെട്ട നിർമ്മാണ സാമഗ്രികളും;
7. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും;
8. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ;
9. ജൈവവളത്തിന്റെ (NADEP, വെർമി കമ്പോസ്റ്റ്) ഉത്പാദനം;

സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലൂടെ തരിശുഭൂമി/ കൃഷിചെയ്യാത്ത ഭൂമി എന്നിവ മെച്ചപ്പെടുത്തി കൃഷിക്ക് ഉപയുക്തമാക്കുകവഴി കാറ്റഗറി ബി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ വരുമാന വർദ്ധന ഉണ്ടാവേണ്ടതാണ്. സ്വകാര്യഭൂമിയിൽ നിയമത്തിന് നിരക്കാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ ചെയ്തുവന്നിരുന്നു എന്നതാണ് മുൻകാല അനുഭവം. സ്വകാര്യഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഒരു കാരണവശാലും നിലവിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്. ഉല്പാദനപരമല്ലാത്തതും നിലവിലെ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്ന തരത്തിലുള്ളതുമായ പ്രവൃത്തികൾക്ക് ഒരു കാരണവശാലും സാങ്കേതികാനുമതി നൽകാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥർ അതിന് ഉത്തരവാദികളായിരിക്കും. സ്വകാര്യ ഭൂമിയിൽ ഒരു കാരണവശാലും ആവർത്തനസ്വഭാവമുള്ള താത്കാലിക പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

## ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

1. കാർഷികോല്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകവഴി കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ;
2 സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക്ഷെഡ്ഡുകളുടെ നിർമ്മാണം;

## ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

1. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ തുടങ്ങി ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;
2. ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമങ്ങളെയും നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, ഗ്രാമീണ റോഡുകളുടെ നിർമ്മാണ

വും ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

3. കളിസ്ഥലങ്ങളുടെ നിർമ്മാണം;
4. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സ്റ്റോം വാട്ടർ ഡ്രെയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുന:രുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ;
5. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും ഗ്രാമ/ബ്ലോക്കുതല ക്രിമറ്റോറിയങ്ങളുടെ നിർമ്മാണവും;
6. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണം;
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം;
8. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ;

ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ). പട്ടികജാതി
(ബി). പട്ടികവർഗ്ഗം
(സി). നാടോടികളായ ആദിവാസികൾ
(ഡി). ഡീനോട്ടിഫൈഡ് ആദിവാസികൾ
(ഇ). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
(എച്ച്). ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
(ഐ). ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
(ജെ). 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശ മംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും.

മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെയും ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/ നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ.

## നീർത്തടാധിഷ്ഠിത വികസന രീതിശാസ്ത്രം

ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്ന പറയുന്നത്.

നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഇപ്രകാരം ഒരു നദീതടത്തെ പല ഉപ നീർത്തടങ്ങളായും ഒരു ഉപനീർത്തടത്തെ പല ചെറു നീർത്തടങ്ങളായും തരം തിരിക്കാം. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവസമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നുവെന്നതാണ് നീർത്തടത്തിന്റെ പ്രത്യേകത.

ഭ്രസവിശേഷതകളായ കുന്ന്, ചരിവ്, താഴ്‌വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാധ്യമാക്കുന്നതിനും ഭ്രവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത്.

നീർത്തട വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തടയണ നിർമ്മാണം: വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത (Gabion) തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.

ബി) വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണം സാധ്യമാകുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക.

സി) കോണ്ടൂർ ബണ്ടിംഗ്: വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാല നിർമ്മിക്കാവുന്ന സ്ഥലങ്ങൾ.

ഡി) ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ച് പിടിപ്പിക്കേണ്ട സ്ഥലങ്ങൾ.

ഇ) ധാരാളം വേരുപടലങ്ങളുള്ള ഗിനിഗ്രാസ്സ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.

എഫ്) ജൈവ വേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ശെബാബുൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ.

ജി) ബ്രഷ്‌വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ): നീർച്ചാലുകളിൽ പാഴ്ത്തടികൾ, മരക്കൊമ്പുകൾ ഉപയോഗിച്ച്.

എച്ച്) കുളങ്ങളുടെ നിർമ്മാണവും പൊതുകുളങ്ങളുടെ നവീകരണവും.

## പ്രകൃതി വിഭവ പരിപാലനം:

നീർത്തട പ്രദേശത്തെ പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരിപാലനവും പുനരുജ്ജീവനവും സാധ്യമാക്കുന്നതിന് ശാസ്ത്രീയവും സൂക്ഷ്മവുമായ ഇടപെടലുകൾ നട

## തൊഴിലുറപ്പ് : പട്ടികവർഗ്ഗ തൊഴിലാളികൾക്ക് മുൻകൂർ വേതനം ആദ്യഘട്ടം അട്ടപ്പാടി ബ്ലോക്കിൽ

പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് കുടുംബശ്രീ മുഖേന തൊഴിലുറപ്പ് വേതനം മുൻകൂറായി നല്കുന്ന പദ്ധതിക്ക് തുടക്കമായി. തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അവരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാനുള്ള അവസരമൊരുക്കുന്നതിന്റെയും ഭാഗമായാണിത്. ഇതു പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ളോക്കിലെ ഷോളയൂർ, അഗളി, പുതൂർ പഞ്ചായത്തുകളിലെ ചേരമൺകണ്ടി, വീട്ടിക്കുണ്ട്, ഉമത്തൻപെടി എന്നീ ഊരുകളിൽ പദ്ധതി ആരംഭിച്ചു. കുടുംബശ്രീ ഊരുസമിതികൾ വഴിയാണ് വേതനം മുൻകൂറായി നല്കുക. ഇതിനായി പട്ടികവർഗ വികസന വകുപ്പ് കുടുംബശ്രീക്ക് 11 കോടി രൂപ അനുവദിച്ചു.

കുടുംബശ്രീ, പട്ടികവർഗ്ഗ വികസന വകുപ്പ്, തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ എന്നിവ സംയുക്തമായി പട്ടികവർഗ്ഗ മേഖലയിൽ സാമൂഹ്യ വികസന പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായാണ് ഈ പദ്ധതി. വേതനം ലഭിക്കുന്നതിലെ കാലതാമസം കാരണം തൊഴിലുറപ്പ് പദ്ധതിയിൽ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പങ്കാളിത്തം ഗണ്യമായി കുറഞ്ഞതോടൊപ്പം അവരുടെ കൃഷിഭൂമിയിൽ തൊഴിൽ ചെയ്യുന്നതിന്റെ തോതും താഴ്ന്ന സാഹചര്യത്തിലാണ് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്.

പട്ടികവർഗ്ഗക്കാർക്ക് മുൻകൂർ വേതനം നല്കുന്ന ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗ തൊഴിലാളികൾക്ക് ആഴ്ചയിലൊരിക്കൽ ചെയ്ത ജോലിയുടെ 90 ശതമാനം വേതനം ഊരുസമിതികൾ മുഖേന അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. പദ്ധതിക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച തുകയിൽ നിന്നാണ് ഇതു വിതരണം ചെയ്യുക. ഇപ്രകാരം ഊരുസമിതികളിൽ കൂടി മുൻകൂർ വേതനം കൈപ്പറ്റിയ തൊഴിലാളികളിൽ നിന്നും കേന്ദ്രഫണ്ട് ലഭ്യമാകുന്നതിന്റെ മുറയ്ക്ക് ആ തുക തിരികെ ക്രമീകരിക്കുന്നതിനുമാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ഇങ്ങനെ ആഴ്ചയിലൊരിക്കൽ തൊഴിലുറപ്പ് വേതനം മുൻകൂറായി ലഭിക്കുന്നതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്നതാണ് നേട്ടം.

തൊഴിലുറപ്പ് വേതനം കൃത്യമായി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് എത്തിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്നതനുസരിച്ച് തുക തിരികെ ക്രമീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ഒരുക്കങ്ങളും സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ നേതൃത്വത്തിൽ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തൊഴിലുറപ്പ് എൻജിനീയർമാർ, തൊഴിലുറപ്പ് പദ്ധതിയിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, പട്ടികവർഗ്ഗ അനിമേറ്റർമാർ, പ്രമോട്ടർമാർ, ഊരുസമിതികളുടെ സെക്രട്ടറി, പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് സാങ്കേതിക പരിശീലനവും നല്കിയിട്ടുണ്ട്.

അട്ടപ്പാടി കൂടാതെ വയനാട് ജില്ലയിലും തൊഴിലുറപ്പ് വേതനം മുൻകൂറായി നല്കി പദ്ധതിക്ക് തുടക്കമിടുന്നുണ്ട്. വയനാട് ജില്ലയിൽ കുടുംബശ്രീ എ.ഡി.എസുകൾ വഴിയാണ് വേതനം നല്കുക. ഇതിനുള്ള നടപടികൾ പൂർത്തിയായി കഴിഞ്ഞു.

ത്തേണ്ടതാണ്. ഭൂമിയുടെ ഉപരിതലത്തിലെ ഫലഭൂയിഷ്ഠമായ മേൽമണ്ണിനെ സംരക്ഷിച്ച് നിർത്തുവാനും മഴയായി ഭൂമിയിൽ പതിക്കുന്ന ജലത്തെ മണ്ണിലേക്ക് പരമാവധി കിനിഞ്ഞിറങ്ങുവാൻ സഹായിക്കുന്നതുമായ പ്രവർത്തനങ്ങൾക്കാണ് ഇതിൽ മുൻഗണന നൽകേണ്ടത്. ഭൂമിയുടെ സസ്യാവരണം മെച്ചപ്പെടുത്തുന്ന തരത്തിൽ പൊതുഭൂമിയിലും സ്വകാര്യഭൂമിയിലും വൻതോതിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പൊതു ആസ്തികളായ കുളങ്ങൾ, തണ്ണീർതടങ്ങൾ, കാവുകൾ, നീരുറവകൾ എന്നിവയെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

### വ്യക്തിഗത പദ്ധതികൾ:

എ) ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ.

ബി) ബയോമാസ്സിന്റെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ.

സി) ജൈവ വൈവിദ്ധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ.

ഡി) ജലസേചനത്തിനായി കുളം നിർമ്മാണം.

ഇ) നിലവിലെ ജലസ്രോതസ്സുകളായ കിണറുകൾ റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ.

എഫ്) ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത് തുടങ്ങിയ മൃഗസംരക്ഷണ പരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ.

## തൊഴിലുറപ്പ് പദ്ധതിയും ഇതരവകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ :

### ഗ്രാമസഭയിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ

2017-18 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വാർഡിൽ ഏറ്റെടുത്തതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്.

1. ഏറ്റെടുത്ത പ്രവൃത്തികൾ.
2. മുൻവർഷങ്ങളിൽ ഏറ്റെടുത്തതും ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്നതുമായ പ്രവൃത്തികളുടെ പട്ടിക.
3. ഷെൽഫ് ഓഫ് പ്രോജക്ട്സ്.
4. തൊഴിൽകാർഡുകളിൽ വിവരങ്ങൾ കൃത്യതയോടുകൂടി രേഖപ്പെടുത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ.
5. ഓരോ പ്രവൃത്തിസ്ഥലത്തും സ്ഥാപിക്കേണ്ട ബോർഡുകൾ.
6. മിഷൻ വാട്ടർ കൺസർവേഷൻ/ പ്രകൃതിവിഭവ പരിപാലനം എന്നീ വിഷയങ്ങൾ
7. വാർഡിലെ ശുചിത്വസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കമ്പോസ്റ്റ്, സോക്ക്പിറ്റ് എന്നിവയുടെ ആവശ്യകതയും പ്രവർത്തന പരിപാടികളും ആവിഷ്കരിക്കൽ.
8. സോഷ്യൽ ഓഡിറ്റിൽ വില്ലേജ് റിസോഴ്സ് പേഴ്സണായി പ്രവർത്തിക്കാൻ കഴിയുന്ന വരെ കണ്ടെത്തുന്നതിന് സഹായകരമാകും വിധം വാർഡിലെ 2-3 വനിതാ സ്വയം സഹായസംഘങ്ങളെ തെരഞ്ഞെടുക്കൽ.

## ഗ്രാമ പഞ്ചായത്തുതല ലേബർ ബഡ്ജറ്റ് രൂപീകരണം

ഗ്രാമസഭകൾ തയ്യാറാക്കുന്ന ലേബർബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും പഞ്ചായത്തുതലത്തിൽ പരിശോധിച്ച് മെച്ചപ്പെടുത്താനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. ഇതിനായി അസി. സെക്രട്ടറി, വി.ഇ.ഒ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന ആറ് മേറ്റുമാർ എന്നിവരുടെ സേവനം പൂർണ്ണമായി ഉപയോഗിക്കാവുന്നതാണ്. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യാൻ ഗ്രാമപഞ്ചായത്തുതല ശില്പശാല സംഘടിപ്പിക്കണം. ഈ ശില്പശാലയിൽ (1) കാർഷിക കലണ്ടറും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (2) സമഗ്ര നീർത്തട മാസ്റ്റർപ്ലാനും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (3) ലേബർ ബഡ്ജറ്റും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായുള്ള സംയോജനം (4) നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാവശ്യങ്ങൾ (5) മറ്റ് വികസന പരിപാടികളുമായുള്ള ഉദ്ഗ്രഥന സാധ്യത തുടങ്ങിയവ ചർച്ചചെയ്യണം. ശില്പശാലയുടെ ശുപാർശകൾ കൂടി പരിഗണിച്ച ശേഷം പഞ്ചായത്ത് കമ്മിറ്റി ലേബർ ബഡ്ജറ്റിനും വാർഷിക കർമ്മ പരിപാടിക്കും അംഗീകാരം നൽകണം. പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റ് ബ്ലോക്ക് പ്രോഗ്രാം ആഫീസർക്ക് നൽകണം.

പദ്ധതിയും ലേബർ ബഡ്ജറ്റും ലഭിച്ച് കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസർ ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ ഓരോന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ. നിയമത്തിൽ അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഭേദഗതി ചെയ്ത പട്ടികയിലെ ഖണ്ഡിക 4(2) പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ പദ്ധതി അംഗീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടത്. ബ്ലോക്കിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലേയും പദ്ധതികൾ ക്രോഡീകരിച്ചാണ് ബ്ലോക്ക് പദ്ധതി രൂപീകരിക്കേണ്ടത്.

ഡിസംബർ മാസം 20-ാം തീയതിക്കോ അതിനുമുൻപോ ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് തല വാർഷിക വികസന പദ്ധതി ജില്ലാപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ് :

ബ്ലോക്ക് തലത്തിൽ നിന്നും പദ്ധതികൾ ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്കാണ് സമർപ്പിക്കുന്നത്. ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ

a) സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ എന്ന് കൃത്യതയോടുകൂടി പരിശോധിക്കേണ്ടതാണ്.
b) എല്ലാ പഞ്ചായത്തിലും പ്രവൃത്തികളുടെ കലണ്ടർ അനുസരിച്ച് ആവശ്യാനുസരണം ഏറ്റെടുക്കുവാനുള്ള പദ്ധതികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
c) ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും ഡിസംബർ 30-ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ സമർപ്പിച്ച ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്ത് 2018 ജനുവരി 10 നകം അംഗീകരിക്കേണ്ടതും അല്ലാത്തപക്ഷം പദ്ധതി അംഗീകരിച്ചതായി കരുതുന്നതുമാണ്.

☐

*(ലേഖിക ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ അസിസ്റ്റന്റ് ഡവലെപ്മെന്റ് കമ്മീഷണറാണ്)*

## ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പാലിക്കേണ്ട സമയവിവര പട്ടിക

- 2018 ഒക്ടോബർ 2 ന് മുൻപായി ഗ്രാമസഭ യോഗം
- ഒക്ടോബർ 10 ന് മുൻപായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ബ്ലോക്കുതല യോഗവും പരിശീലനവും
- ഒക്ടോബർ 10 ന് മുൻപായി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബ്ലോക്കുതല എക്സ്റ്റൻഷൻ ഓഫീസർമാർ, വി.ഇ.ഒമാർ, ബ്ലോക്കുതലത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ, ബ്ലോക്കുതലത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, പഞ്ചായത്തുതല ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ തുടങ്ങിയവർക്കുള്ള ഏകദിന പരിശീലനം.
- ഒക്ടോബർ 15 ന് മുൻപായി അയൽക്കൂട്ടതല ലേബർ ബഡ്ജറ്റ്/പ്രവൃത്തികൾ രൂപീകരണം.
- ഒക്ടോബർ 20 ന് മുൻപായി തൊഴിലാളികളുടെ ഗ്രാമസഭ.
- നവംബർ 15 ന് മുൻപായി വാർഡുതല കോർഡിനേഷൻ കമ്മിറ്റി വാർഡുതല ലേബർ ബഡ്ജറ്റ് രൂപീകരിക്കേണ്ടത്.
- നവംബർ 30 ന് മുൻപായി പൊതു ഗ്രാമസഭ.
- ഡിസംബർ 3 ന് മുൻപായി പഞ്ചായത്ത്തല ലേബർ ബഡ്ജറ്റ് രൂപീകരണം.
- ഡിസംബർ 3 ന് മുൻപായി ഗ്രാമപഞ്ചായത്തിന്റെ ലേബർ ബഡ്ജറ്റ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്നു.
- ഡിസംബർ 5 ന് മുൻപായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ ക്രോഡീകരിച്ച് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.
- ഡിസംബർ 20 ന് മുൻപായി ബ്ലോക്ക് പഞ്ചായത്തുകൾ ബ്ലോക്കുതല വാർഷിക പദ്ധതി അംഗീകരിച്ച് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കുന്നു.
- ഡിസംബർ 30 ന് മുൻപായി ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറായിട്ടുണ്ടെന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പാക്കി ജില്ലാ വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുന്നു.
- 2019 ജനവരി 10 ന് മുൻപായി ജില്ലാ വാർഷിക പദ്ധതി ജില്ലാ പഞ്ചായത്ത് അംഗീകരിക്കുന്നു.
- ജനവരി 20 ന് മുൻപായി പഞ്ചായത്ത് സമർപ്പിച്ച പ്രവൃത്തികളുടെ പട്ടിക പ്രകാരം ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതികൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നു.
- ജനവരി 20 ന് മുൻപായി ജില്ലയുടെ ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും സംസ്ഥാനമിഷന് കൈമാറുന്നു
- ജനവരി 10 മുതൽ 30 വരെ കേന്ദ്രസർക്കാരിന്റെ എം.ഐ.എസിൽ 2019-20 ലെ ലേബർ ബഡ്ജറ്റ് ഡേറ്റാ എൻട്രി പഞ്ചായത്തുതലത്തിൽ ബ്ലോക്ക് ഡി-.ഇ.ഒ മാർ ഐ.റ്റി പ്രൊഫഷണൽ, ബി.പി.ഒ മാർ, ജെ.പി.സിമാർ എന്നിവരുടെ സൂക്ഷമമായ മേൽനോട്ടത്തിൽ നടത്തുന്നു.
- ജനവരി 30 ന് മുൻപായി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം കൂടി ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നു.
- ഫെബ്രുവരി 15 ന് മുൻപായി കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന് ലേബർ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

# കില ന്യൂസ്

*കാലാവസ്ഥാവ്യതിയാനവും ഊർജ്ജമേഖലയും സംബന്ധിച്ച കിലയിൽ സംഘടിപ്പിച്ച സംസ്ഥാനതലശില്പശാലയില് ഡയറക്ടർ ജോയ് ഇളമൺ സംസാരിക്കുന്നു.*

## കാലാവസ്ഥാവ്യതിയാനവും ഊർജ്ജമേഖലയും- ശില്പശാല

കാലാവസ്ഥാവ്യതിയാനം മൂലമുള്ള പ്രത്യാഘാതങ്ങൾ ലോകമെമ്പാടും അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിലേക്കു മാറുന്നതിന്റെ ആവശ്യകതയും മാതൃകകളും സാധ്യതകളും പരിചയപ്പെടുത്തുന്ന സംസ്ഥാനതല ശില്പശാലയ്ക്കു കില വേദിയൊരുക്കി. അനർട്ടിന്റെയും ഇ.എം.സിയുടെയും സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുമുൾപ്പെടെ 525 പേർ ശില്പശാലയിൽ പങ്കെടുത്തു. ഓരോ വീടും ഓരോ പവർ ഹൗസ് ആക്കുകയാണ് ഊർജ്ജസംരക്ഷണത്തിനു വേണ്ടതെന്നു ശില്പശാലയിൽ സംസാരിച്ച അനർട്ട് ഡയറക്ടർ ഡോ.ആർ ഹരികുമാർ അഭിപ്രായപ്പെട്ടു. ആ ദിശയിലേക്കു സാങ്കേതികവിദ്യ വളർന്നിട്ടുണ്ട്. പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജസ്രോതസ്സുകളുടെ പ്രസക്തിയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്.

എനർജി മാനേജ്മെൻറ് സെന്റർ ഡയറക്ടർ ധരേശൻ ഉണ്ണിത്താൻ, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ തുടങ്ങിയവർ സംസാരിച്ചു. പല രൂപത്തിലും ഭാവത്തിലും സമസ്തമേഖലകളെയും ബാധിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ആഘാതങ്ങളെ നേരിടാൻ തദ്ദേശഭരണസ്ഥാപനങ്ങളെ സജ്ജമാക്കുകയാണ് ശില്പശാലയുടെ ലക്ഷ്യം.

## കേച്ചേരി പുഴയുടെ പുനരുജ്ജീവനം: രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കു തുടക്കം

കേച്ചേരി പുഴ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട രണ്ടാംഘട്ടപ്രവർത്തനങ്ങൾക്കു തുടക്കമായി. നീർച്ചാലുകളുടെ പുനരുജ്ജീവനത്തിലൂടെ കേച്ചേരി പുഴയെ തിരിച്ചുപിടിക്കാനും അവ സംരക്ഷിക്കാനും കഴിഞ്ഞ ഒരു വർഷം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്താൻ കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ ഡോ.പി.കെ.ബിജു എം.പി.ആമുഖപ്രഭാഷണം നടത്തി.

കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ അനൂപ് കിഷോർ, വിനോദ് കുമാർ, കോർഡിനേറ്റർ എം. രേണുകുമാർ, കേരള കാർഷികസർവകലാശാലയിലെ ഡോ.ജയശ്രീ എന്നിവർ സംസാരിച്ചു. വടക്കാഞ്ചേരി, മണലൂർ, കുന്നംകുളം നിയോജകമണ്ഡലങ്ങളിലെ വിവിധ തദ്ദേശഭരണസ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, മറ്റ് ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സാമൂഹ്യ-സന്നദ്ധപ്രവർത്തകർ എന്നിവർ ശില്പശാലയിൽ സംബന്ധിച്ചു. വിവിധ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള കർമ്മപരിപാടികൾക്കു രൂപം നൽകി. ഇതിനാവശ്യമായ പരിശീലനപരിപാടികൾക്കു കില നേതൃത്വം നൽകും.

## നാടിൻ ദാഹമകറ്റാൻ നാടൊന്നിച്ച് നാലുമണിക്കൂർ

നാടിൻ ദാഹമകറ്റാൻ നാടൊന്നിച്ച് നാലുമണിക്കൂർ എന്ന ജനകീയ പങ്കാളിത്ത പരിപാടിയിലൂടെ 5000 പേരെ പങ്കെടുപ്പിച്ച് 65 കിലോമീറ്റർ ദൂരം പുഴ ശുചീകരിച്ച് കല്പറ്റയിലെ പച്ചപ്പ് പദ്ധതി പുതിയ നേട്ടം കൈവരിച്ചു. കല്പറ്റ മണ്ഡലത്തിൽ കിലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കർഷക-ആദിവാസി സൗഹൃദ ഹരിതമണ്ഡലം വികസനപദ്ധതിയാണ് പച്ചപ്പ്. ഈ പദ്ധതിയുടെ ഭാഗമായിട്ടാണ് പ്രധാന പുഴകൾ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ ശുചീകരിച്ചത്.

കാപ്പി വിളവ് വർദ്ധനയ്ക്കുവേണ്ടി കാപ്പിത്തോട്ടങ്ങളിൽ മഴവെള്ള സംഭരണകുളങ്ങൾ നിർമ്മിക്കുന്നതിന് അമ്പലവയൽ കാർഷിക ഗവേഷണകേന്ദ്രത്തിന്റെ നേതൃത്വത്തിൽ തൊഴിലുറപ്പുപദ്ധതി പ്രവർത്തകർക്കു പരിശീലനം നൽകി. ഭിന്നശേഷിക്കാരായ കിടപ്പുരോഗികൾക്കും മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുമായി പ്രത്യേക മെഡിക്കൽ ബോർഡ് സിറ്റിംഗ് നടത്തി 115 പേർക്കു മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം

*കല്പറ്റ മണ്ഡലത്തിൽ കിലയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പച്ചപ്പ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച ഏകദിന ശില്പശാല സി.കെ.ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

ചെയ്തു. ആദിവാസി ജനവിഭാഗങ്ങളിലെ അമിത ലഹരി ഉപയോഗം ഇല്ലാതാക്കാൻ ആദിവാസി വനിതാ വളണ്ടിയർമാരെ കണ്ടെത്തി -എന്ന പിരൈ നല്ല പിരയാക്കും എന്ന ലഹരി വിരുദ്ധ കാമ്പയിൻ ആരംഭിച്ചു. ഇതിനായി ദ്വിദിന ക്യാമ്പ് സംഘടിപ്പിച്ചു.

പച്ചപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും എത്തിക്കുന്നതിനായി വീട്ടുകൂട്ടം, നാട്ടുകൂട്ടം എന്ന സംഘടനാസംവിധാനം കാര്യക്ഷമമായി നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും കല്പറ്റ മുനിസിപ്പൽ ടൗൺഹാളിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല സി.കെ.ശശീന്ദ്രൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. കല്പറ്റ നഗരസഭ ചെയർപേഴ്സൺ സനിത ജഗദീഷ് അദ്ധ്യക്ഷയായിരുന്നു.

## മാലിന്യസംസ്കരണം: നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം

മാലിന്യനിർമ്മാർജനത്തിനായുള്ള സാങ്കേതികവിദ്യകളെ അടിസ്ഥാനമാക്കി നഗരസഭകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള മൂന്നു ദിവസത്തെ സംസ്ഥാനതല പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്തു. കില പ്രൊഫ. ഡോ.സണ്ണി ജോർജ്, കോർഡിനേറ്റർ ടി.എസ്. സെയ്ഫുദ്ദീൻ എന്നിവർ സംസാരിച്ചു.

മാലിന്യസംസ്കരണത്തിന്റെ സാങ്കേതികവിദ്യകൾ, നഗരശുചിത്വത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകൾ, സിറ്റി സാനിറ്റേഷന്റെ പ്രാധാന്യം, സ്വച്ഛ്ഭാരത് മിഷൻ, ഹരിതകേരളം മിഷൻ, സബ്സിഡി മാനദണ്ഡങ്ങൾ, നഗരശുചിത്വവും മുനിസിപ്പാലിറ്റി നിയമവും, മാതൃകാ മാലിന്യനിർമ്മാണയൂണിറ്റുകൾ, ദ്രവ മാലിന്യ നിർമ്മാർജനത്തിൽ ആലപ്പുഴ കനാൽ മോഡൽ, മാലിന്യപരിപാലനം- ശൈലീമാറ്റത്തിനുള്ള നേതൃപാടവം തുടങ്ങിയ വിഷയങ്ങളിലായിരുന്നു പരിശീലനം. ഏഴു നഗരസഭകളിൽനിന്നുള്ള ചെയർമാൻമാർ, സെക്രട്ടറിമാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, എഞ്ചിനിയർ/ഓവർസിയർ, ഹെൽത്ത് സൂപ്പർവൈസർ/ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

## പ്രളയാഘാതം: കുട്ടികളെ ഊർജ്ജസ്വലരാക്കാൻ കൂടിയാലോചനാ ശില്പശാല

പ്രളയം കുട്ടികളിൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാനും ഊർജ്ജസ്വലരാക്കി അവരിൽ ആത്മവിശ്വാസമുയർത്താനും കില മുന്നിട്ടിറങ്ങുന്നു. കുട്ടികളിൽ ആഹ്ലാദവും ഉത്സാഹവും പ്രതീക്ഷയും ആത്മവിശ്വാസവും വീണ്ടെടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടിയാലോചനാ ശില്പശാല സംഘടിപ്പിച്ചു.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാൻ പ്രളയബാധിത ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ് കിലയിൽ ഒത്തുചേർന്നത്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ 20 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള പ്രസിഡന്റുമാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ, മെഡിക്കൽ ഓഫീസർമാർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ, ഹെഡ്മാസ്റ്റർമാർ എന്നിവർ ശില്പശാലയിൽ പങ്കെടുത്തു. പ്രളയകാലത്ത് കുട്ടികൾക്കുണ്ടായ പ്രശ്നങ്ങൾ, അവരുടെ സ്ഥാപനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ, അവ തരണം ചെയ്ത രീതികൾ എന്നിവയെല്ലാം ശില്പശാല ചർച്ചചെയ്തു

*കൂടിയാലോചന ശില്പശാലയിൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. തുളസിഭായ് പത്മനാഭൻ സംസാരിക്കുന്നു.*

# ക്രൗഡ് ഫണ്ടിംഗ്

**rebuild.kerala.gov.in ൽ നാടിനായി കൈകോർക്കാം. കേരള പുനർനിർമ്മാണത്തിനുള്ള ക്രൗഡ്ഫണ്ടിംഗ് പോർട്ടൽ പ്രവർത്തനം തുടങ്ങി**

പ്രളയം തകർത്ത കേരളത്തിന്റെ പുനർനിർമ്മാണവും ജനങ്ങളുടെ പുനരധിവാസവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികൾ മനസിലാക്കുന്നതിനും സംഭാവന നൽകുന്നതിനും സഹായിക്കുന്ന സംസ്ഥാന സർക്കാരിന്റെ ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഇതോടെ ലോകത്തെവിടെ നിന്നും rebuild. kerala.gov.in ലൂടെ കേരളത്തിനായി കൈകോർക്കാനാവും. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായ കെ. പി. എം. ജിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പോർട്ടൽ തയ്യാറാക്കിയത്. കൊച്ചിയിലെ സ്റ്റാർട്ട് അപ്പ് കമ്പനിയായ ബില്യൺ ലൈവ്സാണ് പോർട്ടൽ തയ്യാറാക്കിയത്.

വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും മുഖേന നടപ്പാക്കുന്ന കേരളത്തിന്റെ പുനർനിർമ്മാണവും പുനരധിവാസവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ പോർട്ടലിൽ തയ്യാറാക്കിയിട്ടുണ്ട്. വ്യക്തികൾ, വ്യവസായ സ്ഥാപനങ്ങൾ, അസോസിയേഷനുകൾ, കമ്പനികൾ എന്നിവർക്ക് താൽപര്യമുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് സംഭാവന നൽകാനും സ്പോൺസർ ചെയ്യാനും സാധിക്കും. കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി. എസ്. ആർ) സ്കീമിൽ ഉൾപ്പെടുത്താവുന്ന വിധത്തിലാണ് കേരള പുനർനിർമ്മാണത്തിനുള്ള പദ്ധതികൾ രൂപപ്പെടുത്തിയിരിക്കുന്നത്.

പദ്ധതികളുടെ വിശദാംശങ്ങൾ ഫോട്ടോ സഹിതം പോർട്ടലിൽ നൽകിയിട്ടുണ്ട്. ഫണ്ട് ചെയ്യുന്ന പദ്ധതികളുടെ പുരോഗതിയും തുക ചെലവഴിക്കുന്ന വിധവും തുക നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരീക്ഷിക്കാൻ സാധിക്കുന്ന വിധത്തിലാണ് വർച്വൽ പ്ലാറ്റ്ഫോം തയ്യാറാക്കിയിരിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകൾക്ക് പോർട്ടലിൽ ലോഗ് ചെയ്ത് പദ്ധതികളുടെ പുരോഗതി രേഖപ്പെടുത്താനാവും. ഓരോ ഘട്ടത്തിലെയും പുരോഗതി ഫോട്ടോ സഹിതം പോർട്ടലിൽ അപ്‌ലോഡ് ചെയ്യും. ഇത് സുതാര്യത ഉറപ്പാക്കും. ഫണ്ട് ചെയ്യപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും സർക്കാരിന്റെ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരെ ചുമതലപ്പെടുത്തും. ഭാവിയിൽ പദ്ധതിയുടെ നടത്തിപ്പ് ബ്ളോക്ക് ചെയിൻ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സോഷ്യൽ മോണിറ്ററിംഗിന് വിധേയമാക്കാനുള്ള സൗകര്യവും പോർട്ടലിൽ ഒരുക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ ബിൽഡിംഗ് മെറ്റീരിയൽ ടെക്നോളജി പ്രൊമോഷൻ സെൽ അംഗീകരിച്ച വിശ്വാസ്യതയുള്ള ഏജൻസികളെയാവും വിവിധ പുനർനിർമ്മാണ പദ്ധതികളുടെ നടത്തിപ്പ് ചുമതല ഏൽപ്പിക്കുക.

കേരളം ഏറെ പ്രാധാന്യം നൽകുന്ന തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് പ്രീ ഫാബ്രിക്കേറ്റഡ് വീടുകൾ നിർമ്മിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന ബി. എം. ടി. പി. സി അംഗീകരിച്ച സ്ഥാപനങ്ങളെയാവും ചുമതലപ്പെടുത്തുക. ഇവരുടെ നിർമ്മാണ രീതിയുടെ വിശ്വാസ്യത സർക്കാർ ഉറപ്പാക്കും.

ശബരിമലയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ടാറ്റാ പ്രോജക്ട്സിനൊപ്പം വിശ്വാസ്യതയുള്ള മറ്റു സ്ഥാപനങ്ങളുടെ സേവനവും ലഭ്യമാക്കും. പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളാവും അവലംബിക്കുക.

ആദ്യ ഘട്ടത്തിൽ വീടുകൾ, ശബരിമല, സ്കൂളുകൾ എന്നിവയുടെ പുനർനിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. പിന്നീട് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ ഉൾപ്പെടുത്തും.

### പദ്ധതികൾ തെരഞ്ഞെടുക്കാം, സംഭാവന നൽകാം

വെബ്സൈറ്റിന്റെ ഹോം പേജിൽ മുകൾഭാഗത്ത് ലോഗിൻ, സൈൻ അപ് ഓപ്ഷനുണ്ട് (സംഭാവന നൽകുന്ന പദ്ധതികളുടെ പുരോഗതി അറിയാൻ രജിസ്റ്റർ ചെയ്യണം). പുനർനിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ അറിയാൻ ഫിൽട്ടർ സെർച്ച് ഓപ്ഷൻ ഉപയോഗിക്കാം. ഇവിടെ ജില്ല, നഗരസഭ, ബ്ളോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള പദ്ധതികൾ തിരയാനാവും. പൂർണ്ണമായും ഭാഗികമായും വളരെ കുറച്ച് മാത്രമായും നാശനഷ്ടം സംഭവിച്ചതിന്റെയും ആവശ്യമുള്ള തുകയുടെയും വിശദാംശങ്ങൾ ലഭ്യമാണ്. താത്പര്യമുള്ള പദ്ധതി തെരഞ്ഞെടുത്ത് ഇഷ്ടമുള്ള തുക രേഖപ്പെടുത്തി ഡൊണേറ്റ് ബട്ടൺ അമർത്തുന്നതോടെ പേയ്മെന്റ് ഓപ്ഷനിലേക്ക് പോകും. ഇവിടെ പേര്, ഇ-മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയ ശേഷം ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, യു. പി. ഐ സംവിധാനങ്ങളുപയോഗിച്ച് ലോകത്തെവിടെ നിന്നും തുക സംഭാവന ചെയ്യാം. വെബ്സൈറ്റിൽ നൽകിയിട്ടുള്ള അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈനിലൂടെയല്ലാതെയും സംഭാവന നൽകാം. പേയ്മെന്റ് പൂർണ്ണമാവുന്നതോടെ വിവരം സ്റ്റാറ്റസ് പേജിൽ കാണാനാവും. കൂടാതെ ഇ-മെയിൽ വിലാസത്തിലും മൊബൈൽ നമ്പറിലും സന്ദേശം ലഭിക്കുകയും ചെയ്യും. ഓൺലൈൻ സംഭാവനയ്ക്ക് യാതൊരു വിധ ഫീസും ഈടാക്കില്ല. എല്ലാ സംഭാവനകൾക്കും നികുതി ഇളവ് ലഭിക്കും. ☐

# പ്രളയം

## യുവജനങ്ങൾ രചിച്ച സേവന ചരിത്രം

**പ്രസാദ് കാവീട്ടിൽ**

നിങ്ങൾ ഇതു വരെ പറഞ്ഞതും കേട്ടതുമല്ല ചരിത്രം, ഇപ്പേൾ ഇവർ രചിക്കുന്നതാണ് ചരിത്രം. സകലതും കവർന്ന പ്രളയം പുതിയ പല പാഠവും നമുക്ക് പകർന്ന് തന്നു. അതിലൊന്നാണ് പുതു തലമുറയുടെ സേവനത്തിന്റെ ചരിത്രം. സമൂഹ മാധ്യമങ്ങളിൽ അഭിരമിച്ചു കൊണ്ട് തന്നിലേക്ക് ഒതുങ്ങി ചുറ്റുപാടുള്ള ഒന്നിലേക്കും ശ്രദ്ധിക്കാതെയുള്ള പുതു തലമുറയെന്ന് ആക്ഷേപമുന്നയിക്കപ്പെട്ട യുവജനങ്ങൾ യഥാർത്ഥ സമയത്ത് തങ്ങളുടെ കടമ മനസ്സിലാക്കി കൃത്യമായി ഇടപെട്ടതോടെ യുവജനങ്ങളിലും കരുണയും സേവന മനോഭാവവും ഉണ്ടെന്നും നന്മയുള്ള മനസ്സുണ്ടെന്നും തെളിയിച്ചു. രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും .യുവതീ യുവാക്കൾ മാതൃകയായി.

കേരളം സമീപ കാലത്ത് കാണാത്ത മഹാ പ്രളയത്തിന് സാക്ഷിയായപ്പോൾ ലഭിച്ച പല തിരിച്ചറിവുകളിൽ ഒന്നാണിത്. ഇങ്ങനെയൊരു ദുരന്തം നമുക്ക് വരുമോ എന്ന് നാം ആരും ചിന്തിച്ച് പോലുമുണ്ടായിരിക്കില്ല. എന്നാൽ ദുരന്തം ഉണ്ടായപ്പോൾ ഒട്ടും ആലോചിക്കാതെ ആളുകളെ രക്ഷിക്കാൻ എടുത്തു ചാടിയവരിൽ യുവാക്കളായിരുന്നു അധികവും. അവർ ഒറ്റയ്ക്കും കൂട്ടായും പലരെയും രക്ഷപ്പെടുത്തി രക്ഷാസേനയ്ക്കൊപ്പം വളണ്ടിയർമാരായി ഒപ്പം ചേരുന്ന കാഴ്ചയാണ് കാണാനായത്.

ദുരിതാശ്വാസ ക്യാമ്പുകളിലാകട്ടെ യുവതീ യുവാക്കളുടെ പ്രവർത്തനം മാതൃകാപരമായിരുന്നു..സ്വയം തയ്യാറായി നൂറുകണക്കിന് പേരാണ് ദിനംപ്രതി വന്നിരുന്നത്. ഒറ്റയ്ക്കും കൂട്ടായും സൗഹൃദ കൂട്ടായ്മയായും വാട്സ് ആപ്പ്, ഫേസ്ബുക്ക് കൂട്ടായ്മ വഴിയായും അവർ പല ക്യാമ്പുകളിലും എത്തിച്ചേർന്നു. ജില്ലാഭരണകൂടത്തിന്റെ ഫേസ്ബുക്ക് പേജിൽ രജിസ്റ്റർ ചെയ്ത് നിരവധി പേരാണ് ക്യാമ്പുകളിൽ വന്നു ചേർന്നത്.

തിരുവനന്തപുരത്തും ആലപ്പുഴയിലും എറണാകുളത്തും പത്തനംതിട്ടയിലും കോട്ടയത്തും തൃശ്ശൂരും എന്നു വേണ്ട ദുരിതം ബാധിച്ച എല്ലായിടത്തും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമുള്ള ഭക്ഷണങ്ങൾ, വസ്ത്രങ്ങൾ,ശുചീകരണ വസ്തുക്കൾ തുടങ്ങിയവ കയറ്റി ഇവിടങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥരെ സഹായിച്ചുകൊണ്ടിരിക്കുന്നത് അധികവും യുവതീ യുവാക്കളായിരുന്നു.

ശുചീകരണ പ്രവർത്തനങ്ങളിലുമുണ്ട് യുവതയുടെ സാന്നിദ്ധ്യം. പ്രളയം ഏറെ ദുരിതം സൃഷ്ടിച്ച സ്ഥലങ്ങളിലും പരിസര പ്രദേശങ്ങളിലുമുള്ള പഞ്ചായത്തുകളിലുമെല്ലാം യുവതീ യുവാക്കൾ വീടുകളും സ്കൂളുകളും ഓഫീസുകളും വൃത്തിയാക്കി. വിവിധ തരം സാങ്കേതിക വൈദഗ്ധ്യമുള്ള യുവതീ യുവാക്കൾ അത്തരം ജോലികൾ സൗജന്യമായി ചെയ്തു നല്കുവാൻ തയ്യാറായി വന്നതും പ്രളയ ബാധിതർക്ക് ആശ്വാസമായി. പലയിടത്തും മൊബൈൽ ജി പി എസ് ഉപയോഗിച്ച് വെള്ളം ഇറങ്ങിയ സ്ഥലത്തെ രോഗങ്ങളുടെ കണക്കെടുപ്പ് നടത്തിയതും യുവജനങ്ങളാണ്. വിവിധ യുവജന സംഘടനകൾ വിദ്യാർത്ഥി സംഘടനകൾ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ യുവശക്തി എന്നിവരൊക്കെ രംഗത്തുണ്ട്.

ഈ പ്രളയം നമുക്ക് സമ്മാനിച്ച പല നന്മകളുമുണ്ട്. അതിലൊന്നാണ് തിരിച്ചറിയാതെ പോകുന്ന യുവതയുടെ നന്മ. ☐

# വാർത്തകൾ വിശേഷങ്ങൾ

## വിനോദനികുതിയുടെ നഷ്ടപരിഹാരത്തുക അനുവദിച്ചു

ചരക്ക് സേവന നികുതി നിലവിൽ വന്നതിനെത്തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് നഷ്ടപ്പെട്ട വിനോദനികുതിയുടെ നഷ്ടപരിഹാരത്തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ (സാധാ)നം. 8957/2018/ധന, തീയതി 30.10.2018

## കിണർ റീചാർജിംഗ് – അംഗീകൃത ഏജൻസികൾക്ക് തുക നൽകുന്നതിന് അനുമതി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കിണർ റീചാർജിംഗ് നായി പ്രോജക്റ്റ് ഏറ്റെടുക്കുമ്പോൾ ജില്ലാ ആസൂത്രണസമിതി തെരഞ്ഞെടുക്കുന്ന അംഗീകൃത ഏജൻസികളെ കൊണ്ട് പ്രവൃത്തി നടപ്പാക്കുന്നതിനും അംഗീകൃത ഏജൻസികൾക്ക് നേരിട്ട് ബില് തുക നൽകുന്നതിനും നിബന്ധനകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു

(സ.ഉ (സാധാ)നം 2867/ 2018 തസ്വഭവ, തീയതി 8 11 2018)

## തടഞ്ഞുവച്ച പെൻഷൻ അനുവദിച്ചു

വിവിധ കാരണങ്ങളാൽ തടഞ്ഞു വെയ്ക്കപ്പെട്ട സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ അർഹരായവർക്ക് 2018 ഏപ്രിൽ, മേയ്, ജൂൺ ജൂലൈ മാസങ്ങളിലെ പെൻഷൻ അനുവദിച്ച ഉത്തരവ് പുറപ്പെടുവിച്ചു

(സ.ഉ(സാധാ)നം. 9493/2018/ധന തീയതി 16.11.2018)

## വയോജന ജാഗ്രതാസമിതി രൂപീകരിക്കണം

സമൂഹത്തിലെ ഏറെ പരിഗണന അർഹിക്കുന്ന വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന അവകാശലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വേണ്ടി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഐ സി ഡി എസ് ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഐ സി ഡി എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ, സ്ഥലം ചുമതലയുള്ള എസ് ഐ, സീനിയർ സിറ്റിസൺ ഫോറത്തിലെ ഒരംഗം, വില്ലേജ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തുകൾ തോറും വയോജന ജാഗ്രത സമിതി രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ)നം. 2776/2018 തസ്വഭവ, തീയതി 30.10.2018)

## സ്വച്ച് ഭാരത് മിഷൻ അർബൻ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി

സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന് നഗരപ്രദേശങ്ങളിൽ ഉപയോഗശൂന്യമായ ശൗചാലയങ്ങൾ സെപ്റ്റിക് ടാങ്ക് സഹിതം പുതുക്കിപ്പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ അർബൻ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ(സാധാ)നം.2851/2018 തസ്വഭവ, തീയതി 7/11/2018)

## അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യണം

അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ ബാനറുകൾ /ബോർഡുകൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി 22750/18, 22784 /18 എന്നീ റിട്ട് പെറ്റീഷനുകൾ മേൽ 23.10.2018 പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവ് പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ ബാനറുകൾ / ഹോർഡിങ്ങുകൾ/ കൊടികൾ എന്നിവ 30.10.2018 നു ശേഷവും നീക്കം ചെയ്യാതിരുന്നാൽ അവ എടുത്തുമാറ്റുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉണ്ടാകുന്ന ചെലവും ബോർഡുകൾ സ്ഥാപിച്ചവർക്കെതിരെ ചുമത്തേണ്ട പിഴയും അവരിൽനിന്നും ഈടാക്കേണ്ട പരസ്യനികുതിയും ബോർഡുകൾ/ബാനറുകൾ / ഹോർഡിങ്ങുകൾ/കൊടികൾ യഥാസമയം എടുത്തുമാറ്റുന്നതിന് വീഴ്ചവരുത്തിയ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സെക്രട്ടറിയിൽ നിന്നും ഫീൽഡ് സ്റ്റാഫിൽ നിന്നും ഈടാക്കുന്നതിനും വീഴ്ചവരുത്തിയ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്ക് എതിരെയും ഫീൽഡ് സ്റ്റാഫിനെ എതിരെയും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഉത്തരവായി.

(സ.ഉ (സാധാ)നം. 2733/2018/തസ്വഭവ, തീയതി 26.10.2018)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# എന്റെ ഭാഷ ഞാൻ തന്നെയാണ്

**ഡോ. ബിജു ബാലകൃഷ്ണൻ**

മാതൃഭാഷയായ മലയാളത്തിനും കേരളീയ സംസ്കൃതിക്കും സഹസ്രാബ്ദങ്ങളുടെ പരിണാമചരിത്രമുണ്ട്. എങ്കിലും ദ്രാവിഡഗോത്രത്തിലെ ഇതരഭാഷകൾക്കൊന്നുമില്ലാത്ത അവഗണന മലയാളം നേരിടുന്നുണ്ട്. മലയാളികളുടെ ദുരഭിമാനമാണ് അതിനുകാരണമെന്നത് ഏറെ വേദനാജനകവുമാണ്.

മലയാളം തമിഴിന്റെ ഉപശാഖയാണെന്ന് വാദിച്ച കാൽഡ്വലിന്റെ അഭിപ്രായത്തോട് വിയോജിച്ചുകൊണ്ട് എത്രയോമുമ്പ് ഏ.ആർ രാജരാജവർമ്മ തന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. “അതിപ്രാചീനരൂപങ്ങളും ധ്വനികളും മലയാളത്തിൽ സുരക്ഷിതങ്ങളായി നിലനിന്നുകാണുന്നതുകൊണ്ട് പുരുഷഭേദം ഉൽഭവിക്കുംമുമ്പുതന്നെ അത് തമിഴിൽനിന്ന് വേർപിരിഞ്ഞുവെന്ന് കൽപ്പിക്കുന്നതിൽ എന്ത് അസ്വാരസ്യമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത് എന്നറിയുന്നില്ല” എന്നാണ് ഏ.ആർ കേരളപാണിനീയത്തിലെ ധാത്വധികാരത്തിൽ അത് രേഖപ്പെടുത്തിയിരിക്കുന്നത്. സഹ്യന് പടിഞ്ഞാറുള്ള ഭൂവിഭാഗത്തെ കേരളമെന്ന പേരിലാണ് ഇൻഡോ-ആര്യൻ ഭാഷകളിലും വിദേശസഞ്ചാരികളുടെ കുറിപ്പുകളിലും പരാമർശിച്ചിട്ടുള്ളത്. സംഘം സാഹിത്യത്തിൽ കേരളമെന്നപരാമർശമില്ലെങ്കിലും പഴംതമിഴ്പ്പാട്ടുകളിൽ ചേരശബ്ദമുണ്ട്. വാല്മീകി രാമായണത്തിലും മഹാഭാരതത്തിലും അർത്ഥശാസ്ത്രത്തിലും മഹാഭാഷ്യത്തിലുമെല്ലാം കേരളമെന്ന ശബ്ദത്തിൽ സഹ്യനും അറേബ്യൻ സമുദ്രത്തിനുമിടയിലുള്ള മലനാടിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

ചേര-ചോള-പാണ്ഡ്യരാജാക്കന്മാരാൽ പരിപാലിക്കപ്പെട്ടിരുന്ന ദക്ഷിണേന്ത്യ അക്കാലത്ത് സംഘം സാഹിത്യത്തിലൂടെയാണ് പ്രശസ്തമായത്. മലയാളമെന്നോ തമിഴെന്നോ വേർതിരിച്ച് പറയാനാവാത്ത വിധത്തിൽ ഒരു പൊതുസ്വഭാവം അന്ന് തമിഴ് മലയാളഭാഷകൾക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അന്നത്തെ സംഘംകൃതികളിൽ രണ്ടുഭാഷയുടെയും വഴക്കങ്ങളുണ്ട്. ‘കുണവായൂർക്കോട്ടൈ അരചുതുറന്തിരുന്ത്’ കുണവായൂർകോട്ടൈ (ഇന്നത്തെ കൊടുങ്ങല്ലൂർ)യിലിരുന്ന് ഇളങ്കോവടികൾ രചിച്ച ചിലപ്പതികാരത്തിലെ ഭാഷ മലനാട്ടുവഴക്കത്തോടുകൂടിയതാണ്-മലനാട്ടുതമിഴാണ്. ‘പനി എൻപതോർ നോയ്‌വൊണ്ട്, അത് മലനാട്ടുവഴക്കം’ എന്ന് ചിലപ്പതികാരത്തിൽ പരാമർശിക്കുന്നുണ്ട്. സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള അന്നത്തെ മലനാട്ടുതമിഴാണ് ഇന്നത്തെ മലയാളമായി പരിണമിച്ചത്. അതുകൊണ്ടുതന്നെ മലനാട്ടുതമിഴിൽപ്പിറന്ന ചിലപ്പതികാരം മലയാളകവിതയുടെ കന്നിച്ചിലമ്പാണ്. മാത്രമല്ല, സംഘംസാഹിത്യത്തിലുൾപ്പെട്ട അന്നത്തെ രചനകളധികവും തമിഴ് - മലയാള ഭാഷകളുടെ പൊതുസ്വത്താണെന്ന് ഉറക്കെപ്പറയാനുള്ള ഭാഷാഭിമാനമാണ് നമുക്കുണ്ടാകേണ്ടത്. പൂർവദ്രാവിഡഭാഷയുടെ പ്രത്യേകതകൾ ഒരുപരിധിവരെ നിലനിർത്തിയിട്ടുള്ള കേരളഭാഷ ദേശസംസ്കാരത്തിന്റെയും ജീവിതവിശുദ്ധിയുടെയും ബഹുപാഠങ്ങളാണ് നിവർത്തിവയ്ക്കുന്നത്.

കേരളത്തിന് തനതായൊരു സാംസ്കാരിക പരിസരം എല്ലാകാലത്തും എല്ലാതരത്തിലുമുണ്ടായിരുന്നു. ആര്യ-ദ്രാവിഡസംസ്കാരത്തിന്റെ ചട്ടക്കൂടിൽപ്പെട്ടിരുന്നെങ്കിലും കേരളീയ ജീവിതം ഒരിക്കലും വ്യക്തിത്വത്തെ കൈവിട്ടിരുന്നില്ല. മൗര്യചക്രവർത്തിയായ അശോകന്റെ ബി.സി 300ലെ രണ്ടാം ശാസനംമുതൻ കൊല്ലവർഷാരംഭംവരെയുള്ള പുരാരേഖകളും ആദ്യകാല വിനോദസഞ്ചാരികളുടെ കുറിപ്പുകളും സംഘംസാഹിത്യവുമെല്ലാം പൂർവകേരളഭാഷയുടെ അസ്തിത്വവും വ്യതിരിക്തതയും നിർണയിക്കുന്നതിനുള്ള ഉപാധികളാണ്. തമിഴ് എന്നോ മലയാളം എന്നു വേർതിരിക്കാനാവാത്ത ഒരു പൊതു ഭാഷ ഇന്നത്തെ തമിഴിനും ഇന്നത്തെ മലയാളത്തിലും പണ്ടുണ്ടായിരുന്നു. ആ പൊതു ഭാഷയിൽനിന്നും സഹ്യനു കിഴക്കുള്ള വ്യവഹാര ഭാഷ തമിഴായിട്ടും പടിഞ്ഞാറുള്ള ഭാഷ മലയാളമായും പരിണമിച്ചു. തൊൽകാപ്പിയവും ചിലപ്പതികാരവും പെരുമാൾ തിരുമൊഴിയുംമണിമേഘലയും പതിറ്റുപ്പത്തും ഐങ്കുറുനൂറുമെല്ലാം ചേരനാടിന്റെ ഭാഷയുടെ മലനാട്ടുവഴക്കങ്ങളുള്ള പൊതുസ്വഭാവത്തെത്തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ക്രിസ്തുവർഷം 800ന് മുൻപുതന്നെ ശ്രദ്ധേയമായ ജനാധിവാസപാരമ്പര്യം കേരളത്തിനുണ്ടായിരുന്നു. അത്തരം ജനവാസകേന്ദ്രങ്ങളുണ്ടായിരുന്നതുകൊണ്ടുകൂടിയാണ് നിരവധി പ്രാചീന കൃതികൾ മലൈനാട്ടുവഴക്കത്തിൽ പിറന്നത്. മലയാളികൾ അവഗണിച്ചതുകൊണ്ടും തമിഴർ പരിഗണിച്ചതുകൊണ്ടുമാണ് പിൽക്കാലത്ത് സം

**മാതൃഭാഷയ്ക്കും സംസ്കാരത്തിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മൂല്യങ്ങളിലൂടെയുള്ള ജീവിതസഞ്ചാരത്തിന് മാതൃഭാഷ എന്നും തുണയാണ്.**

ഘംകൃതികൾ തമിഴർക്കുമാത്രം അവകാശപ്പെട്ടതായത്. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും വഴികളിലൂടെ വളർന്ന കേരളഭാഷയെ അവഗണിച്ചുകൊണ്ടിരുന്ന മലയാളിയുടെ മൗഢ്യംതകർത്തുകൊണ്ടാണ് മിഷണറിമാർ മലനാട്ടുഭാഷയ്ക്ക് മലയാളമെന്നവിളിപ്പേരിട്ട് കൂടുതൽ പ്രചാരം നൽകിയത്. ഗുണ്ടർട്ടിന്റെ മലയാളം-ഇംഗ്ലീഷ് ഡിക്ഷ്ണറിയിലൂടെ ആ പേരിന് സാർവത്രികാംഗീകാരം ലഭിക്കുകയും ചെയ്തു.

മാതൃഭാഷയ്ക്കും സംസ്കാരത്തിനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മൂല്യങ്ങളിലൂടെയുള്ള ജീവിതസഞ്ചാരത്തിന് മാതൃഭാഷ എന്നും തുണയാണ്. കുട്ടിക്കാലത്ത് കേൾക്കുന്ന കഥകളും പാട്ടുകളും കവിതകളും നാട്ടുതാളങ്ങളുമെല്ലാം കാലാകാലങ്ങളായി അത് നമുക്കു പഠിപ്പിച്ചുതരുന്നുണ്ട്. ചെറുപ്പകാലംമുതൽ മാതൃഭാഷ അറിഞ്ഞുവളരുന്ന കുഞ്ഞിന് ആ ഭാഷകൊടുക്കുന്ന അനുഭവങ്ങൾ വലുതാണ്. സഹജീവിസ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും സഹാനുഭൂതിയുടെയും ഉയിരടയാളമായി ഭാഷ പരിണമിക്കുന്നുണ്ട്. അതില്ലാതായാൽ ജീവിതസംസ്കാരവും ഭക്ഷണസംസ്കാരവും സാമൂഹ്യബോധവും ഒക്കെത്തന്നെ ഇല്ലാതാകും. മലയാളത്തിലെ ബാലസാഹിത്യരചനകളും മറ്റുകൃതികളുമെല്ലാം കുട്ടികളെ ഏറെ സ്വാധീനിക്കുന്നവയാണ്. മഹാകവി ഉള്ളൂർ രചിച്ച “പ്രാവേ...പ്രാവേ...പോകരുതേ/വാ...വാ...കൂട്ടിനകത്താക്കാം/പാലുംപഴവുംപോരെങ്കിൽ/ചോറുംകറിയും ഞാൻ നൽകാം/” എന്ന വരികളിൽ മാതൃഭാഷ പഠിപ്പിക്കുന്ന ജീവിതസംസ്കാരമുണ്ട്. കുട്ടിക്കാലത്ത് പ്രാവിന് ചോറുംകറിയുംകൊടുക്കാൻ മനസ്സുണ്ടായാൽ എത്ര വളർന്നാലും ‘അന്യജീവനുതകി സ്വജീവിതം ധന്യമാക്കാനുള്ള വിവേകം’ അവനിൽ നിലനിൽക്കുകതന്നെ ചെയ്യും. സംസ്കാരത്തിന്റെ അടിയടരുകളിലേക്കാണ് മാതൃഭാഷ കാലാകാലങ്ങളായി മലയാളിയെ കൈപിടിച്ചുകൊണ്ടുപോകുന്നത്. അതുകൊണ്ടുതന്നെ മലയാളക്കരയിലെ ഇന്നത്തെകുട്ടികൾ മാതൃഭാഷയിലൂടെ വളരേണ്ടത് അത്യാവശ്യമാണ്. “ഒന്നും ഒന്നും എത്രയാ” എന്ന് മാഷ് ചോദിച്ചപ്പോൾ വൈക്കംമുഹമ്മദ് ബഷീറിന്റെ ‘ബാല്യകാലസഖി’യിലെ മജീദ് പറഞ്ഞത് “ഇമ്മിണി ബല്യഒന്ന്” എന്നാണ്. മാനവസ്നേഹത്തിന്റെയും മതസൗഹാർദത്തിന്റെയും വിശാലാർത്ഥത്തിലേക്കാണ് ആ ‘ഒന്ന്’ നമ്മെക്കൊണ്ടെത്തിക്കുന്നത്. ശ്രീ നാരായണ ഗുരുവും ചട്ടമ്പിസ്വാമിയും മഹാത്മാഅയ്യങ്കാളിയും അയ്യാവൈകുണ്ഠനും മറ്റു നവോത്ഥാന-സാമൂഹ്യനായകന്മാരുമൊക്കെ പറഞ്ഞുവച്ച ഒന്നിന്റെ പെരുമയിലേയ്ക്കാണ് മജീദിന്റെ വാക്കുകൾ വളരുന്നത്. ഇതരഭാഷകൾമാത്രം പഠിച്ചുവളരുന്ന ഒരാൾക്ക് കേരളത്തിന്റെ പൊതുമനസ്സാണ് നഷ്ടപ്പെടുന്നത്. ഇവിടത്തെ പച്ചിലകളിൽ നാടിന്റെ തനിമയുണ്ട്. നാട്ടുരുചികളിൽ ഇവിടത്തെ വിശുദ്ധിയുണ്ട്. കുടിനീരിന് ഈ മണ്ണിന്റെ രുചിയുണ്ട്. കുളിർകാറ്റിന് നാട്ടുപൂക്കളുടെ മണമുണ്ട്, മലയുടെ കുളിരുണ്ട്. ഈ നന്മയുടെ പാഠങ്ങൾ എന്നും ഇവിടെ നിലനിൽക്കണം. കുടുംബസങ്കൽപ്പങ്ങളിലും കൂട്ടുചേരലുകളിലും നാട്ടുകളികളിലുമെല്ലാം ഒരുമയുടെ പെരുമ സമ്മാനിക്കാൻ മലയാളഭാഷയ്ക്കും കേരളസംസ്ക്കാരത്തിനും കഴിഞ്ഞിട്ടുണ്ട്.

സ്വന്തംപേരുപോലും മലയാളത്തിലെഴുതാൻ കഴിയാത്ത കുട്ടികൾ ഇന്നും നമുക്കുചുറ്റുമുണ്ട്. ഭാഷയുടെയും സംസ്കാരത്തിന്റെയും അമൃതം അവർക്കു പകർന്നുകൊടു ക്കാനാണ് കവി വി. മധുസൂദനൻനായർ തിരുവനന്തപുരത്ത് മലയാളംപള്ളിക്കൂടം തുടങ്ങിയത്. സാക്ഷരതാമിഷൻ, മലയാളംമിഷൻ എന്നീ സ്ഥാപനങ്ങളെല്ലാം അക്ഷരവിശുദ്ധി പടർത്തിപ്പരക്കുകയാണിപ്പോൾ. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭാഷയുടെയും സംസ്കാരത്തിന്റെയും വ്യാപനത്തിനായി കേരളഭാഷാപാഠശാലയ്ക്കും രൂപംനൽകിയിട്ടുണ്ട്. എല്ലാകുട്ടികളും മലയാളം പഠിക്കുന്നതിനുള്ള നടപടികൾ കേരളസർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുമുണ്ട്. പക്ഷേ മാതൃഭാഷയിൽ പി.എസ്.സി പരീക്ഷയെഴുതി ഉദ്യോഗം നേടാൻ മലയാളികൾക്ക് കേരളത്തിൽ ഇപ്പോഴും കഴിയുന്നില്ല. ആ സ്ഥിതി മാറേണ്ടതാണ്. ഓരോരുത്തരിലും മാതൃഭാഷാഭിമാനമാണ് ഉണ്ടാകേണ്ടത്. മലയാളംപള്ളിക്കൂടത്തിൽവന്ന് എം.ടി വാസുദേവൻ നായർ കുട്ടികളുടെ മുമ്പിൽ കുറിച്ചിട്ട വരികൾ കേരള സർക്കാർ ഭാഷാപ്രതിജ്ഞയായി അംഗീകരിച്ചിട്ടുണ്ട്.

“മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന
കുളിർവെള്ള മാണ്
എന്റെ അമ്മയുടെ തലോടലും
ശാസനയു മാണ്.
ഏതുനാട്ടിലെത്തിയാലും ഞാൻ
സ്വപ്നംകാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻതന്നെയാണ്”

ഓരോ മലയാളിയും ഈ വരികൾ നിത്യവും ഉരുവിടേണ്ടതുണ്ട്. ഇതിന്റെ അർത്ഥതലങ്ങൾ തിരിച്ചറിയുന്നിടത്താണ് മലയാളി അക്ഷരാർത്ഥത്തിൽ ‘മലയാളി’യാകുന്നത്.

☐

*(ലേഖകൻ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ റിസർച്ച് ഓഫീസറാണ്)*

# "ഓപ്പറേഷൻ കനോലി കനാൽ"

**കെ.വി.ബാബുരാജ്**

എലത്തൂർ പുഴയെയും കല്ലായിപുഴയെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് 1872 ൽ മലബാർ കലക്ടറായിരുന്ന കനോലി സായിപ്പിന്റെ കാലയളവിൽ നിർമ്മിച്ചതാണ് കനോലി കനാൽ. മറ്റ് ഗതാഗത മാർഗ്ഗങ്ങൾ ഇല്ലാത്ത ഈ കാലയളവിൽ തോണികളും ബോട്ടും ഉപയോഗിച്ച് ചരക്ക ഗതാഗതത്തിന് വേണ്ടിയാണ് കനാൽ ഉപയോഗിച്ചിരുന്നത്. റോഡ്, റെയിൽ ഗതാഗത സൗകര്യങ്ങൾ വന്നതോടെ മറ്റ് പല ജലഗതാഗത പാതകളെപ്പോലെ കനോലി കനാലും അവഗണിക്കപ്പെട്ടു. കനാൽ ജലഗതാഗതത്തിന് ഉപയോഗിക്കാതായതോടെ കുറ്റിച്ചെടികളും കുളവാഴകളും നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെടുകയും ആളുകൾ മാലിന്യങ്ങൾ നിക്ഷേപിക്കാനും തുടങ്ങി. അതോടൊപ്പം പല സ്ഥാപനങ്ങളും മലിനജലം നേരിട്ട് കനാലിലേക്ക് തുറന്നുവിടുന്നതിന് പൈപ്പുകളും സ്ഥാപിച്ചിരുന്നു ഈയൊരു സാഹചര്യത്തിലാണ് കോഴിക്കോട് ജില്ലാകലക്ടർ മുൻകൈ എടുത്ത് നിറവ് വേങ്ങേരിയും കോർപ്പറേഷനും ചേർന്ന് പദ്ധതി ആവിഷ്കരിച്ച് ശുചീകരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിറവ് വേങ്ങേരിയുടെ 50 വോളയന്റിയേർസ് 15 ദിവസം കൊണ്ട ഏകദേശം 100 ടൺ പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങളാണ് കനാലിൽ നിന്നും നീക്കം ചെയ്തത്. ചരിത്രത്തിൽ ഇടം പിടിച്ച സമാനതകളില്ലാത്ത ജനകീയ ശുചീകരണത്തിന്റെ കൂട്ടായ്മ എന്നതു മാത്രമാണ് ഓപ്പറേഷൻ കനോലി കനാൽ പദ്ധതിയുടെ വിജയ രഹസ്യം. കോരപ്പുഴയിൽ തുടങ്ങി കല്ലായ്പുഴ വരെ 11.2 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന 'മാലിന്യ കനാലായിരുന്ന കനോലി കനാൽ'. കനോലിയെ ഒഴുക്കുള്ള ശുദ്ധജല പാതയായി തിരിച്ചു പിടിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ ഇന്നു ഫലം കണ്ടു തുടങ്ങിയിട്ടുണ്ട്.

കോർപ്പറേഷന്റെയും ജില്ലാഭരണകൂടത്തിന്റെയും നിറവ് വേങ്ങേരിയുടെയും ആഭിമുഖ്യത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 17 വാർഡുകളിലൂടെ കടന്നുപോകുന്ന ഈ കനാൽ 8 സെക്ടറുകളായി തിരിച്ച് ഓരോ വാർഡിലും മത്സരബുദ്ധിയോടെ റസിഡന്റ്സ് അസോസിയേഷനുകൾ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളാകുന്ന കാഴ്ചയാണ് കണ്ടത്. കനാലിന്റെ ഇരുവശങ്ങളിലെയും കുറ്റിച്ചെടികൾ വെട്ടിമാറ്റുന്ന പ്രവർത്തിയും കുളവാഴ നീക്കം ചെയ്യുന്ന പ്രവർത്തിയും മാലിന്യങ്ങൾ എടുത്തുമാറ്റുന്ന പ്രവർത്തിയും ജനങ്ങളുടെ സഹായസഹകരണത്താൽ നടത്തി. എടുത്തുമാറ്റുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ വാഹനങ്ങൾ കോർപ്പറേഷൻ നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനാവശ്യമായ ഫണ്ട് മുഴുവൻ സ്പോൺസറിങ്ങിലൂടെ കണ്ടെത്തി.

2018 ആഗസ്റ്റ് 28 നാണ് കനാലിന്റെ ശുചീകരണ പ്രവർത്തനത്തിന് തുടക്കം കുറിച്ചത്.

(ശേഷം പേജ് 42-ൽ)

# നമുക്ക് മഷിപ്പേനയിലേക്ക് മടങ്ങാം

**ഡോ. വട്ടവിള വിജയകുമാർ**

ചിഹ്നങ്ങളും പ്രതീകങ്ങളും ഉപയോഗിച്ച് ഭാഷയെ രേഖപ്പെടുത്തുന്നതാണല്ലോ എഴുത്ത്. ഈ സമ്പ്രദായം രൂപപ്പെട്ടത് സാധന സാമഗ്രികൾ കൈമാറ്റം ചെയ്യാൻവേണ്ടിയാണെന്ന് പറയുമ്പോൾ ഒരുപക്ഷെ വിചിത്രമായി തോന്നിയേക്കാം. ഓർമകൾക്കുപോലും പറന്നെത്താൻ കഴിയാത്തത്ര ദൂരമുണ്ട് ഈ വിചിത്ര സത്യത്തിന്. ബി സി നാലാം നൂറ്റാണ്ടിലാണ് ക്രയവിക്രയത്തിനായി ഇത്തരമൊരു രീതി നിലവിൽ വന്നതെന്ന് ചരിത്രം പറയുന്നു. അതിന്റെ നടത്തിപ്പും ഓർത്തുവയ്ക്കാൻ കഴിയാത്തവിധം സങ്കീർണമായപ്പോഴാണ് എഴുത്തിനെക്കുറിച്ച് മനുഷ്യൻ ആദ്യമായി ചിന്തിച്ചത്. ആ ചിന്ത തുടങ്ങിയതാകട്ടെ സുമേരിയയിൽ നിന്നാണത്രെ. മുദ്രകളുണ്ടാക്കി ആവശ്യാനുസരണം കളിമൺ കട്ടകളിൽ അമർത്തിയെടുത്ത് സൂക്ഷിക്കുന്ന രീതിയായിരുന്നു അവർ പരീക്ഷിച്ചത്. തുടർന്ന് കളിമൺ ഫലകങ്ങളിൽ മുളങ്കമ്പുകൊണ്ട് വരച്ച് കാര്യങ്ങളെ മനസ്സിലാക്കുന്ന രീതിയിലേക്ക് എഴുത്ത് മാറുകയുണ്ടായി. കാലമേറെക്കഴിഞ്ഞപ്പോൾ ഈജിപ്റ്റിൽ ഹീറോഗ്ലിഫിക്സ് എന്ന പേരുള്ള ലിപി ഉപയോഗിച്ച് രീതി വന്നു. പിന്നീട് വാക്കുകളിലെ ശബ്ദഭാഗങ്ങൾക്ക് പ്രത്യേകം ആലേഖനരീതികൾ ഉപയോഗിച്ചുകൊണ്ട് ലിപി കുറെ കൂടി പരിഷ്കരിക്കപ്പെട്ടു. ക്രമേണ അത് വ്യാപകമായി പ്രചരിക്കാനും തുടങ്ങിയതോടെ എഴുത്തുവിദ്യ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ലിപി സഹായകമായി.

തുടക്കത്തിൽ കല്ലുകൊണ്ടും മുളംകമ്പുകൊണ്ടും എല്ലുകൊണ്ടും കോറിയിട്ട അക്ഷരങ്ങൾക്ക് കാലാന്തരത്തിൽ തികവും മികവും മുഴപ്പും ഉണ്ടായത് തൂവലുൾപ്പെടെയുള്ള എഴുത്താണിയിൽ വന്ന രൂപമാറ്റങ്ങളാണ്. ഒടുവിൽ പേനകളുടെ വരവോടെ എഴുത്തിന്റെ ലോകം സമ്പന്നമാവുകയും ഭാഷ പുഷ്ടിപ്പെടുകയും ചെയ്തു.

വരികളിലും കുറികളിലും ഒതുങ്ങിയിരുന്ന ഭാഷ ആകാശം പോലെ പരന്നതിന് നിമിത്തം പേനകളിലുണ്ടായ വിസ്മയകരമായ വിപ്ലവം തന്നെയാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ഏകദേശം നൂറ്റമ്പതോളം പേറ്റന്റാണ് പുത്തൻ പേനകളുടെ കണ്ടുപിടിത്തവുമായുണ്ടായത്. എഴുത്തിനെ സൗഹൃദമാക്കിയ ആദ്യ ഫൗണ്ടൻ പേനയുടെ സൂത്രധാരൻ വാട്ടർമാനാണ്. ആധുനിക ലോകത്തെ എഴുത്തുപകരണമായി പരക്കെ അറിയപ്പെട്ടതും ഫൗണ്ടൻ പേനതന്നെ. പിന്നീട് 1888 മുതൽ 1916 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ രൂപങ്ങളിൽ പേനകളെത്തിയെങ്കിലും ജോൺ ജെ ലൗഡ് നിർമ്മിച്ച ബോൾ പോയിന്റ് പേനയാണ് അക്കൂട്ടത്തിൽ ഒന്നാമൻ. എഴുത്തിനെ നാമിന്നുകാണുന്ന രീതിയിൽ ജനകീയമാക്കിയതിൽ അവയ്ക്കുള്ള സ്ഥാനവും വിലമതിക്കാനാവാത്തതാണ്.

പിന്നീട് പേനകളിൽ ഒരുപാടു മാറ്റങ്ങളുണ്ടായെങ്കിലും അതൊക്കെ തന്നെ ബോൾ പോയിന്റ് പേനയുടെ പരിഷ്കൃത രൂപങ്ങളായിരുന്നു. പെരുവിരലടക്കം മൂന്നുവിരലുകളിൽ ഒതുക്കത്തോടെയിരുന്ന് വടിവൊത്ത അക്ഷരങ്ങൾ സമ്മാനിച്ച പ്രസ്തുത പേനയിൽ നിന്നും മോതിരം ഇടുന്നതുപോലെ ചൂണ്ടുവിരലിൽ ഇടാൻ പാകത്തിന് രൂപപ്പെടുത്തിയ റിങ് പേനയിലെത്തി നിൽക്കുന്നു നമ്മുടെ പേന സംസ്കാരം. ഒരു കൊച്ചു ചുഴിയിൽ കിടന്നുരുണ്ട് പിന്നിലുള്ള ചെറുകുഴലിലൂടെ ഊറിയെത്തുന്ന മഷിയെ നക്കിയെടുത്ത് അക്ഷരങ്ങൾക്ക് പിറവിയൊരുക്കുന്നതാണ് ബോൾ പോയിന്റ് പേനയുടെ പ്രവർത്തന തത്വം. ബോൾ പേനയുടെ വരവ് അക്ഷരലോകം സമ്പന്നമാക്കിയെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ ഓരോ എഴുത്തിനുശേഷവും നാം ഭൂമിയിലേക്ക് വലിച്ചെറിയുന്ന പേനകളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണെന്ന സത്യം കാണാൻ നമുക്ക് കഴിയാതെ പോയോ? ഒരു ആത്മ വിചിന്തനം നടത്തേണ്ട സമയമാണിത്.

ഇത്തിരിപ്പോന്ന പേനകൾ അത്രയ്ക്ക് പാരി

തുടക്കത്തിൽ കല്ലുകൊണ്ടും മുളംകമ്പുകൊണ്ടും എല്ലുകൊണ്ടും കോറിയിട്ട അക്ഷരങ്ങൾക്ക് കാലാന്തരത്തിൽ തികവും മികവും മുഴപ്പും ഉണ്ടായത് തൂവലുൾപ്പെടെയുള്ള എഴുത്താണിയിൽ വന്ന രൂപമാറ്റങ്ങളാണ്.

സ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുമോ എന്ന് ആരെങ്കിലും ചോദിച്ചാൽ ഉത്തരം ഞെട്ടിക്കുന്നതായിരിക്കുമെന്ന് നിസംശയം പറയാം. ഏറ്റവും വലിയ പേന നിർമാതാക്കളായ ബിക്കിന്റെ (BIC) കണക്കനുസരിച്ച് 2005 ൽ പതിനായിരം കോടി പേനകൾ നിർമ്മിച്ചിട്ടുണ്ടെന്നാണ്. ആ വർഷത്തിലെ സെപ്റ്റംബർ മാസത്തെ അടയാളപ്പെടുത്തുന്നത് പതിനായിരം കോടിയാമത്തെ (100 billionth) പേന നിർമ്മിച്ചതായിട്ടാണ്. പേനയുടെ എണ്ണം പെരുക്കിപ്പറഞ്ഞ് ആശങ്കയുണ്ടാക്കാനല്ല ഇത് പറഞ്ഞത്. നാം നിസാരമായി കാണുന്നത് ഇന്നല്ലെങ്കിൽ നാളെ അതുമല്ലെങ്കിൽ ഭാവിയിൽ ഉണ്ടാക്കാൻ സാധ്യതയുള്ള ദുരന്തങ്ങളിലേക്ക് ഒരു സൂചനയിട്ടു എന്നേയുള്ളൂ.

പതിനാല് സെന്റിമീറ്ററാണ് ഒരു ബോൾ പോയിന്റ് പേനയുടെ നീളം. അതിന്റെ കനം തൽക്കാലം കണക്കിലെടുക്കുന്നില്ല. ബിക്കെന്ന കമ്പനി 2005 വരെ നിർമിച്ച പേനകളുടെ എണ്ണത്തെ (പതിനായിരം കോടി) ഒരു പേനയുടെ നീളം കൊണ്ട് ഗുണിച്ചുനോക്കൂ. 8680555 മൈൽ നീളം വരും ഭൂമിയുടെ ചുറ്റളവാകട്ടെ വെറും 24900 മൈലും. അങ്ങനെയാണെങ്കിൽ മേല്പറഞ്ഞ അത്രയും പേനകളെ ഒന്നിനുപുറകിൽ ഒന്നായി ഏച്ചുകെട്ടിയാൽ കിട്ടുന്ന നീളംകൊണ്ട് 348 തവണ ഭൂമിയെ ചുറ്റാൻ കഴിയും. കേട്ടപ്പോൾ ഞെട്ടിയല്ലേ!. തീർന്നില്ല ബിക്കിനെപോലെ വേറെയും എത്രയെത്ര കമ്പനികളുണ്ട്. അവരും ഉല്പാദിപ്പിക്കുന്ന പേനകൾ എത്രയായിരിക്കും? ഉപയോഗശേഷം ഭൂമിയിലേക്ക് വലിച്ചെറിയുമ്പോൾ ഉണ്ടാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്തുമാത്രമായിരിക്കുമെന്ന് ഇനിയൊന്ന് ഊഹിച്ചുനോക്കൂ.

വിസ്തൃതികൊണ്ട് പാപ്പരാണെങ്കിലും ആൾപ്പെരുപ്പംകൊണ്ട് സമ്പന്നമാണല്ലോ നമ്മുടെ ഈ കൊച്ചു കേരളം. സാക്ഷരത കൊണ്ടും സംസ്കാരം കൊണ്ടും ഇന്ത്യയിൽ തന്നെ ഒന്നാംസ്ഥാനമുള്ള കേരളത്തിലെ ചെറിയൊരു കണക്ക് നമുക്ക് നോക്കാം. അഞ്ചാം ക്ലാസ്സുമുതൽ അങ്ങോട്ടുള്ള നമ്മുടെ കുട്ടികൾ ഉപയോഗശേഷം വലിച്ചെറിയുന്ന പേനകളുടെ എണ്ണം കേട്ടാൽ ഞെട്ടിപ്പോകും. ഒന്നരക്കോടി പേനകൾ! അതും ഒരുമാസത്തിൽ!. അതിശയിക്കേണ്ട. കൃത്യമായ കണക്കെടുത്താൽ ഇതിലും എത്രയോ വലുതായിരിക്കും.

പ്ലാസ്റ്റിക്കല്ലേ പുനരുപയാഗത്തിന് സാധ്യതയില്ലേ എന്നാരെങ്കിലും ചോദിച്ചാൽ ഇല്ലെന്നാണ് ഉത്തരം. കാരണം പേനയിലെ നിബ്ബും ഉണങ്ങിയ മഷിയും റീസൈക്ലിങ്ങിന് തടസ്സമാണ്. അപ്പോൾ നമ്മുടെ മുന്നിലുള്ള ഏക പോംവഴി വലിച്ചെറിയുക. അങ്ങനെയാണെങ്കിൽ ഇന്ന് പ്ലാസ്റ്റിക് സഞ്ചികൾ ഉണ്ടാക്കുന്നതിനേക്കാൾ ഭീകരമായിരിക്കും നമ്മൾ വലിച്ചെറിയുന്ന പേനകളുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ. പക്ഷെ അതിൽ നാം തെല്ലും ആശങ്കാകുലരല്ല എന്നതാണ് സത്യം. ശരിയാണ്. എങ്കിൽപ്പിന്നെ ഞങ്ങൾക്ക് എഴുതേണ്ടേ? കുട്ടികൾ അങ്ങനെ ചോദിച്ചാൽ ഉത്തരമുണ്ട്. നോക്കൂ നമ്മുടെ മനം കവർന്ന ബാൾ പോയിന്റ് പേനയ്ക്ക് പേറ്റന്റ് (ഉടമസ്ഥാവകാശം) കിട്ടിയിട്ട് ഒരു നൂറ്റാണ്ടായെങ്കിലും നാം ഇത്തരം പേനകൾ വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയിട്ട് മുപ്പതോ മുപ്പത്തഞ്ചോ കൊല്ലമേ വരികയുള്ളൂ. അതിനുമുമ്പും എഴുത്തും വായനയും ഉണ്ടായിരുന്നെന്ന് ഓർക്കണം. അതായത് മഷിപ്പേന ഉപയോഗിച്ച് എഴുതിയിരുന്ന കാലം.

സ്കൂളാരംഭത്തിൽ വാങ്ങുന്ന മഷിപ്പേന ആ വർഷം മുഴുവനോ അതോ അടുത്ത വർഷത്തേക്കു കൂടിയോ ഉപയോഗിച്ചിരുന്ന കാലം നമുക്കുണ്ടായിരുന്നു. പേനയുടെ ആയുസ് തീരുന്നതിനിടയ്ക്ക് ചിലപ്പോൾ ഒന്നോ രണ്ടോ തവണ നിബ് മാറ്റിയിടേണ്ടിവന്നേക്കാം. പിന്നെ ദിവസവും മഷി നിറയ്ക്കണം. അതൊരു ന്യൂനതയായി കാണാനും കഴിയില്ല. ഇന്ന് ആഴ്ചയിലൊരിക്കൽ ഒന്നെന്ന കണക്കിൽ വാങ്ങി തീർന്നശേഷം വലിച്ചെറിയുന്നിടത്താണ് വർഷം മുഴുവൻ ഒരു മഷിപേനകൊണ്ടെഴുതി നമുക്ക് മുമ്പുള്ളവർ ജീവിതവിജയം നേടിയത്. അന്നവർക്ക് വലിച്ചെറിയാൻ പേനയില്ലെന്നുള്ളത് സത്യം തന്നെ. എന്നാൽ ഇല്ലായ്മകളും വല്ലായ്മകളും പൊറുതിമുട്ടിച്ച വറുതിയുടെ ആ നാളുകളിൽ മനുഷ്യൻ തന്റെ ആരോഗ്യത്തിനൊപ്പം പ്രകൃതിയുടെ ആരോഗ്യത്തിനും വിലകല്പിച്ചിരുന്നു എന്നതാണ് പരമാർത്ഥം.

ഇന്ന് ധാരാളിത്തത്തിന്റെ കാലം. സൗകര്യങ്ങൾ കൂടിയപ്പോൾ എല്ലാവരും മടിയന്മാരായി. എന്തും ഏതും യഥേഷ്ടം വാങ്ങാം. ആവശ്യത്തിന് ശേഷം എല്ലാം വലിച്ചെറിയാം. ഒക്കെ താങ്ങാനൊരു കൊച്ചു ഭൂമിയും. ഇങ്ങനെ തുടർന്നാൽ ഭൂമിക്ക് എത്രനാളുവരെ പിടിച്ചുനിൽക്കാനാകും. ഒരു ദിവസത്തെ അധ്യയനം കഴിയുമ്പോൾ ഓരോക്ലാസിൽ നിന്നും ഉപയോഗശൂന്യമായ എട്ടുപത്തു പേനയെങ്കിലും നമുക്ക് കാണാനാകും. ശുചിയാക്കുന്നവർ മറ്റുചവറുകൾക്കൊപ്പം അതിനെയും പുറത്തേയ്ക്ക് വലിച്ചെറിയും. അതാണല്ലോ രീതി അനാരോഗ്യമായ ആ രീതി മാറ്റി ഉപയോഗശൂന്യമായ പേനകളെ ശേഖരിക്കാം. അതിന് കുട്ടികൾ തന്നെ മുന്നോട്ടു വരണം. ആ പഴയ സംസ്കാരം കൊണ്ടുവരാം. മഷിപേനയെന്ന ആ സംസ്കാരം. പ്രകൃതിക്കിണങ്ങിയ ആ സംസ്കാരം. അഞ്ചാംക്ലാസ്സ് മുതലാണല്ലോ അവർ പേനയുന്തിത്തുടങ്ങുന്നത്.

□

അഞ്ചാം ക്ലാസ്സുമുതൽ അങ്ങോട്ടുള്ള നമ്മുടെ കുട്ടികൾ ഉപയോഗശേഷം വലിച്ചെറിയുന്ന പേനകളുടെ എണ്ണം കേട്ടാൽ ഞെട്ടിപ്പോകും. ഒന്നരക്കോടി പേനകൾ!

*(ലേഖകൻ ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളേജിൽ ജന്തുശാസ്ത്രം വിഭാഗം തലവനാണ് - 9447342497 )*

## മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളിൽ പുതുമാറ്റം സൃഷ്ടിച്ച്

# സഞ്ജീവനി അഗ്രിതെറാപ്പി

**ചൈതന്യ ജി.**

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ജൈവകൃഷി പരിപാലനത്തിലൂടെ മാനസികവും ശാരീരികവുമായ വികാസം ലക്ഷ്യമിടുന്ന കുടുംബശ്രീയുടെ സഞ്ജീവനി അഗ്രിതെറാപ്പി എല്ലാ ജില്ലകളിലും മികച്ച രീതിയിൽ പുരോഗമിക്കുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾ വഴിയാണ് സഞ്ജീവനി അഗ്രിതെറാപ്പി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. എല്ലാ ജില്ലകളിലുമായി 202 ബഡ്സ് സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കായി സംസ്ഥാനത്താകെ 88 ബഡ്സ് സ്കൂളുകളും അതിന് മുകളിൽ പ്രായമുള്ളവർക്ക് 114 ബിആർസികളും (ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) ഉൾപ്പെടെയാണ് ഈ 202 സ്ഥാപനങ്ങൾ.

ബഡ്സ് സ്ഥാപന പരിസരത്ത് രണ്ടു സെന്റിലോ അതിലധികമോ വരുന്ന സ്ഥലത്താണ് സഞ്ജീവനി പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്യുന്നത്. കേരളത്തിലാകെയുള്ള ബഡ്സ് സ്ഥാപനങ്ങളിലായി 345 സെന്റ് സ്ഥലത്ത് തക്കാളിയും വെണ്ടയും പയറുമുൾപ്പെടെയുള്ള പച്ചക്കറികൾ കുട്ടികൾ കൃഷി ചെയ്തിരിക്കുന്നു. മാതാപിതാക്കളും ബഡ്സ് സ്ഥാപനങ്ങളിലെ ടീച്ചർമാരും ആയമാരും കൃഷി ചെയ്യുന്നതിൽ കുട്ടികൾക്ക് തുണയേകുന്നു. കൂടാതെ കുടുംബശ്രീ വഴി കേരളത്തിൽ നടപ്പാക്കുന്ന കേന്ദ്ര പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരൺ പരിയോജനയുടെ ഭാഗമായി സംഘകൃഷി ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് അംഗങ്ങളും സമീപത്തുള്ള ബഡ്സ് സ്കൂളിൽ സഞ്ജീവനി പദ്ധതിക്ക് വേണ്ടവിധ പിന്തുണയേകുന്നു.

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കുള്ളിൽ അന്തർലീനമായ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിന് അവർക്ക് മാനസിക സന്തോഷം പ്രദാനം ചെയ്യേണ്ടത് അനിവാര്യമാണ്. അതു കൂടാതെ ചെറിയ തോതിലാണെങ്കിലും ശാരീരികമായ അദ്ധ്വാനം കൂടിയാകുമ്പോൾ ഈ കുട്ടികളിൽ സമൂലമായ മാറ്റങ്ങൾ വരുത്താൻ അഗ്രിതെറാപ്പിക്ക് കഴിയുന്നു. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ കൂടുതൽ സജീവമാക്കുന്നതിനും അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്താനും ജീവിതത്തോടുള്ള സമീപനം തന്നെ മാറ്റാനും ഈ പ്രവർത്തനം സഹായിക്കുന്നു. ഇതു കൂടാതെ

കുട്ടികൾക്ക് ഒരു വരുമാനമാർഗ്ഗം തുറന്നു നൽകുക കൂടിയാണ് ഈ പദ്ധതി. കൊല്ലം ജില്ലയിലാണ് സഞ്ജീവനിയുടെ ഭാഗമായി ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷിയുള്ളത്. 68 സെന്റിൽ. തൃശ്ശൂരിൽ 64 സെന്റിലും മലപ്പുറത്ത് 50 സെന്റിലും കൃഷിയുണ്ട്.

ബഡ്സ് സ്ഥാപനങ്ങൾക്ക് ആവശ്യമായ സ്ഥലം കൃഷിക്കായി കണ്ടെത്താനാകുന്നില്ലെങ്കിൽ സംഘകൃഷി ചെയ്യുന്ന സ്ഥലത്ത് അതിനായി സ്ഥലം നൽകുന്നു. പദ്ധതി അനുസരിച്ച് ഗ്രോബാഗ് കൃഷിയും ചെയ്യാനാകും. ആലപ്പുഴ, ഇടുക്കി, കോഴിക്കോട് ജില്ലകളിൽ ഗ്രോബാഗ് കൃഷി ചെയ്യുന്നു. ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിന്റെ ഭാഗമായി ജില്ലകൾ നൂതന പദ്ധതികൾ നടപ്പാക്കണമെന്ന നിർദ്ദേശം അനുസരിച്ച് തിരുവനന്തപുരം, മലപ്പുറം ജില്ലകൾ ബഡ്സ് സ്ഥാപനങ്ങളിൽ കഴിഞ്ഞവർഷം അഗ്രിതെറാപ്പി പദ്ധതി നടപ്പാക്കിയിരുന്നു. ഇത് വിജയമായതോടെയാണ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ഈ വർഷം കുടുംബശ്രീ തീരുമാനം കൈക്കൊണ്ടത്. എറണാകുളം ജില്ലാ മിഷൻ ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് കൃഷി ചെയ്യുന്നതിനായി ഒന്നരയേക്കർ കൃഷി സ്ഥലം കണ്ടെത്തി നൽകി. അവിടെ കൃഷി ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ നിരന്തര പരിചരണവും സഹായവും ആവശ്യമുള്ള വരാണ്. ഈ കുട്ടികൾക്കൊപ്പം അവരുടെ കുടുംബാംഗങ്ങളും പ്രത്യേകിച്ച് അമ്മമാർ വളരെയേറെ വൈഷമ്യങ്ങളും പരിമിതികളും നേരിടുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങൾക്ക് തുടക്കമിടുന്നത്. 2004ൽ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിലാണ് ആദ്യ ബഡ്സ് സ്കൂൾ ആരംഭിക്കുന്നത്. പിന്നീട് ഈ പദ്ധതി ദേശീയ വികലാംഗജന നിയമത്തിന്റെ (പിഡബ്ല്യുഡി ആക്ട്) കീഴിൽ വന്നതോടെ സംസ്ഥാനത്തെ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുകയായിരുന്നു. ബഡ്സ് സ്ഥാപനങ്ങൾക്കായി സ്ഥലം കണ്ടെത്തുന്നതും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ്. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ഭരണസമിതിയാണ് ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

കുട്ടികളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്ന പ്രത്യേക പാഠ്യപദ്ധതി അനുസരിച്ചാണ് ബഡ്സ് സ്ഥാപനങ്ങളിൽ ക്ലാസ്സുകൾ നൽകുന്നത്. സാമൂഹിക വൈകാരിക വികസനം, വ്യക്തിത്വ വികസനം, പ്രാഥമിക ദിനചര്യ പരിശീലനം, കായിക സാംസ്കാരിക വികസന പരിശീലനം എന്നിങ്ങനെയുള്ള വിഷയങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയ സഹായങ്ങളും നൽകുന്നു. ബിആർസികളിൽ അടിസ്ഥാന വിദ്യാഭ്യാസത്തിന് പുറമേ കുട്ടികൾക്ക് ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനങ്ങളും നൽകുന്നു. ☐

| ജില്ല | കൃഷി ആരംഭിച്ച സ്കൂളുകൾ | കൃഷി സ്ഥലം (സെന്റിൽ) |
|---|---|---|
| തിരുവനന്തപുരം | 23 | 49 |
| കൊല്ലം | 9 | 68 |
| പത്തനംതിട്ട | 3 | 22 |
| ആലപ്പുഴ | 3 | ഗ്രോബാഗ് |
| കോട്ടയം | 1 | 0 |
| ഇടുക്കി | 2 | ഗ്രോബാഗ് |
| എറണാകുളം | 31 | 42 |
| തൃശ്ശൂർ | 8 | 64 |
| പാലക്കാട് | 9 | 0 |
| മലപ്പുറം | 22 | 50 |
| കോഴിക്കോട് | 19 | ഗ്രോബാഗും 5 സെന്റും |
| വയനാട് | 3 | 0 |
| കണ്ണൂർ | 2 | 12 |
| കാസർഗോഡ് | 9 | 33 |
| ആകെ | 144 | 345 |

## ...എന്ന് വായനക്കാർ

### ഗാന്ധിയൻ വികസന കാഴ്ചപ്പാടുകൾ

മാലിന്യ വിഷയത്തിൽ ഒരു പുതിയ പൗര സംസ്കാരം വളർന്നുവരേണ്ട സാഹചര്യം അതിക്രമിച്ചിരിക്കുന്ന ഈ കാലയളവിൽ ശുചിത്വ മേഖലയിലെ ഗാന്ധിയൻ വികസന കാഴ്ചപ്പാടുകളെ കുറിച്ചുള്ള മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ് ഒക്ടോബർ ലക്കം പഞ്ചായത്തിരാജ് മാസികയിൽ എഴുതിയ ലേഖനം പ്രസക്തമായി. മാസികയുടെ കവർ ചിത്രവും മനോഹരമായിരിക്കുന്നു. മാസികയുടെ അണിയറ ശില്പികൾക്ക് എല്ലാവിധ അഭിനന്ദനങ്ങളും. ഭൂതക്കണ്ണാടി ഉൾപ്പെടെ ഉള്ള സ്ഥിരം പംക്തികൾ ഒഴിവാക്കരുത് എന്ന് അപേക്ഷിക്കുന്നു.

**ആശ, കല്ലൂർ**

### പൊൻതൂവൽ

ഒക്ടോബർ ലക്കം പഞ്ചായത്തിരാജ് മാസികയിൽ പ്രസിദ്ധീകരിച്ച കോഴിക്കോട് ജില്ലാ പഞ്ചായത്ത് വൃക്കരോഗികൾക്ക് നടപ്പാക്കുന്ന സ്നേഹസ്പർശം പ്രോജക്ടിനെ കുറിച്ചുള്ള ഫീച്ചർ വായിച്ചു സാന്ത്വന പരിചരണ രംഗത്ത് കേരളത്തിലെ പഞ്ചായത്തുകളും നഗരസഭകളും നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒരു പൊൻതൂവലാണ് ഈ പദ്ധതി. വാർത്തകളെ പ്രാദേശികവൽക്കരിക്കുന്ന വർത്തമാനകാല മാധ്യമ സംസ്കാരത്തിൽ ഇത്തരം വികസന വാർത്തകൾ അതാതിടങ്ങളിൽ മാത്രമൊതുങ്ങുന്ന ദുഃഖകരമായ അവസ്ഥയുണ്ട്. ഈ അനുകരണീയ മാതൃക പ്രസിദ്ധീകരിച്ച പഞ്ചായത്ത് രാജ് മാസിക പ്രശംസ അർഹിക്കുന്നു ഓരോ പ്രദേശത്തിനും അനുയോജ്യമായ തരത്തിൽ ഇത്തരം നൂതനമായ പദ്ധതികളാണ് ജനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്. അത് വ്യാപകമാകുമെന്ന് പ്രത്യാശിക്കുന്നു.

**സതികുമാർ, പട്ടം**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2018@gmail.com എന്ന ഇ മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

---

(ഓപ്പറേഷൻ കനോലി കനാൽ പേജ് 37-ൽ നിന്നും)

പിന്നീട് അങ്ങോട്ട് എല്ലാ അവധി ദിവസങ്ങളിലും ഓരോ സെക്ടറിലും നൂറ് കണക്കിന് സന്നദ്ധപ്രവർത്തകർ നേരിട്ട് ശുചീകരണത്തിന് ഇറങ്ങി. ഈ പ്രവർത്തനങ്ങൾക്ക് സർവ്വവിധ പിന്തുണയുമേകി മന്ത്രിമാരായ ടി.പി. രാമകൃഷ്ണൻ, എ.കെ. ശശീന്ദ്രൻ, എം.കെ.രാഘവൻ എം.പി , എം.എൽ.എ മാരായ എ. പ്രദീപ്കുമാർ, എം.കെ.മുനീർ, എന്നിവരും ഉണ്ടായിരുന്നു. കനാലിൽ ഉണ്ടായിരുന്ന കാടും കുളവാഴകളും പിഴുതുമാറ്റി അഴുക്കൊഴിവാക്കി കനോലിയെ സുന്ദരിയാക്കിയെടുത്തു. കോർപ്പറേഷനിലെ ശുചീകരണം വിഭാഗം ജീവനക്കാർ, റഗുലർ ജീവനക്കാർ, ഫയർഫോഴ്സ് ജീവനക്കാർ, പോലീസ്, കെ.എസ്.ഇ.ബി, സർക്കാർ ഇതരസംഘടനകളായ ശാസ്ത്രസാഹിത്യ പരിഷത്ത്, റസിഡന്റ്സ് അസോസിയേഷനുകൾ, പത്രപ്രവർത്തകർ, നഗരത്തിലെ സ്വകാര്യ ആശുപത്രികൾ എന്നിവരുടെയൊക്കെ കൂട്ടുത്തരവാ ദിത്തത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ ചെറിയ കാലയളവിൽ കനാൽ ശുചീകരണം പൂർത്തിയാക്കാൻ കഴിഞ്ഞത്.

കോഴിക്കോട് ജില്ലാ കലക്ടർ യു.വി. ജോസ്, കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ ഡോ.ആർ.എസ്.ഗോപകുമാർ എന്നിവരുടെ അതീവ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ വിസ്മരിക്കുവാൻ കഴിയുകയില്ല. കനാലിൽ നിന്നും 500 ടൺ മാലിന്യങ്ങൾ നീക്കം ചെയ്തു. കനോലി കനാലിലേക്ക് നേരിട്ട് 178 മലിനജല കുഴലുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നാണ് മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ സർവ്വെയിൽ കണ്ടെത്തിയിരിക്കുന്നത്. ഇവ മുഴുവൻ നീക്കം ചെയ്യേണ്ടതാണെന്നും അല്ലാത്തപക്ഷം കോർപ്പറേഷൻ നേരിട്ട് മലിനജല കുഴലുകൾ അടയ്ക്കുന്നതാണെന്നും കാണിച്ച് പത്രവാർത്തയും നോട്ടീസ് നൽകിയിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടിക്കും ഹെൽത്ത് ഇൻസ്പെക്ടർമാർ തുടക്കം കുറിച്ചിട്ടുണ്ട്.

നാടിന്റെ നന്മ തിരിച്ചുപിടിക്കുവാനുള്ള അത്യന്തം ആവേശകരമായ പ്രവർത്തന ങ്ങൾ ഇതര ജില്ലകൾക്ക് ആവേശവും, പ്രചോദനവും ആയതിന്റെ നേർകാഴ്ചയാണ് കഴിഞ്ഞ ദിവസങ്ങളിൽ കണ്ടുകൊണ്ടിരിക്കുന്നത്. കനാലിന്റെ പരിശുദ്ധി നിലനിർത്താൻ കനാൽ സൗന്ദര്യവൽക്കരണമാണ് ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നത്. ശുചിത്വത്തിന്റെയും സൗന്ദര്യബോധത്തിന്റെയും ഒരുമയുടെയും സംസ്ക്കാരത്തിന്റെയും നേർചിത്രമായി മാറുകയാണ് കനോലി. ☐

*(ലേഖകൻ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ്)*

## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120

**PANCHAYAT RAJ (Monthly)** November 2018
Annual Subscription ₹120, Published on 20 November 2018
RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20

Printed & Published by H.Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H.Dineshan IAS